


# TRICHUR ARCHDIOCESAN BULLETIN

APRIL 2017

TRICHUR
ARCHDIOCESAN
# Bulletin

പുസ്തകം : 84
ഏപ്രിൽ 2017
ലക്കം : 4

## ഈ ലക്കത്തിൽ


- സർക്കുലർ 3
- കച്ചേരികാര്യം 13
- അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ -ഏപ്രിൽ 19
- സഹായമെത്രാന്റെ പരിപാടികൾ - ഏപ്രിൽ 21
- നാളാഗമം 23
- നാമകരണ നടപടികൾ 26
- സാമ്പത്തിക കാര്യാലയം 27
- വൈദികർ 29
- സന്യസ്തർ 31
- സ്ഥാപനങ്ങൾ 34
- സാന്ത്വനം 62
- സംഘടനകൾ 68


*Imprimatur*
(Sd)
**Mar Andrews Thazhath**
Archbishop of Trichur

***Chief Editor***
**Fr. Nysson Alanthanath**

**Archbishop's House**
**P.B. No. 706, Thrissur - 680005**

Ph : 0487 -2333325, 2338203, 2333542
Fax : 2338204
E-mail : curiatcr@yahoo.com
website : www. trichurarchdiocese.org

685/2017 C- 4
18.03.2017

## സർക്കുലർ

## (അതിരൂപത അസംബ്ലി – 3)
## അജപാലന സർവ്വേ

യേശുവിൽ ഏറ്റവും സ്നേഹമുള്ളവരേ,

'കുടുംബങ്ങൾ അനുഭവിക്കുന്ന സ്നേഹത്തിന്റെ സന്തോഷം സഭയുടെ സന്തോഷമാണ്' എന്നും കുടുംബത്തെക്കുറിച്ചുള്ള ക്രൈസ്തവ പ്രഘോഷണം യഥാർത്ഥ സുവിശേഷമാണെന്നും ഓർമ്മിപ്പിച്ചുകൊണ്ടാണ് പ. പിതാവ് ഫ്രാൻസിസ് മാർപാപ്പ കുടുംബത്തെക്കുറിച്ചുള്ള തന്റെ അപ്പസ്തോലിക പ്രബോധനം ആരംഭിക്കുന്നത്. കുടുംബം നേരിടുന്ന വെല്ലുവിളികളെയും പ്രതിസന്ധികളെയും പറ്റി നമ്മെ ഓർമ്മിപ്പിച്ച പ. പിതാവ്, ഈ വെല്ലുവിളികളെ നേരിടാൻ 'പുതിയ അജപാലന രീതികളും പദ്ധതികളും കണ്ടെത്തുക ആവശ്യമാണ് വ്യക്തമാക്കുകയുണ്ടായി (നമ്പർ. 199). സഭാംഗങ്ങളുടെ (പുരോഹിതർ- അൽമായർ- സന്യസ്തർ) 'പ്രേഷിതത്വപരമായ മാനസാന്തരം വഴിയും (നമ്പർ. 201)' കുടുംബ ശുശ്രൂഷ മേഖലയെ കുറിച്ചുള്ള ആഴമായ പഠനത്തിന്റെ ഫലമായുമാണ് ഈ അജപാലന പദ്ധതികൾ ഉരുത്തിരിയേണ്ടത്.

നമ്മുടെ അതിരൂപതയുടെ മൂന്നാം അസംബ്ലിയുടെ വിഷയങ്ങൾ നിർണ്ണയിക്കാനായി നിരവധി ചർച്ചകളും പഠന സമ്മേളനങ്ങളും അതിരൂപതയിലെ എല്ലാ ഇടവകകളിലും കുടുംബ കൂട്ടായ്മകളിലും സംഘടനകളിലും പ്രസ്ഥാനങ്ങളിലും സമർപ്പിതസമൂഹങ്ങളിലും നടത്തുകയുണ്ടായി. ഈ വേദികളിൽ നിന്നും വന്ന റിപ്പോർട്ടുകൾ അസംബ്ലിയുടെ സെക്രട്ടറിയേറ്റ് ക്രോഡീകരിച്ചു. അതിരൂപതയിലെ ദൈവജനത്തിന്റെ ഭൂരിഭാഗം പേരും നിർദ്ദേശിച്ചത് 'കുടുംബവും വിശ്വാസ സാക്ഷ്യവും'എന്ന വിഷയമാണ്. പ്രസ്തുത നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ മൂന്നാം അതിരൂപതാ അസംബ്ലി 'കുടുംബവും വിശ്വാസ സാക്ഷ്യവും' എന്ന വിഷയത്തെ കുറിച്ച് ചർച്ച ചെയ്യുമെന്ന് നിങ്ങളെ സന്തോഷപൂർവ്വം അറിയിക്കുന്നു. അതിനൊരുക്കമായി കുടുംബം നേരിടുന്ന വെല്ലുവിളികളെക്കുറിച്ചും വിശ്വാസ ജീവിതത്തെക്കുറിച്ചും അതിരൂപതയുടെ പശ്ചാത്തലത്തിൽ നിന്നു കൊണ്ട് ആഴത്തിൽ പഠിക്കേണ്ടിയിരിക്കുന്നു. മുമ്പ് സൂചിപ്പിച്ചതു പോലെ ഈ പഠനത്തിൽ നിന്നും സ്വയാവബോധത്തിൽ നിന്നുമാണ് പുതിയ അജപാലന ശൈലികളും

പദ്ധതികളും ഉരുത്തിരിയേണ്ടത്. ഈ ലക്ഷ്യത്തോടെ നമ്മുടെ അതിരൂപതയിലെ എല്ലാ കുടുംബങ്ങളെയും ഉൾപ്പെടുത്തികൊണ്ടുള്ള ഒരു അജപാലന സർവ്വേ, മാർച്ച്-ഏപ്രിൽ മാസങ്ങളിൽ നടത്തുന്നതാണ്. ഈ സർവ്വേയിൽ പങ്കെടുത്തുകൊണ്ട് കുടുംബത്തെക്കുറിച്ചും വിശ്വാസ ജീവിതത്തെക്കുറിച്ചും നോമ്പുകാലത്തിന്റെ ചൈതന്യത്തിൽ വിലയിരുത്തുവാനും ധ്യാനിക്കുവാനും നിർദ്ദേശങ്ങൾ മുന്നോട്ടുവെക്കാനും നിങ്ങളേവരേയും ക്ഷണിക്കുന്നു.

2017 മാർച്ച് 26 ഞാറാഴ്ച്ച ബഹു. വികാരിയച്ചൻ സർവ്വേയെകുറിച്ച് ദൈവാലയത്തിൽ വിശദീകരിക്കുകയും തുടർന്ന് കുടുംബകൂട്ടായ്മ ഭാരവാഹികളുടെ സഹായത്തോടെ സർവ്വേഫോമുകൾ വീടുകളിൽ എത്തിക്കുകയും ഏപ്രിൽ 2 ന് മുമ്പ് തിരിച്ചു വാങ്ങി ഇടവകതത്തിൽ റിപ്പോർട്ടുകൾ ക്രോഡീകരിച്ച് ഏപ്രിൽ 25 ന് മുമ്പ് അതിരൂപതാ അസംബ്ലിയുടെ സെക്രട്ടേറിയേറ്റിൽ എത്തിക്കേണ്ടതുമാണ്. അസംബ്ലിയുടെ പ്രവർത്തനങ്ങൾക്കായുള്ള ഇടവകയുടെ കോർഡിനേഷൻ ടീം ഈ ദൗത്യത്തിൽ ബഹു. വികാരിയച്ചനെ സഹായിക്കുകയും വേണം.

ഈ സർവ്വേയിൽ നമ്മുടെ അതിരൂപതയിലെ എല്ലാ കുടുംബങ്ങളും പങ്കെടുക്കണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. കുടുംബം ഒന്നിച്ച് പ്രർത്ഥിച്ച് ചർച്ചചെയ്ത് കുടുംബനാഥന്റെ/ നാഥയുടെ നേതൃത്വത്തിലാണ് സർവ്വേ ഫോം പൂരിപ്പിക്കേണ്ടത്. ചർച്ചകളുടെ വെളിച്ചത്തിൽ ഓരോരുത്തരും അവരവരുടെ കുടുംബങ്ങളെ നവീകരിക്കാനുള്ള മാർഗ്ഗങ്ങളെക്കുറിച്ചും, വരുത്തേണ്ട തിരുത്തലുകളെക്കുറിച്ചും ചിന്തിക്കാൻ മറക്കരുതേ. അതിരൂപതയുടെയും അതിലെ എല്ലാ കുടുംബങ്ങളുടെയും വളർച്ചക്കും നവീകരണത്തിനും വേണ്ടിയുള്ള പരിശ്രമത്തിൽ പങ്കാളികളാകാൻ ഏവരെയും ക്ഷണിക്കുകയും ഇശോയുടെ അനന്ത കരുണക്കും അതിരൂപതാ മദ്ധ്യസ്ഥയായ പ. കന്യകമറിയത്തിന്റെ മദ്ധ്യസ്ഥത്തിനും നിങ്ങളെയും നിങ്ങളുടെ കുടുംബങ്ങളെയും സമർപ്പിക്കുന്നു.

യേശുവിൽ സ്നേഹപൂർവ്വം,

+ Andrews Thazhath

മാർ ആൻഡ്രൂസ് താഴത്ത്

തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

---

NB: ഈ സർക്കുലർ 2017 മാർച്ച് 26ന് എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബാന മധ്യേ വായിക്കേണ്ടതാണ്. +AT

620/2017
07.03.2017 C- 3

## സർക്കുലർ

# പെസഹാവ്യാഴപിരിവ്

ഈശോ മിശിഹായിൽ ബഹു. വൈദികരേ, സന്യസ്തരേ, പ്രിയ സഹോദരീ സഹോദരന്മാരേ,

നമ്മുടെ അതിരൂപതയുടെ വൈദികപരിശീലനത്തോട് നിങ്ങൾ കാണിക്കുന്ന സ്നേഹത്തിനും പ്രോത്സാഹനത്തിനും പ്രാർത്ഥനയ്ക്കും സാമ്പത്തികസഹായത്തിനും ഹൃദയപൂർവ്വം നന്ദിപറയുന്നു. ഈ വർഷം നമ്മുടെ അതിരൂപതയിൽനിന്ന് 27 ഡീക്കന്മാരാണ് അതിരൂപതയ്ക്കും വിവിധ സന്ന്യാസസഭ കൾക്കുംവേണ്ടി അഭിഷിക്തരായത്. അതിൽ 10 ഡീക്കന്മാർ തൃശ്ശൂർ അതിരൂപതയ്ക്ക് വേണ്ടിയാണ് തിരുപ്പട്ടം സ്വീകരിച്ചിരിക്കുന്നത്. നമ്മുടെ അതിരൂപതയ്ക്കുവേണ്ടി വിവിധ സെമിനാരികളിലായി 210 വൈദികവിദ്യാർത്ഥികൾ പരിശീലനം നേടുന്നുണ്ട്. തൃശ്ശൂർ സെന്റ് മേരീസ് മൈനർ സെമിനാരിയിൽ 73പേരും തിരുവില്ല്വാമലയിൽ നാലാം വർഷത്തിലുള്ളവർ 12 പേരും ഡിഗ്രി പഠിക്കുന്നവർ 59 പേരും റീജൻസി പരിശീലനത്തിലുള്ളവർ 10 പേരും തത്വശാസ്തം പഠിക്കുന്നവർ 19 പേരും ദൈവശാസ്ത്രം പഠിക്കുന്നവർ 37 പേരുംകൂടി ആകെ 210 വൈദികവിദ്യാർത്ഥികളുണ്ട്. ധാരാളം വൈദീക ദൈവവിളികളെ നൽകി നമ്മുടെ അതിരൂപതയെ അനുഗ്രഹിക്കുന്ന ദൈവത്തിന് നന്ദി പറയാം.

കാലഘട്ടത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് ജനപങ്കാളിത്തത്തോടുകൂടി വൈദികവിദ്യാർത്ഥികൾക്ക് പരീശീലനം നൽകുക

എന്ന വലിയ ലക്ഷ്യം മുന്നിൽ കണ്ട് 1998 ൽ തൃശ്ശൂർ അതിരൂപത മുളയത്ത് മേരിമാത മേജർ സെമിനരി ആരംഭിച്ചു. കഴിഞ്ഞ 12ബാച്ചുകളിലായി മേരിമാത സെമിനാരിയിൽ പരിശീലനം പൂർത്തിയാക്കിയ 248 വൈദിക വിദ്യാർത്ഥികൾ പുരോഹിതരായി അഭിഷിക്തരായി ഇന്ന് സഭയിൽ വിവധ സ്ഥലങ്ങളിൽ ശുശ്രൂഷ ചെയ്യുന്നുണ്ട്. വിദേശസഹായം ഏകദേശം പൂർണ്ണമായും ഇല്ലാതായ സാഹചര്യത്തിൽ വൈദിക പരിശീലനത്തിന് ആവശ്യമായി വരുന്ന പണം അതത് സ്ഥലങ്ങളിൽ കണ്ടെത്തുക എന്ന സ്ഥിതി വിശേഷമാണ് എല്ലാ സെമിനരികളിലും നിലനിൽക്കുന്നത്. യേശു ശുശ്രൂഷാപൗരോഹിത്യം സ്ഥാപിച്ചതിനെ അനുസ്മരിക്കുന്ന പെസഹാവ്യാഴാഴ്ചയിലെ ദൈവജനത്തിന്റെ സമർപ്പണമാണ് കഴിഞ്ഞ ഏതാനും വർഷങ്ങളായി, മേരിമാത മേജർ സെമിനാരിയിൽ പരിശീലനം നേടുന്ന വൈദികവിദ്യാർത്ഥികൾക്കും നമ്മുടെ അതിരൂപതയ്ക്കുവേണ്ടി മറ്റു സെമിനാരികളിൽ പരിശീലനം നേടുന്ന വൈദിക വിദ്യാർത്ഥികൾക്കും പഠനചെലവിനായി ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. മുൻവർഷങ്ങളിൽ നിങ്ങൾ നൽകിയ വലിയ സഹകരണത്തിന് നന്ദി പറയുന്നതിനോടൊപ്പം ഈ വർഷവും ഈ സംരഭത്തിൽ ഉദാരമനസോടെ സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

അതിരൂപതയിലെ എല്ലാ കുടംബങ്ങളിലേക്കും ഇതിനാവശ്യമായ കവറുകൾ മേരിമാത സെമിനാരിയിൽ നിന്ന് എത്തിക്കുന്നതാണ്. ഈ കവറുകളിൽ നിങ്ങളുടെ സംഭാവനകൾ നിക്ഷേപിച്ച് ഈ വരുന്ന പെസഹാവ്യാഴാഴ്ച ഇടവകയിൽ സമർപ്പിക്കണമെന്ന് ഞാൻ സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ഈ ഉദ്യമത്തിന് ഇടവകളിൽ നേതൃത്വം കൊടുക്കണമെന്നും ഇപ്രകാരം സമാഹരിക്കുന്ന തുക അതിരൂപതാ സാമ്പത്തിക കാര്യാലയത്തിൽ ഏപ്രിൽ 20നു മുൻപായി ഏൽപ്പിക്കണ

മെന്നും ഓർമ്മിപ്പിക്കുന്നു. ഈശോയുടെ പീഢാനുഭവരഹസ്യങ്ങളുടെ ഏറ്റവും അടുത്ത ദിവസങ്ങളിലേക്ക് പ്രവേശിക്കുന്ന നിങ്ങൾക്ക് ദൈവാനുഗ്രഹങ്ങളും ആഗതമാകുന്ന ഉയിർപ്പുതിരുനാളിന്റെ മംഗളങ്ങളും ആശംസിക്കുന്നു.

പ്രാർത്ഥനയുടേയും പങ്കുവെയ്ക്കലിന്റെയും ഈ അവസരത്തിൽ വൈദികപരിശീലനത്തിനായി നിങ്ങൾ ചെയ്യുന്ന ഈ സമർപ്പണത്തെ നല്ലിടയനായ മിശിഹാ സമൃദ്ധമായി അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

യേശുവിൽ സ്നേഹപൂർവ്വം,

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

---

NB: ഈ സർക്കുലർ 2017 ഏപ്രിൽ 2ന് എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബാന മധ്യേ വായിക്കേണ്ടതാണ്. +AT

Prot. No. 0310/2017

# മേജർ ആർച്ച് ബിഷപ്പിന്റെ സർക്കുലർ

**2017 ജനുവരി 9 മുതൽ 14 വരെ കാക്കനാട് മൗണ്ട് സെന്റ് തോമസ് സഭാകേന്ദ്രത്തിൽ സമ്മേളിച്ച സീറോ മലബാർ സഭാ മെത്രാന്മാരുടെ 25-ാമത് സിനഡിന്റെ പ്രഥമ സമ്മേളനത്തിനുശേഷം എല്ലാ സീറോ മലബാർ വിശ്വാസികൾക്കും വേണ്ടി മേജർ ആർച്ച്ബിഷപ്പ് കർദിനാൾ ജോർജ് ആലഞ്ചേരി പുറപ്പെടുവിക്കുന്ന സർക്കുലർ.**

ഈശോയിൽ ഏറ്റവും സ്നേഹമുള്ള സഹോദരീ സഹോദരന്മാരേ,

സീറോ മലബാർ സഭ മേജർ ആർക്കി എപ്പിസ്കോപ്പൽ സ്ഥാന ത്തേയ്ക്ക് ഉയർത്തപ്പെട്ടതിന്റെ രജതജൂബിലി ആഘോഷിക്കുന്ന ഈ വർഷത്തിലെ സിനഡ് (XXV സിനഡ്, സെഷൻ 1 ) ജനുവരി 9-14 വരെയുള്ള ദിവസങ്ങളിൽ കൂടുകയുണ്ടായി. നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ തിരുശേഷിപ്പ് സഭാ ആസ്ഥാനമായ സെന്റ് തോമസ് മൗണ്ടിലെ ചാപ്പലിൽ പ്രതിഷ്ഠിച്ചുകൊണ്ടായിരുന്നു സിനഡിന്റെ ആരംഭം.

കാഞ്ഞിരപ്പള്ളി രൂപതയുടെ മുൻ അധ്യക്ഷൻ മാർ മാത്യു വട്ട ക്കുഴി പിതാവിന്റെ നിര്യാണത്തിൽ സിനഡ് അനുശോചനം രേഖപ്പെ ടുത്തുകയും പ്രാർത്ഥനാഞ്ജലികൾ അർപ്പിക്കുകയും ചെയ്തു. സിനഡിലെ പൂർണ അംഗങ്ങൾ എന്ന നിലയിൽ ആദ്യമായി സംബ ന്ധിക്കുന്ന ഗ്രേറ്റ് ബ്രിട്ടൺ രൂപതാധ്യക്ഷൻ മാർ ജോസഫ് സ്രാമ്പിക്ക ലിനെയും യൂറോപ്പിലെ അപ്പസ്തോലിക വിസിറ്റേറ്റർ മാർ സ്റ്റീഫൻ ചിറ പ്പണത്തിനെയും സിനഡിലേയ്ക്ക് ഔപചാരികമായി മേജർ ആർച്ചു ബിഷപ്പ് സ്വാഗതം ചെയ്തു.

ക്രിസ്തുമസ്സ് കഴിഞ്ഞുള്ള ദിവസങ്ങളിലെ തിരുപ്പട്ടത്തി ന്റെയും പുത്തൻകുർബാനയുടെയും പശ്ചാത്തലത്തിലാണ് സിനഡ്

സമ്മേളനം നടന്നത്. സീറോ മലബാർ സഭയിൽ ആകെ 308 ഡീക്കന്മാരാണ് ഈ വർഷത്തിൽ അഭിഷിക്തരായത്, 165 സന്യാസവൈദികരും 143 രൂപതാവൈദികരും. സഭയ്ക്ക് ലഭിച്ച ഈ വലിയ ദാനത്തിന് നിത്യപുരോഹിതനായ ഈശോയ്ക്ക് നമുക്ക് നന്ദി പറയാം.

കേരളത്തിന് പുറത്തുള്ള പ്രവാസിമക്കളുടെ അജപാലനകാര്യങ്ങൾ സിനഡ് എന്നും അതീവതാല്പര്യത്തോടെയാണ് കാണുന്നത്. ഇന്ത്യയിൽ ചെന്നൈയിലെയും രൂപതകളില്ലാത്ത മറ്റു സ്ഥലങ്ങളിലെയും അജപാലന ശുശ്രൂഷാസംവിധാനങ്ങളെപ്പറ്റി സിനഡ് ഗൗരവമായി ചർച്ച ചെയ്തു. ഗൾഫിലെയും ഇന്ത്യയിൽ കേരളത്തിന് പുറത്തുള്ള സ്ഥലങ്ങളിലെയും അജപാലനരംഗത്തെ വെല്ലുവിളികളെപ്പറ്റി സിനഡ് ആശങ്ക രേഖപ്പെടുത്തി. ഗൾഫ് രാജ്യങ്ങളിൽ നമ്മുടെ വിശ്വാസികളുടെ ആത്മീയകാര്യങ്ങൾക്കുവേണ്ടി നാളിതുവരെ ചെയ്ത കാര്യങ്ങൾ അവലോകനം ചെയ്യപ്പെട്ടു. ഇക്കാര്യങ്ങൾക്കായി സംഘടിതവും ഫലപ്രദവുമായ കർമപദ്ധതികൾ ആവിഷ്കരിക്കുവാൻ തീരുമാനിച്ചു.

സാർവത്രിക സഭയിൽ അടുത്തുവരുന്ന മെത്രാന്മാരുടെ സിനഡ് യുവജനങ്ങളെ സംബന്ധിച്ചാണല്ലോ. സഭയുടെ ശക്തി യുവജനങ്ങളാണ്. രൂപതകളിലെ യുവജന അപ്പസ്റ്റൊലേറ്റ് കൂടുതൽ ഫലപ്രദവും സംലഭ്യവുമാക്കുവാൻ വേണ്ട പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്. നമ്മുടെ സഭയിലെ വൈദികപരിശീലനം, അല്മായശാക്തീകരണം, സാമൂഹികസേവനം തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്യപ്പെട്ടു. വൈദികപരിശീലനം കാലോചിതവും ഫലപ്രദവുമാക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി സിനഡിൽ ചർച്ചയുണ്ടായി. നമ്മുടെ സെമിനാരികളിലെ അധ്യാപനരീതികൾ കൂടുതൽ ശാസ്ത്രീയമാക്കേണ്ടതിന്റെ ആവശ്യകത കണക്കിലെടുത്തു പ്രൊഫസർമാരുടെ അധ്യാപനരീതിയെ വിലയിരുത്തുന്ന ഒരു സംവിധാനം സിനഡൽ സെമിനാരികൾക്കുവേണ്ടി രൂപീകരിക്കാൻ ഇതുമായി ബന്ധപ്പെട്ട കമ്മീഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

മറ്റു ക്രിസ്തീയവിഭാഗങ്ങളുമായി ബന്ധം പരിപോഷിപ്പിക്കുവാൻ സഹായകവുമാകുന്ന ഒരു എക്യുമെനിക്കൽ ഡയറക്ടറിക്കു സിനഡ് രൂപം കൊടുക്കുകയുണ്ടായി. അല്മായ പ്രേഷിതത്വത്തിന്റെ പ്രാധാന്യം കണക്കിലെടുത്തു അനുയോജ്യമായ പരിശീലനം നൽകി സീറോ മലബാർ സഭയിൽ ഒരു അല്മായ മുന്നേറ്റത്തിന് വഴിയൊരു

ക്കേണ്ടതാണെന്ന് സിനഡ് പിതാക്കന്മാർ അഭിപ്രായപ്പെട്ടു. നേരിട്ടുള്ള മിഷൻ പ്രവർത്തനം (*Mission ad Gentes)* കണക്കിലെടുത്തു പ്രേഷിതാഭിമുഖ്യമുള്ള അല്മായർ സുവിശേഷപ്രഘോഷകരാകേണ്ടതിന്റെ ആവശ്യകത പലരും ചൂണ്ടിക്കാണിക്കുകയുണ്ടായി. അല്മായശാക്തീകരണത്തിന്റെ (lay empowerment) രംഗത്ത് ഇനിയും നമ്മുടെ സഭ വളരെ മുന്നോട്ടുപോകേണ്ടതുണ്ട്. ഇത്തരുണത്തിൽ അല്മായപ്രേഷിത സംരംഭങ്ങളുടെ പ്രവർത്തനങ്ങൾ ശ്രദ്ധേയമാണ്. ചെറുപുഷ്പ മിഷൻ ലീഗിന്റെ സംഘടനാപരമായ സ്വഭാവം എപ്രകാരം വികസിപ്പിക്കണമെന്നതിനെക്കുറിച്ച്  സിനഡ് ചർച്ച നടത്തി.

ഈയിടെ ശ്രീലങ്കയിൽ വച്ച് നടന്ന ഏഷ്യയിലെ മെത്രാൻസമിതി (FABC) യോഗത്തിൽ സംബന്ധിച്ച സീറോ മലബാർ സഭയിലെ പിതാക്കന്മാർ അതിന്റെ റിപ്പോർട്ട് അവതരിപ്പിച്ചു. പതിവുള്ളതുപോലെ മുൻ സിനഡിലെ ചർച്ചകളെ പുനരവലോകനം ചെയ്യുകയും തീരുമാനങ്ങളെ വിലയിരുത്തുകയും ചെയ്തു. ഇക്കാര്യത്തിൽ  പ്രകൃതി സംരക്ഷണവും, സിവിക് കൾച്ചറും സംബന്ധിച്ച ഒരു കൈപ്പുസ്തകം (handbook)  മാർ തോമസ് ചക്യത്തിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയിട്ടുണ്ട്. "ഞാനും എന്റെ ഭൂമിയും ഞാനും എന്റെ സമൂഹവും " എന്ന പേരിലുള്ള ഈ പുസ്തകം ഹരിത വികസന പദ്ധതികളെപ്പറ്റിയും സഭയ്ക്ക് അതിലുള്ള പങ്കാളിത്തത്തെപ്പറ്റിയും പരാമർശിക്കുന്നു. Solar Energy, Water Pollution, Waste Management  ശുചിത്വ പരിശീലനം തുടങ്ങിയ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന  ഈ പുസ്തകം എല്ലാവർക്കും വിശിഷ്യ, നമ്മുടെ കുട്ടികൾക്കും യുവജനങ്ങൾക്കും, ഉപകാരപ്രദമാണ്. രൂപതാതലത്തിൽ ഇടവകകളിലും സംഘടനകളിലും ഈ പുസ്തകത്തിന്റെ പ്രചാരണത്തിനായി ശ്രമിക്കുമല്ലോ.

സാർവ്വത്രിക സഭയിലെ മെത്രാൻ സിനഡിന്റെ കുടുംബജീവിതത്തെപ്പറ്റിയുള്ള പ്രബോധനരേഖ (*Amoris laetitia*) പ്രചരിപ്പിക്കുവാനും പ്രാവർത്തികമാക്കുവാനും നമ്മുടെ രൂപതകൾ നടത്തിയ പരിശ്രമങ്ങളും ,സംരംഭങ്ങളും ശ്ളാഘനീയമാണ്. അതിന്റെ ഓരോ രൂപതകളിലെയും റിപ്പോർട്ടുകൾ സഭാതലത്തിൽ ക്രോഡീകരിച്ച് റോമിലേക്ക് അയച്ചിട്ടുണ്ട്. കുടുംബ ജീവിതം സഭാജീവിതത്തിലെ അതിപ്രധാനമായ ഒന്നാകയാൽ ക്രിസ്തീയ സാക്ഷ്യത്തിനു ഈ പ്രബോധന

രേഖ വിഭാവനം ചെയ്യുന്ന കാര്യങ്ങൾ ഇടവകതലത്തിൽ നടപ്പിലാക്കാൻ പരിശ്രമിക്കേണ്ടതാണെന്ന് ഈ അവസരത്തിൽ ഉദ്ബോധിപ്പിക്കുന്നു.

ഈ സിനഡിൽ പരിഗണനയ്ക്കു വിഷയമാക്കിയ മറ്റൊന്നാണ് യോഗയുടെ പരിശീലനം. ഭാരതീയ സംസ്കാരത്തിൽ യോഗയുടെ സ്ഥാനം അംഗീകരിച്ചുകൊണ്ടുതന്നെ അത് വെറും ഒരു ശാരീരിക മുറയായിട്ടോ (Physical exercise) ഏകാഗ്രതയ്ക്കോ, ധ്യാനത്തിനോ വേണ്ടിയുള്ള ശാരീരികാവസ്ഥയായിട്ടോ മാത്രമേ കണക്കാക്കാൻ പാടുള്ളൂ. ദൈവാനുഭവവും, ഈശ്വരാഭിമുഖ്യവും യോഗയിലൂടെ സാധിക്കും എന്ന് ചിന്തിക്കുന്നത് ശരിയല്ല. നാം വിശ്വസിക്കുന്ന ദൈവം വ്യക്തിപരമായ ദൈവമാണ് (Personal God). ഒരു പ്രത്യേക ശാരീരികാവസ്ഥയിൽ പ്രാപിക്കാവുന്ന (trascendental) ഒന്നല്ല ദൈവം. യോഗ വിഷയത്തിൽ സഭേതര നിലപാടുകൾ സ്വീകരിക്കുന്ന വ്യക്തികളെയും പ്രസ്ഥാനങ്ങളെയും പ്രോത്സാഹിപ്പിക്കാൻ പാടില്ല. ഇത്തരുണത്തിൽ കത്തോലിക്കാ വിശ്വാസത്തിനു എതിരായിട്ടുള്ളതും സഭയുടെ ഔദ്യോഗിക പ്രബോധനങ്ങൾ അംഗീകരിക്കാത്തതുമായ പ്രാർത്ഥനാഗ്രൂപ്പുകളിലും ആത്മീയ പ്രസ്ഥാനങ്ങളിലും ചെന്നുപെടാതിരിക്കാൻ ഏവരും ശ്രദ്ധിക്കേണ്ടതാണ്. ആരാധനക്രമപരമായ കാര്യങ്ങളും സിനഡ് ചിന്തയ്ക്കു വിഷയമാക്കിയിരുന്നു. വിവാഹസമ്മതത്തിന്റെ (മനസമ്മതം) പുതിയക്രമത്തിന് സിനഡിൽ അംഗീകാരമായി. പെസഹാ വ്യാഴാഴ്ചത്തെ കാൽകഴുകൽ ശുശ്രൂഷ വിശദമായ ചർച്ചകൾക്ക് വിധേയമാക്കിയെങ്കിലും ഇതു സംബന്ധിച്ച് ഇപ്പോഴത്തെ രീതി തുടരണമെന്നും അതേസമയം ലിറ്റർജിക്കൽ കമ്മീഷൻ ഈ വിഷയത്തിലുള്ള പഠനം തുടരേണ്ടതാണെന്നും സിനഡ് നിർദ്ദേശിച്ചു.

വടവാതൂർ പൗരസ്ത്യവിദ്യാപീഠത്തിൽ കാനൻ നിയമത്തിനു ഒരു ഫാക്കൽറ്റി അനുവദിച്ചിട്ടുള്ള കാര്യം സന്തോഷപൂർവ്വം നിങ്ങളെ അറിയിക്കുന്നു. സീറോ മലബാർ സഭ മേജർ ആർക്കി എപ്പിസ്കോപ്പൽ സ്ഥാനത്തേയ്ക്ക് ഉയർത്തപ്പെട്ടതിന്റെ രജതജൂബിലി വർഷം കൂടുതൽ ഐക്യത്തിലും കൂട്ടായ്മയിലും മുന്നേറുവാനുള്ള ഒരവസരമാണ്. സഭയുടെ പ്രേഷിതാഭിമുഖ്യത്തിൽ കൂടുതൽ മുന്നേറുവാൻ ഈ ജൂബിലി നമുക്കിടയാകട്ടെ. ജൂബിലി വർഷത്തിൽ കടന്നുവന്ന വഴികൾ മനസ്സിലാക്കുവാനും ആദ്യകാലഘട്ടങ്ങളിൽ സഭയ്ക്ക് സാരഥ്യം

നൽകിയ പിതാക്കന്മാരെ അനുസ്മരിക്കുവാനും നമുക്ക് പരിശ്രമിക്കാം. ജൂബിലിയോടനുബന്ധിച്ചു ഒരു അന്തർദേശിയ സിമ്പോസിയം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

യെമനിൽ ഭീകരവാദികൾ തട്ടിക്കൊണ്ടുപോയ ഫാ. ടോം ഉഴുന്നാലിന്റെ കാര്യത്തിൽ സിനഡ് ഉത്ക്കണ്ഠ രേഖപ്പെടുത്തി. അദ്ദേഹത്തിന്റെ വിടുതലിനുവേണ്ടി ഒരു ദിവസം എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ദേവാലയത്തിൽ പ്രാർത്ഥനായജ്ഞവും ആരാധനയും നടത്തി. ഗവൺമെന്റ് തലത്തിൽ ഇക്കാര്യത്തിൽ സമ്മർദം ചെലുത്തി കാര്യങ്ങൾ ത്വരിതപ്പെടുത്തുവാൻ സിനഡ് തീരുമാനിച്ചു.

ആത്മീയനവീകരണം നിറഞ്ഞ ഒരു നോമ്പാചരണം നേർന്നുകൊണ്ട്,

ഈശോയിൽ സ്നേഹപൂർവ്വം,

**കർദിനാൾ ജോർജ് ആലഞ്ചേരി**
സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

കാക്കനാട് മൗണ്ട് സെന്റ് തോമസ്സിലുള്ള മേജർ ആർച്ച്ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2017-ാം ആണ്ട് മാർച്ചു മാസം 5 -ാം തിയതി നൽകപ്പെട്ടത്.

---

N.B: ഈ വിജ്ഞാപനം ഉചിതമായ മാർഗങ്ങളിലൂടെ അതതു രൂപത/അതിരൂപതകളിലെ വൈദികരുടെയും സന്യസ്ഥരുടെയും അല്മായ സഹോദരങ്ങളുടെയും ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.

# കച്ചേരിക്കാര്യങ്ങൾ

**1. ഓർമിക്കേണ്ട ദിവസങ്ങൾ**

| | | |
|---|---|---|
| ഏപ്രിൽ | 2 : | **നോമ്പ് ആറാം ഞായർ** |
| | 9 : | **നോമ്പ് ഏഴാം ഞായർ**<br>ഓശാന ഞായർ |
| | 13 : | പെസഹാവ്യാഴം |
| | 14 : | ദുഃഖവെള്ളി |
| | 15 : | വലിയ ശനി<br>ഇന്നു രാത്രി മുതൽ ത്രിത്വത്തിന്റെ തിരുനാൾ വരെ ത്രികാലജപം 'സ്വർലോകരാജ്ഞി' |
| | 16 : | ന. കർത്താവീശോമിശിഹായുടെ ഉയിർപ്പുതിരുനാൾ<br>**ഉയിർപ്പ് ഒന്നാം ഞായർ** |
| | 23 : | **ഉയിർപ്പ് രണ്ടാം ഞായർ**<br>പുതുഞായർ |
| | 24 : | വി. ഗീവർഗ്ഗീസ് |
| | 25 : | വി. മർക്കോസ് സുവിശേഷകൻ |
| | 29 : | സിയന്നായിലെ വി. കത്രീന |

**2. ഏപ്രിൽ മാസത്തെ പരിപാടികൾ**

| | | | |
|---|---|---|---|
| ഏപ്രിൽ | 01 : | 02:30 pm | സംഘടനഏകോപനസമിതിയോഗം |
| | 02 : | | പാലയൂർ മഹാതീർത്ഥാടനം |
| | 03 : | | ദൈവവിളിവാരം ആരംഭം |
| | 07 : | | ദൈവവിളിവാരം സമാപനം |
| | | 07:30 pm | സാമ്പത്തിക സമിതിയോഗം |
| | 10 : | 10:00 am | സമർപ്പിതവിശുദ്ധീകരണം |
| | 20 : | 02:30 pm | സ്ഥാപനങ്ങളുടെ ഡയറക്ടർമാരുടെ യോഗം |
| | 24 : | 10:00 am | വൈദികഏകദിനസമ്മേളനം 1 |
| | 28 : | 10:00 am | ആലോചനസമിതിയോഗം |

**3. ഉയിർപ്പുകാലം:**

ഉയിപ്പുതിരുനാൾ മുതൽ പന്തക്കുസ്താവരെയുള്ള ഏഴ് ആഴ്ചകളാണ് ഉയിർപ്പുകാലം. രക്ഷകന്റെ ഉത്ഥാനത്തിലൂടെ കൈവന്ന പുതുജീവനിൽ ആഹ്ലാദിക്കുന്നതിനുള്ള അവസരമാണിത്. ഈ ആഹ്ലാദത്തിന്റെ പ്രതിഫല

നമാണ് ഈ കാലത്തിലെ പ്രാർത്ഥനകളിലും ഗീതങ്ങളിലും ഉള്ളത്, ഈശോ മിശിഹായുടെ ഉത്ഥാനം, പാപത്തിന്റെയും മരണത്തിന്റെയും സാത്താന്റെയും മേൽ അവിടുന്നു വരിച്ച വിജയം, അതുവഴി ഭോഷത്തത്തിന്റെ ചിഹ്നമായ കുരിശ് രക്ഷയുടെയും മഹത്ത്വത്തിന്റെയും ചിഹ്നമായി മാറുന്നത്, ഈശോയുടെ ഉയിർപ്പ് നമ്മുടെ ഉയിർപ്പിന്റെ അച്ചാരം, അവിടുത്തെ ഉയിർപ്പ് ക്രൈസ്തവവിശ്വാസത്തിന്റെ അടിസ്ഥാനം തുടങ്ങിയവയാണ് ഈ കാലത്തിലെ പ്രധാന ചിന്താവിഷയങ്ങൾ.

ആദിമസഭയിൽ മാമ്മോദീസ നല്കിയിരുന്നത് ഉയിർപ്പുതിരുനാളിനോട് അനുബന്ധിച്ചായിരുന്നു.വി. പൗലോസ് അനുസ്മരിപ്പിക്കുന്നതുപോലെ "ജ്ഞാനസ്നാനത്താൽ നാം അവനോടൊത്ത് സംസ്കരിക്കപ്പെട്ടു. ക്രിസ്തു മരിച്ചതിനുശേഷം പിതാവിന്റെ മഹത്വത്തിൽ ഉയിർത്തെഴുന്നേറ്റതുപോലെ നാമും പുതിയ ജീവിതം നയിക്കേണ്ടതിനാണ് അവനോടൊത്ത് സംസ്കരിക്കപ്പെട്ടത്" (റോമ. 6:4-5). ഉയിർപ്പുകാലത്തിലെ ആദ്യ ആഴ്ച, പുതുതായി മാമ്മോദീസ സ്വീകരിച്ചവരുടെ ആഴ്ചയായി മാറ്റിവച്ചിരുന്നു.അതിനാൽ അനുകരണാർഹമായ ഈ പാരമ്പര്യം പുനർജീവിപ്പിച്ചുകൊണ്ട് ഉയിർപ്പുതിരുനാളിനോടനുബന്ധിച്ചു മാമ്മോദീസ നല്കുക ഉചിതമായിരിക്കും.

**4. വലിയ ആഴ്ച :**

| | |
|---|---|
| 02.04.2017 : | പാലയൂർ മഹാതീർത്ഥാടനം |
| 09.04.2017 : | ഓശാന ഞായർ |
| 10.04.2017 : | സമർപ്പിത വിശുദ്ധീകരണദിനം; മൂറോൻ കൂദാശ |
| 13.04.2017 : | പെസഹാവ്യാഴം |
| 14.04.2017 : | പീഡാനുഭവവെള്ളി : ഉപവാസദിനം |
| 16.04.2017 : | ഉയിർപ്പ് തിരുനാൾ |

**5. മാർ റാഫേൽ തട്ടിൽ പിതാവിന്റെ ജന്മദിനം :**

ഏപ്രിൽ 21ന് ജന്മദിനമാഘോഷിക്കുന്ന മാർ റാഫേൽ തട്ടിൽ പിതാവിന് അതിരൂപത മുഴുവന്റെയും പ്രാർത്ഥനാശംസകൾ. അന്നേ ദിവസം അഭിവന്ദ്യപിതാവിനുവേണ്ടി ദിവ്യബലി മധ്യേ പ്രത്യേകം പ്രാർത്ഥിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**6. പട്ടങ്ങൾ**

തൃശ്ശൂർ അതിരൂപതയ്ക്കുവേണ്ടി വിവിധ മേജർ സെമിനാരികളിൽ ദൈവശാസ്ത്രപരിശീലനം നടത്തി കൊണ്ടിരിക്കുന്ന ശെമ്മാശ്ശന്മാർ മാർച്ച് 23ന് ഉച്ചകഴിഞ്ഞ് 2.00ന് സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വച്ച് മാർ ആൻഡ്രൂസ് താഴത്ത് പിതാവിൽ നിന്നും വിവിധ പട്ടങ്ങൾ സ്വീകരിച്ചു. അവർക്കു പ്രാർത്ഥനകളും അഭിനന്ദനങ്ങളും നേരുന്നു.

## a) മ്ശംശാനപട്ടം

1) ചിറ്റിലപ്പിള്ളി സെബാസ്റ്റ്യൻ (ഷെൽറ്റൺ) - പുതുക്കാട് നോർത്ത്(മേരിമാത)
2) പുളിക്കൻ ആന്റണി (സിജു) - അരണാട്ടുകര (മേരിമാത)
3) പുലിക്കോടൻ റാഫേൽ (റെനാൾഡ്) - ഏയ്യ്ഞ്ചൽനഗർ (മേരിമാത)
4) വാഴപ്പിള്ളി വർഗ്ഗീസ് (വിനോയ്) - വെള്ളറക്കാട് (മേരിമാത)
5) പൊന്തേക്കൻ ദേവസ്സി (ജോമോൻ) - പള്ളിക്കുന്ന് (കോട്ടയം)

## b) ഹെവുപ്പദ്യാക്ക്ന പട്ടം

1) ചിറയത്ത് ജീൻ - ഒളരിക്കര (കോട്ടയം)
2) കണ്ണനായ്ക്കൽ സജിൽ - പോന്നോർ (മേരിമാത)
3) കിഴക്കേകണ്ണൻചിറ ഫ്രിന്റോ - പഴയന്നൂർ (ആലുവ)
4) കൊളമ്പ്രത്ത് ഡിക്സൻ - എറവ് (മേരിമാത)
5) മുരിങ്ങാത്തേരി ഗ്രിജോ - കിരാലൂർ (മേരിമാത)
6) പെട്ടയിൽ നോബിൾ - പട്ടിക്കാട് (മേരിമാത)
7) രായപ്പൻ ആന്റോ - കല്ലൂർ പടിഞ്ഞാറ്(മേരിമാത)
8) തണ്ടാശ്ശേരി കാനേഡിയൻ - ചേർപ്പ് (മേരിമാത)
9) താണിക്കൽ അനുവിൻ - കാരമുക്ക് (മേരിമാത)

## c)കാറോയപട്ടം

1. അന്തിക്കാട്ട് സന്തോഷ് - ചേറൂർ (പൂന)
2. ചാലിൽ അനു - കണ്ണാറ (മേരിമാത)
3. ചിറയത്ത് ഫെബിൻ - പാറന്നൂർ (മേരിമാത)
4. ചിറ്റിലപ്പിള്ളി അൻവിൻ - തിരൂർ (കോട്ടയം)
5. ചിറ്റിലപ്പിള്ളി ജോസഫ് - പുറനാട്ടുക്കര (മേരിമാത)
6. ചൂണ്ടൽ ലിവിൻ - മുണ്ടൂർ (മേരിമാത)
7. കൊള്ളന്നൂർ അജിത്ത് - പാലയ്ക്കൽ (ആലുവ)
8. മാളിയേക്കൽ ജിജോ - വടൂക്കര (പൂന)
9. മങ്ങാട്ടിലയൻ മേജോ - തിരൂർ (മേരിമാത)
10. മാറോക്കി ഷിന്റോ - മരത്താക്കര (മേരിമാത)
11. നെടുംമ്പാക്കാരൻ യേശുദാസ് - ചിയ്യാരം വിജയമാത (ആലുവ)
12. പള്ളിക്കുന്നത് ഷിജോ - മണ്ണലൂർ വെസ്റ്റ് (മേരിമാത)
13. പുത്തൂർ പ്രകാശ് - ഗുരുവായൂർ (മേരിമാത)
14. തരകൻ റോജർ - തിരൂർ (മേരിമാത)
15. തട്ടിൽ ട്രെജിൻ - പടവരാട് (ആലുവ)
16. വട്ടക്കുഴി ഗ്ലാഡ്രിൻ - കല്ലൂർ വെസ്റ്റ് (മേരിമാത)
17. വെളിയൻ സെബി - വരാക്കര സൗത്ത്(കോട്ടയം)

**7. അതിരൂപതാദിനം:**

ഈ വർഷത്തെ അതിരൂപതാദിനം മെയ് 20ന് പുതുക്കാട് ഫൊറോന യിൽ വച്ച് നടത്തപ്പെടുന്നു. എല്ലാവരും സഹകരിക്കുമല്ലോ.

**8. ധർമ്മവിവരം:**

പുതുക്കിയ ധർമ്മവിവരപുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഡി. ബി. സി. എൽ. സി. യിൽ നിന്നും ലഭിക്കുന്നതാണ്. 2017 ഏപ്രിൽ 1 മുതൽ പ്രസ്തുത ധർമ്മവിവരം പ്രാബല്യത്തിൽ വരുന്നതാണ്.

**9. വൈദികക്ഷേമനിധി :**

സ്ഥാപനങ്ങളിലും കോൺവെന്റുകളിലും സേവനം ചെയ്യുന്ന വൈദി കർക്ക് വേണ്ടി വൈദികക്ഷേമനിധിയിലേക്ക് അടക്കേണ്ട വിഹിതങ്ങൾ മാർച്ച് 31–ന് മുമ്പ് അടച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ സ്ഥാപനങ്ങളുടെയും കോൺവെന്റുകളുടെയും അധികാരികൾ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**10. പാലയൂർ മഹാതീർത്ഥാടനം :**

2017 ഏപ്രിൽ 2–നാണ് ഈ വർഷത്തെ പാലയൂർ മഹാതീർത്ഥാടനം. തീർത്ഥാടനം വിജയിപ്പിക്കാൻ എല്ലാവരും സഹകരിക്കണം. ഇടവകകളിലും സ്ഥാപനങ്ങളിലും സന്യാസസമൂഹങ്ങളിലും അന്നേദിവസം പ്രത്യേക പരി പാടികൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണം.

**11. ദൈവവിളിവാരാചരണം :**

2017 ഏപ്രിൽ 3 മുതൽ 8 ഉൾപ്പെടെയുള്ള ദിവസങ്ങളിലാണ് നാം ദൈവ വിളി വാരാചരണം നടത്തുന്നത്. ദൈവവിളിക്കുവേണ്ടി പ്രാർത്ഥിക്കാനും നല്ല ദൈവവിളികൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കാനും എല്ലാവരും പ്രത്യേകം താത്പര്യം കാണിക്കണം. പതിവുപോലെ തൃശ്ശൂർ ലൂർദ്ദ് മെത്രാപ്പോലീത്തൻ കത്തീഡ്രലിൽ വച്ച് രാവിലെ 9:30 മുതൽ ഉച്ചതിരിഞ്ഞ് 3:30 വരെ പ്രാർത്ഥന -ഉപവാസയജ്ഞം നടക്കും. സാധിക്കുന്ന എല്ലാവരും പങ്കെടുക്കുക. വിശ ദാംശങ്ങൾ നോട്ടീസിലൂടെ അറിയിക്കുന്നതാണ്.

**12. ദൈവവിളിക്യാമ്പുകൾ :**

എസ്. എസ്. എൽ. സി./പ്ലസ് ടു വിദ്യാഭ്യാസം പൂർത്തിയാക്കിയിട്ടുള്ള ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുംവേണ്ടി വെവ്വേറെ ദൈവവിളി ക്യാമ്പു കൾ സംഘടിപ്പിക്കുന്നുണ്ട്. 2017 ഏപ്രിൽ 3, 4 തീയതികളിൽ ഡി. ബി. സി. എൽ. സി. യിൽ വച്ച് പെൺകുട്ടികൾക്കുള്ള ക്യാമ്പും 2017 ഏപ്രിൽ 3–4; 5–6; 7–8 എന്നീ തീയതികളിൽ മൂന്ന് ബാച്ചുകളിലായി മഡോണനഗർ മൈനർ സെമിനാരിയിൽ വച്ച് ആൺകുട്ടികൾക്കായുള്ള ക്യാമ്പുകളും നടത്തപ്പെടും. ദൈവവിളിയുടെ ലക്ഷണങ്ങൾ പ്രകടിപ്പിക്കുന്നവരെ പ്രത്യേകം പ്രോത്സാ ഹിപ്പിച്ച് ദൈവവിളി ക്യാമ്പുകളിൽ പങ്കെടുപ്പിക്കാൻ ശ്രദ്ധിക്കണം. വിശദാം

ശങ്ങൾ വൊക്കേഷൻ ബ്യൂറോയിൽ നിന്ന് അറിയിക്കുന്നതാണ്.

**13. വൈദിക ഏകദിനസമ്മേളനം:**

ഏപ്രിൽ 24ന് തിങ്കൾ രാവിലെ 10 മണിക്ക് ആരംഭിച്ച് ഉച്ചതിരിഞ്ഞ് 4 മണിക്ക് അവസാനിക്കുന്നു. ബഹു. വൈദികർ പങ്കെടുക്കാൻ പ്രത്യേകം താത്പര്യപ്പെടുന്നു.

**14. കാരുണ്യനിധി കളക്ഷൻ:**

കാരുണ്യനിധിയിലേക്കുള്ള കളക്ഷൻ അടയ്ക്കാത്ത ഇടവകകൾ അത് അടയ്ക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**15. മിഷൻ സൺഡെ കളക്ഷൻ:**

2017 ലെ മിഷൻ സൺഡെ കളക്ഷൻ 2017 ആഗസ്റ്റ് 31-നുള്ളിൽ അതിരൂപത ഫിനാൻസ് ഓഫീസിൽ ഏല്പിക്കേണ്ടതാണ്. ആഗസ്റ്റ് 31-നുള്ളിൽ മിഷൻ സൺഡെ കളക്ഷൻ കൊടുക്കുന്ന പള്ളികളും സ്ഥാപനങ്ങളും മാത്രമെ സമ്മാനത്തിനു പരിഗണിക്കപ്പെടുകയുള്ളൂ.

**16. വൈദികരുടെ നിയമനം :**

| | |
|---|---|
| 1. ഫാ. തോമസ് വാഴക്കാല CMI | - ആക്ടിംഗ്‌വികാരി അടാട്ട്; സാധുത 2017 ജനുവരി 1 മുതൽ. |
| 2. ഫാ. ലിജോ ചിരിയങ്കണ്ടത്ത് | - ലീവ്; സാധുത 2017 ജനുവരി 1 മുതൽ. |
| 3. ഫാ. സെബാസ്റ്റ്യൻ ചാലക്കൽ | - ആക്ടിംഗ്‌വികാരി എളവള്ളി; സാധുത 2017 മാർച്ച് 1 മുതൽ ജൂലൈ 31 വരെ. |
| 4. ഫാ. ജോയ്സൻ കോരെത് | - അസി. ഡയറക്ടർ കെ. സി. വൈ. എം. ഒഴിവായി; സാധുത 2017 ഫെബ്രുവരി 16 മുതൽ. |
| 5. ഫാ. അൽജോ കരേരക്കാട്ടിൽ | - അസി. ഡയറക്ടർ കുടുംബകൂട്ടായ്മ & മാതൃസംഘം കൂടി; സാധുത 2017 ഫെബ്രുവരി 16 മുതൽ. |
| 6. ഫാ. ബൈജു കാഞ്ഞിരത്തിങ്കൽ | - അസി. ഡയറക്ടർ മാതൃസംഘം ഒഴിവായി; സാധുത 2017 ഫെബ്രുവരി 16 മുതൽ. |
| 7. ഫാ. ഷിജു ചിറ്റിലപ്പിള്ളി | - അസി. ഡയറക്ടർ കുടുംബകൂട്ടായ്മ ഒഴിവായി; സാധുത 2017 ഫെബ്രുവരി 16 മുതൽ. |
| 8. ഫാ. ലിൻസൺ തെക്കേക്കര CMI | - സഹായി പറപ്പൂർ; സാധുത 2017 ഫെബ്രുവരി 16 മുതൽ. |
| 9. ഫാ. ജോസ് വള്ളൂരാൻ | - ആക്ടിംഗ് വികാരി ആളൂർ കൂടി; സാധുത 2017 ഫെബ്രുവരി 17 മുതൽ. |

10. ഫാ. മാത്യു മണിയങ്കേരി O.SS.T. - ആക്ടിംഗ് വികാരി വൈലത്തൂർ; സാധുത 2017 ഫെബ്രുവരി 19 മുതൽ ഏപ്രിൽ 19 വരെ.

11. ഫാ. ടോളസ് ആലുക്കൽ SDV - ആക്ടിംഗ് വികാരി പട്ടിക്കാട്; സാധുത 2017 ഫെബ്രുവരി 16 മുതൽ മാർച്ച് 16 വരെ.

12. ഫാ. സനൽ തോമസ് മാളിയേക്കൽ - പഠനാവധി മൂന്നുവർഷം; സാധുത 2017 ഫെബ്രുവരി 21 മുതൽ.

13. ഫാ. ജോബിൻ കൊള്ളാപ്പിൽ SDV - സഹായി മറ്റം വികാരി; സാധുത 2017 മാർച്ച് 1 മുതൽ.



**മാർ റാഫേൽ തട്ടിൽ**
അതിരൂപത സഹായമെത്രാൻ &
പ്രോട്ടോ-സിഞ്ചെല്ലൂസ്



# മെത്രാപ്പോലീത്തായുടെ പരിപാടികൾ

## APRIL

| Date | Day | Time | Programme |
|---|---|---|---|
| 01 | Sat | Morning | Holy Mass at Marymatha Major Seminary |
| | | | *Ekopana samithy* meeting |
| 02 | Sun | | Palayur pilgrimage |
| 03 | Mon | Morning | Vocation week inauguration Holy Mass at Lourdes Cathedral. |
| 04 | Tue | Morning | Holy Mass at D.B.C.L.C. for the Vocation camp of Girls |
| | | Evening | Parish Hall Blessing at Mundathikode |
| 05 | Wed | Morning | Inauguration of *Divini English* at Divine Retreat center |
| 06 | Thu | Morning | Holy Mass at D.B.C.L.C. for the Vocation camp of boys |
| 07 | Fri | Morning | Holy Mass at Alagappa: |
| | | | Curia Meeting |
| | | Evening | Convention Concluding Session at Pudukad. |
| 08 | Sat | Morning | Holy Mass at Minor Seminary for Vocation Camp. |
| 09 | Sun | Morning | Holy Mass at Baslica. |
| | | Afternoon | St. Ann's Provincial Chapter at Thalikode |
| | | Evening | Bible Convention inauguration at Villadam. |
| 10 | Mon | | Engaged |
| 11 | Tue | Afternoon | Regency Brothers Parent's Meeting |
| 12 | Wed | | Convention at Brhamakulam parish church |
| 13 | Thu | Morning | Holy Mass at Baslica.Holy Mass at Grace Home |
| 14 | Fri | Morning | Holy Service at Lourdes |

| | | | |
|---|---|---|---|
| | | Evening | Holy Sermon at Baslica. |
| 15 | Sat | | Holy Saturday |
| 16 | Sun | | Easter Holy Mass at Lourdes Cathedral. |
| 17 | Mon | | Engaged |
| 18 | Tue | Morning | Curia meeting |
| 19 | Wed | Morning | Holy Mass at D.B.C.L.C. for Junior C.L.C. |
| | | Evening | Priestly senate meeting |
| 20 | Thu | Morning | M.I Convent Jubilee Celebration |
| | | Evening | Vestition of CMC sisters Chiyaram |
| 21 | Fri | Morning | Curia meeting |
| 22 | Sat | Morning | Jubilee Holy Mass at Christina Home |
| | | Evening | Jubilee Message at Manjumel Retreat Center |
| 23 | Sun | Morning | Episcopal Consecration at Chaganacherry |
| | | Evening | |
| 24 | Mon | Evening | Good Shepherd Convent Blessing at Chiyaram |
| 25 | Tue | Morning | Curia Meeting |
| | | Evening | Chapel Blessing at Parempadam |
| 26 | Wed | Morning | Holy Mass at Lourdes Cathedral. |
| | | Afternoon | Home Day at Grace Home |
| | | Evening | Annual Day Celebrations of Mar Kudukulam Gramam |
| 27 | Thu | Morning | Selection Camp at Minor Seminary |
| | | Evening | Bible Convention Talk at Ollur |
| 28 | Fri | Morning | Curia Meeting |
| 29 | Sat | Morning | First Holy Communion at Baslica |
| | | Afternoon | First Profession at SDV Sisters, Mannuthy |
| 30 | Sun | | Pastoral visit |



# സഹായമെത്രാന്റെ പരിപാടികൾ

Apr. 2017



| Date | Day | Time | Description |
|---|---|---|---|
| 01 | Sat | Evening | Prov. Chapt. inauguration & Holy Mass, SAB conv. Thallikottu |
| 02 | Sun | Morning | Holy Mass, Mannuthy |
| | | Evening | Palayoor Mahatheerthadanam |
| 03 | Mon | Evening | Bible Convention & Holy Mass, Amballur |
| | | Evening | Holy Mass, Vocation Camp for Girls - DBCLC |
| 04 | Tue | Morning | Holy Mass, Vocation Camp for Boys - Minor Seminary |
| 05 | Wed | | |
| 06 | Mon | Morning | Holy Mass, Thirubhala sakyam, DBCLC |
| 07 | Fri | | |
| 08 | Sat | Evening | Holy Mass, Vocation week conclusion – Cathedral: LOAF meet |
| 09 | Sun | Morning | Holy Mass, Lourde Cathederal |
| 10 | Mon | | |
| 11 | Tue | | |
| 12 | Wed | | |
| 13 | Thu | Morning | Holy Mass, Lourde Cathedral (Maundy Thursday) |
| 14 | Fri | Moring | Holy Mass, Dolours Basilica (Good Friday) |
| 15 | Sat | Evening | Holy Mass, Dolours Basilica (H. Saturday) |
| 16 | Sun | | Holy Mass, (Easter) |
| 17 | Mon | | Holy Mass, MI Convent |

| | | | |
|---|---|---|---|
| 18 | Tue | Morning | Holy Mass, Junior CLC – DBCLC |
| 19 | Wed | | |
| 20 | Thu | | Thiruvandapuram |
| 21 | Fri | Evening | Hyderabad |
| 22 | Sat | | Hyderabad – Church blessing Balapur |
| 23 | Sun | | Hyderabad |
| 24 | Mon | Morning | Holy Mass- Cathedral |
| | | Evening | Holy Mass- Vylathoor |
| 25 | Tue | Morning | Holy Mass 25th anniversary, Dolours Basilica |
| 26 | Wed | Evening | Holy Mass, Bhramakulam |
| 27 | Thu | Morning | Final Profession - Charity Generlate, Kolazhi |
| 28 | Fri | Morning | Holy Mass – Marriage Preparation Course, Alagappanagar |
| 29 | Sat | Morning | Holy Mass at Pathiyaram & Madakathara |
| | | Afternoon | St. Paul's convent, Kuriachira |
| | | Evening | Bible Convention, Ollur |
| 30 | Sun | Moring | MST Retreat, Mandya |

# നാളാഗമം

ഫെബ്രുവരി 2017

01. അഭിവന്ദ്യ താഴത്ത് പിതാവ് വൈദികസമ്മേളനത്തിൽ നവവൈദികരെ ആദരിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് പടവരാട് എഫ്. സി. സി. കോൺവെന്റിൽ വി. ബലിയർപ്പിച്ചു. തുടർന്ന് അഹമ്മദാബാദ് മിഷൻ യാത്രക്കു പോയി.

02. അഭിവന്ദ്യ താഴത്ത് പിതാവ് ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിൽ സമർപ്പിതദിനം ഉദ്ഘാടനം ചെയ്യുകയും തുടർന്ന് ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ ഗോഡ്സ് ഓൺ ഫാമിലിയുടെ ഗുണഭോക്തൃസംഗമത്തിൽ പങ്കെടുക്കുകയും ചെയ്തു.

03. അഭിവന്ദ്യ താഴത്ത് പിതാവ് ആമ്പല്ലൂരിൽ ആനിമേഷൻ സെന്ററിൽ വിവാഹഒരുക്ക കോഴ്സ് കൂടുന്നവർക്കായി വി. ബലിയർപ്പിച്ചു.

04. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ വരന്തരപ്പിള്ളി കിഴക്ക് ഇടവകയിൽ കപ്പേളയുടെ ആശീർവാദകർമ്മം നടത്തി.

05. അഭിവന്ദ്യ താഴത്ത് പിതാവ് ഒരുമനയൂർ, കണ്ടശ്ശാംകടവ്, കാരമുക്ക്, കാഞ്ഞാണി, തൃപ്രയാർ തുടങ്ങിയ ഇടവകകളിലും നാട്ടിക കുരിശുപള്ളിയിലും സന്ദർശനം നടത്തി.

06. അഭിവന്ദ്യ താഴത്ത് പിതാവ് പനമുക്ക് ഇടവകാതിർത്തിയിൽ സാന്ത്വനത്തിന്റെ നേതൃത്വത്തിൽ പണികഴിപ്പിച്ച വീടുകളുടെ താക്കോൽ ദാനകർമ്മം നിർവഹിച്ചു.

08. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ മേരിമാത മേജർ സെമിനാരിയിൽ വി. ബലിയർപ്പിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് സെന്റ് തോമസ് കോളേജിൽ യോഗത്തിൽ പങ്കെടുത്തു. വൈകിട്ട് പല്ലിശ്ശേരിയിൽ അസ്സീസി നിലയത്തിൽ വി. ബലിയർപ്പിച്ചു.

10. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ആർച്ച്ബിഷപ്സ് ഹൗസിൽ സാന്ത്വനത്തിന്റെ നേതൃത്വത്തിൽ വിവാഹസഹായ നിധിയുടെ വിതരണം നടത്തി. വൈകിട്ട് പല്ലിശ്ശേരി ഇടവകയിൽ 'അഭയം' പാലിയേറ്റീവ് കെയർ പ്രോജക്ട് ഉദ്ഘാടനം ചെയ്തു. തുടർന്ന് കൂനംമൂച്ചി സെന്റ് തോമസ് യു. പി. സ്കൂളിലെ ഹെഡ് മാസ്റ്ററുടെ സെന്റ് ഓഫ് മീറ്റിംഗിൽ പങ്കെടുത്തു.

11. അഭിവന്ദ്യ പിതാക്കന്മാർ രാവിലെ ഡി. ബി. സി. എൽ. സി. യിൽ സന്യസ്തജൂബിലിയാഘോഷിക്കുന്നവരുടെ സംഗമത്തിൽ പങ്കെടുത്തു. വൈകിട്ട് വെങ്ങിണിശ്ശേരി എഫ്. സി. സി. മഠത്തിന്റെ ചാപ്പലിന്റെ ആശീർവാദകർമ്മം നിർവഹിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് പല്ലിശ്ശേരിയിലെ പാലിയേറ്റീവ് കെയർ ഹോസ്പിറ്റൽ സന്ദർശിച്ചു. തുടർന്ന് എസ്. എൻ. ഡി. എസ്. കോൺവെന്റിൽ ബഹു. സിസ്റ്ററുടെ ശവസംസ്കാരശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. വൈകിട്ട് കോട്ടപ്പടി ഇടവകയിൽ ഗ്രോട്ടോയുടെ വെഞ്ചരിപ്പും നടത്തി.

12. അഭിവന്ദ്യ തട്ടിൽ പിതാവ് മുണ്ടത്തിക്കോടും മരിയാപുരത്തും അനുസ്മരണബലികളർപ്പിച്ചു. വൈകിട്ട് കുരിയച്ചിറ ഇടവകയിൽ ധ്യാനത്തിൽ രോഗികൾക്ക് പ്രത്യേക പ്രാർത്ഥന നടത്തുകയും സന്ദേശം നൽകുകയും ചെയ്തു. തുടർന്ന് നെടുപുഴ ജോർദ്ദാനിയ ധ്യാനകേന്ദ്രത്തിൽ കൺവെൻഷന്റെ ഉദ്ഘാടനം നിർവഹിച്ചു.

13. അഭിവന്ദ്യ താഴത്ത് പിതാവ് തിരുവില്ല്വാമല സെന്റ് പോൾ ഗുരുകുലത്തിൽ വി. ബലിയർപ്പിച്ചു.

14. വരന്തരപ്പിള്ളി സെന്റ് പയസ് കോൺവെന്റ് സന്ദർശിച്ചു.

15. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ തൃശ്ശൂർ സെന്റ് തോമസ് കോളേജിലെ അധ്യാപകരുടെ യാത്രയയയ്പ്പു സമ്മേളനത്തിൽ പങ്കെടുത്തു. തുടർന്ന് മഡോണനഗറിൽ ജൂബിലി മിഷൻ നേഴ്സിംഗ് കോളേജിലെ ഗ്രാജുവേഷൻ പ്രോഗ്രാം ഉദ്ഘാടനം ചെയ്തു.

17. അഭിവന്ദ്യ താഴത്ത് പിതാവ് ഒളരിക്കര സി. എച്ച്. എഫ്. ഇംഗ്ലീഷ് മീഡിയം സ്കൂളിന്റെ വാർഷികപ്രോഗ്രാം ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ തട്ടിൽ പിതാവ് നെല്ലിക്കുന്ന് സെന്റ് സെബാസ്റ്റ്യൻ ഇംഗ്ലീഷ് മീഡിയം എൽ. പി. സ്കൂളിന്റെ സിൽവർ ജൂബിലി യാഘോഷത്തിൽ പങ്കെടുത്തു.

18. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ മഡോണനഗറിൽ സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വി. ബലിയർപ്പിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് ചേറ്റുപുഴ ആരാധനമഠത്തിലെ സുവർണ്ണജൂബിലിയാഘോഷങ്ങളിൽ പങ്കെടുത്തു.

19. അഭിവന്ദ്യ താഴത്ത് പിതാവ് ഭരത പരി. ത്രിത്വത്തിന്റെ ദൈവാലയത്തിൽ ഇടയസന്ദർശനം നടത്തി.

21. അഭിവന്ദ്യ താഴത്ത് പിതാവ് ആലുവ പൊന്തിഫിക്കൽ സെമിനാരി കമ്മീഷൻ മീറ്റിംഗിൽ പങ്കെടുത്തു.

22. അഭിവന്ദ്യ താഴത്ത് പിതാവ് പി. ഒ. സി. യിൽ മീറ്റിംഗിൽ പങ്കെടുത്തു.

24. അഭിവന്ദ്യ താഴത്ത് പിതാവ് മരത്താക്കര ഇടവക ദൈവാലയത്തിൽ വി. ബലിയർപ്പിച്ചു. തുടർന്ന് ടീച്ചേഴ്സ് ഗിൽഡിന്റെ മീറ്റിംഗിൽ പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ് ആബാ ധ്യാനകേന്ദ്രത്തിൽ ധ്യാനത്തിൽ സന്ദേശം നൽകി.

25. അഭിവന്ദ്യ തട്ടിൽ പിതാവ് ആബാ ധ്യാനകേന്ദ്രത്തിൽ പരീക്ഷയ്ക്ക് ഒരുക്കമായി കുട്ടികൾക്കുവേണ്ടി ബലിയർപ്പിച്ച് വചനസന്ദേശം നൽകി.

26. അഭിവന്ദ്യ താഴത്ത് പിതാവ് കുറ്റൂർ ഇടവകയിൽ ഇടയസന്ദർശനം നടത്തി. അഭിവന്ദ്യ തട്ടിൽ പിതാവ് മിഷൻ പ്രവർത്തനങ്ങൾക്കായി മരത്താക്കര പള്ളിയിൽ വി. ബലിയർപ്പിച്ചു.

27. അഭിവന്ദ്യ താഴത്ത് പിതാവ് വിഭൂതി തിരുനാളിനോടനുബന്ധിച്ച് ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിൽ വി. ബലിയർപ്പിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് പരി. വ്യാകുലമാതാവിൻ ബസിലിക്കയിൽ വിഭൂതി തിരുകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

28. അഭിവന്ദ്യ താഴത്ത് പിതാവ് വൈദികരുടെ മാസധ്യാനത്തിൽ പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ് ഇന്ന് നോമ്പുകാല ഉപവാസ പ്രാർത്ഥനാദിനമായി ആചരിച്ചു.

# നാമകരണ നടപടികൾ

## ദൈവദാസൻ ആന്റണി തച്ചുപറമ്പിൽ

മാർച്ച് മാസത്തിലെ ആദ്യവെള്ളിയാഴ്ചയിലെ വചനശുശ്രൂഷക്ക് നേതൃത്വം നൽകിയത് ബ്ര. ഔസേപ്പ് ഇമ്മട്ടി കുരിയച്ചിറയാണ്. പതിവുപോലെ ജപമാലയും ആരാധനയും രോഗശാന്തി ശുശ്രൂഷയും ഉണ്ടായിരുന്നു. കുർബ്ബാനക്ക് നേതൃത്വം നൽകിയത് ഫാ. അജീഷ് പെരിഞ്ചേരിയാണ്. "എന്റെ ഏറ്റവും എളിയ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ചെയ്തുകൊടുത്തപ്പോൾ അത് എനിക്കു തന്നെയാണ് ചെയ്തു തന്നത്" ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചനും ചേലക്കരയിലെ പാവപ്പെട്ടവർക്കും അഗതികൾക്കും വേണ്ടി ജീവിതം സമർപ്പിച്ചവനാണ്. പാവപ്പെട്ടവരുടെയും ദളിതരുടെയും വീടുകളിൽ പോയി ഭക്ഷണത്തിനും മരുന്നിനുമൊക്കെ സഹായം ചെയ്യുകയും ചേലക്കരയിലെ പണമുള്ളവരോട് ഇവരെ സഹായിക്കാൻ സ്നേഹത്തിന്റെ ശാഠ്യത്തോടെ ആവശ്യപ്പെടുകയും ചെയ്ത മഹാനുഭവനാണ് തച്ചുപറമ്പിലച്ചൻ. തച്ചുപറമ്പിലച്ചന്റെ മാതൃക നമുക്ക് പ്രചോദനമാകട്ടെ

## ദൈവദാസൻ അഗസ്റ്റിൻ ജോൺ ഊക്കൻ

**രണ്ടാം ശനി ആചരണം :** സി.എസ്.സി. ഡിപോൾ പ്രവിശ്യാംഗങ്ങൾ ആരാധനയ്ക്ക് നേതൃത്വം നൽകി. ബ. സിസ്റ്റർ സുദീപ സി.എസ്. സി. പ്രഭാഷണം നടത്തി. 'ഊക്കനച്ചൻ-ലളിതജീവിതശൈലിയ്ക്ക് മാതൃക' എന്ന ആശയത്തെ മുൻനിറുത്തി ബ.സിസ്റ്റർ തന്റെ ചിന്തകൾ പങ്കുവച്ചു. 10.30ന് അനുസ്മരണ ബലി കബറിടത്തിൽ ഒപ്പീസ്, മദ്ധ്യസ്ഥ പ്രാർത്ഥന, നേർച്ച, ഊട്ട്, വെഞ്ചരിപ്പ് എന്നിവക്ക് കാർമ്മികത്വം വഹിച്ചത് റവ. ഫാ. വിൻസെന്റ് കണിമംഗലത്തുകാരൻ ആണ്. നോമ്പുകാലചിന്തകൾ ചിന്തകൾ പങ്കുവച്ചുകൊണ്ടാണ് ബ. അച്ചൻ തന്റെ സന്ദേശം നൽകിയത്.

**ഫാ. പോൾ പുളിക്കൻ,**

പോസ്റ്റുലേറ്റർ

# സാമ്പത്തിക കാര്യാലയം

**മാർ കുണ്ടുകുളം ട്രസ്റ്റ്**

മാർ കുണ്ടുകുളം ട്രസ്റ്റിൽ നിന്ന് 2015-2016, 2016-2017 സാമ്പത്തിക വർഷത്തിൽ വിവാഹ സഹായമായി 5000 രൂപ ലഭിക്കാത്ത പള്ളികൽ കുണ്ടുകുളം ട്രസ്റ്റിൽ അപേക്ഷ സമർപ്പിച്ച് സഹായം കൈപറ്റാവുന്ന താണ്.

**സി.എ. ഓഡിറ്റ്**

2016-2017 വർഷത്തെ കണക്കുകൾ മെയ് 15-ാം തിയതി മുതൽ ആർച്ച്ബിഷപ്പ് ഹൗസിൽ വെച്ച് സി.എ. ഓഡിറ്റ് നടത്തപ്പെടുന്നു. ഇനിയും ഏതെങ്കിലും ഇടവകകൾ ബിഷപ്പ് ഹൗസിൽവെച്ച് സി.എ. ഓഡിറ്റ് നടത്താൻ ആഗ്രഹിക്കുന്നുവെങ്കിൽ ഏപ്രിൽ 10-ാം തിയതി ക്കുമുമ്പ് ഫൈനാൻസ് ഓഫീസിൽ അറിയിക്കുവാൻ താൽപ്പര്യപ്പെടു ന്നു.

ഇടവകയിലെ തെരട്ട് ഫോറം വാങ്ങിക്കൊണ്ടുപോകാത്തവർ എത്രയും വേഗം അതിരൂപതാ സാമ്പത്തിക കാര്യാലയത്തിൽ നിന്നും വാങ്ങികൊണ്ടുപോകണം.

**ദുഃഖവെള്ളി, പെസഹാ വ്യാഴം, മിഷൻ ഞായർ, സഭാദിന, ഞായർ പിരിവ്, പ്രത്യേക പിരിവ്**

**വരവ്- ചെലവ് കണക്കുകൾ**

| നമ്പർ | പേര് | മിഷൻ ഞായർ | ഞായർ പിരിവ് |
|---|---|---|---|
| 1. | അമ്മാടം | 9285 | |
| 2. | എയ്യ്ഞ്ചൽ നഗർ | 149306 | |
| 3. | അവണൂർ | 9520 | |
| 4. | അയ്യന്തോൾ | 67270 | |
| 5. | ചേലക്കര | 25600 | |
| 6. | ചെങ്ങാലൂർ | 24000 | |
| 7 | ചിറക്കൽ | 37355 | |

| നമ്പർ | പേര് | മിഷൻ ഞായർ | ഞായർ പിരിവ് |
|---|---|---|---|
| 8. | ഗുരുവായൂർ | 12000 | |
| 9. | കണ്ണംകുളങ്ങര | 34000 | |
| 10. | കരുമത്ര | 14140 | |
| 11. | മായന്നൂർ | 18976 | |
| 12. | മുള്ളൂർക്കര | 5070 | |
| 13. | പാലാഴി | 5150 | |
| 14. | പറക്കാട് | 2000 | |
| 15. | പുല്ലഴി | 20310 | |
| 16. | തൃശ്ശൂർ ബസിലിക്ക | 58110 | |
| 17. | വരാക്കര | 43310 | |
| 18. | വെട്ടുകാട് | 25000 | |
| 19. | അസ്സീസി മഠം, തൃശ്ശൂർ | | 500 |

**മാർ കുണ്ടുകുളം ട്രസ്റ്റിൽ നിന്നും വിവാഹ സഹായം**

കണ്ടശ്ശാംകടവ് – 5000
കോടന്നൂർ – 5000
പാലക്കൽ – 5000
പൊന്നൂക്കര – 5000

**ഫാ. സെബാസ്റ്റ്യൻ കുന്നത്ത് ട്രസ്റ്റ്**

ഭവന നിർമ്മാണം – 10000
ചികിത്സ – 40000

**അതിരൂപത സഹായ ഫണ്ട്**

വിവാഹം – 39000
ചികിത്സ – 32000

**ഫാ. ജോയ് മൂക്കൻ**
ഫൈനാൻസ് ഓഫീസർ

# വൈദികർ

## ജന്മദിനങ്ങൾ

| | |
|---|---|
| ഫാ. മനോജ് കീഴൂരുമുട്ടിക്കൽ | 02 |
| ഫാ. ആന്റോ ഒല്ലൂക്കാരൻ | 02 |
| ഫാ. ജീജോ വള്ളൂപ്പാറ | 04 |
| ഫാ. ജോർജ്ജ് ചെറുവത്തൂർ | 06 |
| ഫാ. ഫ്രാൻസിസ് നീലങ്കാവിൽ | 06 |
| ഫാ. സോബിൻ പായിക്കാട്ട് | 07 |
| ഫാ. ഇഗ്നേഷ്യസ് (ബിജു) നന്തിക്കര | 07 |
| ഫാ. ഷിജു ചിറ്റിലപ്പിള്ളി | 08 |
| ഫാ. ജോഷി പറോക്കാരൻ | 09 |
| ഫാ. വർഗ്ഗീസ് കരിപ്പേരി | 10 |
| ഫാ. റിഞ്ചോ ഓലപ്പുരക്കൽ | 11 |
| ഫാ. ജോയി അടമ്പുകുളം | 12 |
| ഫാ. ജോസഫ് പൂവ്വത്തൂക്കാരൻ | 13 |
| ഫാ. ടൈസൻ മണ്ടുംപാൽ | 13 |
| ഫാ. ലിജോ ജോസ് ചിരിയങ്കണ്ടത്ത് | 13 |
| ഫാ. മാത്യു കുറ്റിക്കോട്ടയിൽ | 14 |
| ഫാ. ജോൺ മുളക്കൽ | 14 |
| ഫാ. ജോസഫ് പുളിക്കൻ | 16 |
| ഫാ. തോമസ് വടക്കേത്തല | 16 |
| ഫാ. മാത്യു ചാക്കേരി | 16 |
| ഫാ. തോബിയാസ് ചാലക്കൽ | 17 |
| ഫാ. ഡൈജോ പൊറുത്തൂർ | 18 |
| ഫാ. സെബി ചിറ്റാട്ടുകര | 19 |
| ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് | 19 |
| ഫാ. ആൻസിൽ ജോൺ വെള്ളറ | 19 |
| ഫാ. ഫ്രെഡറിക് എലുവത്തിങ്കൽ | 20 |
| ഫാ. ക്രിസ്റ്റീൻ ചിറമ്മൽ | 21 |
| ഫാ. ജിജോ മുരിങ്ങാത്തേരി | 22 |
| ഫാ. വർഗ്ഗീസ് ഊക്കൻ | 22 |
| ഫാ. ജോസ് പുലിക്കോട്ടിൽ | 24 |
| ഫാ. ജോബി കടപ്പൂരാൻ | 25 |
| ഫാ. സിൻസൺ എടക്കളത്തൂർ | 25 |
| ഫാ. ബിനോയ് ചിറ്റിലപ്പിള്ളി | 27 |
| ഫാ. ലോറൻസ് ഒലക്കേങ്കിൽ | 27 |
| ഫാ. മേജോ കോരെത് | 28 |
| ഫാ. ജിയോ ചെറടായി | 28 |
| ഫാ. റിജോയ് തൈവളപ്പിൽ | 28 |
| ഫാ. ആന്റണി മേച്ചേരി | 28 |
| ഫാ. ജോബ് വടക്കൻ | 29 |
| ഫാ. ജിന്റോ ചൂണ്ടൽ | 29 |
| ഫാ. സലീഷ് അറങ്ങാശ്ശേരി | 29 |
| ഫാ. ചാക്കോ നടക്കവേലിയിൽ | 30 |
| ഫാ. ഫ്രാൻസിസ് അറക്കൽ | 30 |
| ഫാ. ഫ്ളെർജിൻ തയ്യാലക്കൽ | 30 |

## നാമഹേതുകതിരുനാൾ

| | |
|---|---|
| ഫാ. ജോർജ്ജ് തോമസ് നിരപ്പുകാലയിൽ | 24 |
| ഫാ. ജിഫി മേക്കാട്ടുകുളം | 24 |
| ഫാ. ജോർജ്ജ് വടക്കേത്തല | 24 |
| ഫാ. വർഗ്ഗീസ് കൂത്തൂർ | 24 |
| ഫാ. പ്രദീപ് മാപ്രാണത്തുക്കാരൻ | 24 |
| ഫാ. വർഗ്ഗീസ് കാഞ്ഞിരത്തിങ്കൽ | 24 |
| ഫാ. സിജോ അരിക്കാട്ട് | 24 |
| ഫാ. ജോർജ്ജ് തേറാട്ടിൽ | 24 |
| ഫാ. മനോജ് കീഴൂരുമുട്ടിക്കൽ | 24 |
| ഫാ. ജോർജ്ജ് ചെറുവത്തൂർ | 24 |
| ഫാ. സോബിൻ പായിക്കാട്ട് | 24 |
| ഫാ. ജോഷി പറോക്കാരൻ | 24 |
| ഫാ. വർഗ്ഗീസ് കരിപ്പേരി | 24 |
| ഫാ. ജിജോ മുരിങ്ങാത്തേരി | 24 |
| ഫാ. വർഗ്ഗീസ് ഊക്കൻ | 24 |
| ഫാ. ജിന്റോ ചൂണ്ടൽ | 24 |

| | |
|---|---|
| ഫാ. ജോർജ്ജ് ചേലപ്പാടൻ | 24 |
| ഫാ. പ്രിൻസ് പിണ്ടിയാൻ | 24 |
| ഫാ. വർഗ്ഗീസ് തരകൻ | 24 |
| ഫാ. വർഗ്ഗീസ് കരിയാറ്റിൽ | 24 |
| ഫാ. ജസ്റ്റിൻ തേക്കാനത്ത് | 24 |
| ഫാ. ഷാജൻ തേർമഠം | 24 |
| ഫാ. ജോജു ആളൂർ | 24 |
| ഫാ. ജെയ്സൻ പുന്നാശ്ശേരി | 24 |
| ഫാ. വർഗ്ഗീസ് മേലിട്ട് പാലത്തിങ്കൽ | 24 |
| ഫാ. ജോർജ്ജ് ചിറമ്മൽ | 24 |
| ഫാ. ജിയോ തരകൻ | 24 |
| ഫാ. ഡേവിസ് ചെറയത്ത് ജൂനിയർ | 24 |
| ഫാ. വർഗ്ഗീസ് എടക്കളത്തൂർ | 24 |
| മോൺ. ജോർജ്ജ് അക്കര | 24 |
| മോൺ. ജോർജ്ജ് മാനാടൻ | 24 |
| ഫാ. ജിയോ ചിരിയങ്കണ്ടത്ത് | 24 |
| ഫാ. ജോജു പൊറുത്തൂർ | 24 |
| ഫാ. മനോജ് താണിക്കൽ | 24 |
| മോൺ. ജോർജ്ജ് കോമ്പാറ | 24 |
| ഫാ. ജോർജ്ജ് എടക്കുളത്തൂർ | 24 |
| ഫാ. റോജോ എലുവത്തിങ്കൽ | 24 |
| ഫാ. ലിജോ ചാലിശ്ശേരി | 24 |
| ഫാ. ജോർജ്ജ് തേർമഠം | 24 |
| ഫാ. വർഗ്ഗീസ് പാലത്തിങ്കൽ | 24 |
| ഫാ. പ്രിന്റോ കുളങ്ങര | 24 |
| ഫാ. ജോമോൻ മുരിങ്ങാത്തേരി | 24 |

അതിരൂപതയുടെ പ്രാർത്ഥനാശംസകൾ

## ചരമദിനങ്ങൾ

| | |
|---|---|
| ഗീവർഗ്ഗീസ് പെരുമാട്ടിൽ | 25.04.1895 |
| യോഹന്നാൻ അമ്പൂക്കൻ | 19.04.1930 |
| തോമസ് മാളിയേക്കൽ | 16.04.1944 |
| മാത്യു കൊള്ളന്നൂർ | 27.04.1944 |
| ജോർജ്ജ് വാഴപ്പിള്ളി | 18.04.1962 |
| സെബാസ്റ്റ്യൻ തട്ടിൽ | 01.04.1963 |
| ജോസഫ് വലിയവീട്ടിൽ | 10.04.1972 |
| ജോൺ വാലികോടത്ത് | 24.04.1973 |
| അബ്രാഹം കിഴക്കൂടൻ | 28.04.1977 |
| സേവ്യർ അക്കര | 07.04.1978 |
| ഫ്രാൻസിസ് ബ്രഹ്മകുളം | 18.04.1982 |
| പോൾ കല്ലൂക്കാരൻ | 16.04.1983 |
| ജോൺ ചാലക്കൽ | 14.04.1991 |
| മോൺ. ജേക്കബ് അടമ്പുകുളം | 11.04.1993 |
| മോൺ. ഇഗ്നേഷ്യസ് ചാലിശ്ശേരി | 11.04.1997 |
| ഫ്രാൻസിസ് ചിറമ്മൽ | 18.04.1997 |

അതിരൂപതയുടെ സ്മരണാഞ്ജലി

# സന്യസ്തർ

## സി.ആർ.ഐ വാർത്തകൾ

01.02.2017 സി.എം.സി. മണ്ണുത്തിയിൽ പുതുതായി ഹോമിയോ, കൗൺസിലിംഗ് സെന്റർ പ്രവർത്തനം ആരംഭിച്ചു. സി. ഗ്രെയ്സ് തോമസ്, സി. സ്റ്റെയിൻ ഗ്രെയ്സ് എന്നിവർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

സി.എച്ച്.എഫ്. പ്രൊവിൻഷ്യൽ സി. മേഴ്സി പോൾ കാച്ചേരി, അരണാട്ടുകര, പാവനാത്മ എന്നീ മഠങ്ങളിൽ കാനോനിക സന്ദർശനം നടത്തി.

03.02.2017 സി.എം.സി. മണ്ണുത്തി ഇടവകയിൽ ഇന്നുമുതൽ പത്ത് ദിവസത്തേക്ക് ഹോം മിഷൻ ആരംഭിച്ചു.

05.02.2017 സി.എച്ച്.എഫ്.വടൂക്കര സോഷ്യോ മെഡിക്കൽ സെന്ററിന്റെ വാർഷീകാഘോഷ പരിപാടി നവജ്യോതി വികർ പ്രൊവിൻഷ്യൽ റവ. സി.ജെയ്സി ജോൺ ഉദ്ഘാടനം ചെയ്ത് ആശംസകൾ നേർന്നു.

എഫ്.സി.സി. ഈ വർഷം ഔദ്യോഗിക രംഗത്തുനിന്ന് വിരമിക്കുന്ന എല്ലാ അധ്യാപക – അനധ്യാപകർക്കായി 2017 ഫെബ്രുവരി 5–ാം തീയതി ഞായറാഴ്ച 2 pm ന് അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് ഒരു യാത്രയയപ്പ് നൽകി.

07.02.2017 സി.എച്ച്.എഫ്. ഫാത്തിമ കോൺവെന്റ് പൂമല, സെന്റ് പയസ്സ് കോൺവെന്റ് വടക്കാഞ്ചേരി എന്നീ മഠങ്ങളിൽ പ്രൊവിൻഷ്യൽ റവ. സി. മേഴ്സി പോൾ കാനോനിക സന്ദർശനം നടത്തി.

09.02.2017 സി.എച്ച്.എഫ്. എളനാട് ഹോളി ഫാമലി നേഴ്സറി സ്ക്കൂളിന്റെ വാർഷീകാഘോഷ പരിപാടി നവജ്യോതി വികർ പ്രൊവിൻഷ്യൽ റവ.സി.ജെയ്സി ജോൺ ഉദ്ഘാടനം ചെയ്ത് ആശംസകൾ നേർന്നു.

എഫ്.സി.സി. വെങ്ങിണിശ്ശേരി പി. എച്ച് കോൺവെന്റിനോടനുബന്ധിച്ച് പണികഴിപ്പിച്ച ചാപ്പലിന്റെ വെഞ്ചെരിപ്പ്കർമ്മം വൈകിട്ട് 4 മണിക്ക് തൃശൂർ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവിന്റ കാർമ്മികത്വത്തിൽ നടത്തി.

എസ്.എ.ബി.എസ്. പാലയൂർ ഭവനത്തിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ മദർ ലിറ്റിൽ മരിയ തെക്കേക്കര കാനോനിക സന്ദർശനംനടത്തി.

16.02.2017 എസ്.എ.ബി.എസ്. ഈ വർഷം പ്രഥമവ്രതവാഗാദാനത്തിന്റെ സുവർണ, രജത ജൂബിലി ആഘോഷിക്കുന്ന സിസ്റ്റേഴ്സിനുവേണ്ടി പ്രൊവിൻഷ്യൽ ഹൗസിൽ പതിമൂന്നുമണി ആരാധന നടത്തി.

17.02.2017 സി.എച്ച്.എഫ്. പുതിയതായി പണിത ഒളരിക്കര ലിറ്റിൽക്വീൻ പബ്ലിക്ക് സ്ക്കൂളിന്റെ ഉദ്ഘാടനവും, വെഞ്ചിരിപ്പും, സ്ക്കൂൾ വാർഷീകവും നടത്തി. അഭിവന്ദ്യ മാർ. ആഡ്രൂസ് താഴത്ത് പിതാവ് സ്ക്കൂളിന്റെ ഉദ്ഘാടനവും, വെഞ്ചിരിപ്പിന്റെ മുഖ്യകാർമ്മീകത്വവും വഹിച്ചു. വാർഷീകാഘോഷ പരിപാടികളിൽ പ്രൊവിൻഷ്യൽ റവ.സി.മേഴ്സി പോൾ അദ്ധ്യക്ഷപദമലങ്കരിക്കുകയും വികാരി ജനറാൾ മോൺ. തോമസ്സ് കാക്കശ്ശേരി ആശംസകൾ നേരുകയും മുൻ പ്രൊവിൻഷ്യൽ റവ. സി.ഫിലോ ജോസഫ് വെബ്സൈറ്റ് ഉദ്ഘാടനം ചെയ്ത് ആശംസകൾ നേരുകയും ചെയ്തു.

എഫ്.സി.സി. ഫെബ്രുവരി മാസത്തെ ഉപവാസ പ്രാർത്ഥനാസമ്മേളനം 18-ാം തീയതി ശനിയാഴ്ച അമല മേരി റാണി ഭവനത്തിൽ വെച്ച് നടന്നു.

എഫ്.സി.സി. പഴുവിൽ സെന്റ് ആൻസ് എൽ. പി. സ്കൂളിന്റെ നവതി സമുചിതമായ പരിപാടികളോടെ ആഘോഷിച്ചു.

എസ്.എ.ബി.എസ്. സന്യാസവ്രതവാഗ്ദാനത്തിന്റെ അമ്പതും ഇരുപത്തഞ്ചും വർഷങ്ങൾ പൂർത്തിയാക്കിയ സിസ്റ്റേഴ്സിന്റെ സുവർണ്ണ, രജത ജൂബിലി പ്രൊവിൻഷ്യൽ ഹൗസിൽ ആഘോഷിച്ചു.

എസ്.എ.ബി.എസ്. ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ 5 പൂർണ്ണദിനത്തെ Founder's Spirituality Retreat നടത്തി. വിവിധ ഭവനസമൂഹങ്ങളിൽ നിന്നായി 38 പേർ ഇതിൽ സംബന്ധിച്ചു.

22.02.2017 സി.എം.സി.ഈ വർഷം ഔദ്യോഗിക രംഗത്തുനിന്ന് വിരമിക്കുന്ന സി.എം.സി. മേനേജ്മെന്റിന്റെ കീഴിലുള്ള അധ്യാപിക - അനധ്യാപികർക്ക് കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് ഹൃദ്യമായ യാത്രാമംഗളം ആശംസിച്ചു.

24.02.2017 സി.എസ്.എം.- ലൂർദ്ദ് നാഥാ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തിയ vocation Promoters - ന്റെ മീറ്റിംഗിൽ ബന്ധപ്പെട്ട എല്ലാ സിസ്റ്റേഴ്സും പങ്കെടുത്തു.

26.02.0217 സി.എം.സി. ആസ്പിരൻസി കാലഘട്ടം പൂർത്തിയാക്കി 7 അർത്ഥിനികൾ വാർദ്ധയിൽ നിന്ന് തിരിച്ചെത്തി.

എഫ്.സി.സി. വാരണാസിയിൽ വെച്ച് നടന്ന ഫ്രാൻസിസ്കൻ സംഘടനയായ AFFI യുടെ ദേശീയതല മേജർ സുപ്പീരിയേഴ്സ് കോഫറൻസിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. റോസ് അനിത പങ്കെടുത്തു.

എസ്.എ.ബി.എസ്. ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ വൊക്കേഷൻ പ്രമോട്ടേഴ്സിന്റെ മീറ്റിംഗ് നടന്നു.

28.02.2017 സി.എം.സി. നിർമ്മലോദയ മിഷൻ ബോംബെ, ബഥാനിയ ഒല്ലൂർ, സി.കെ.സി.പാവറട്ടി, തൊഴുപാടം എന്നീ ഭവനങ്ങളിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. അനിജ കാനോനിക സന്ദർശനം നടത്തി.

**ആദരാഞ്ജലികൾ**



04.02.2017 സി.എം.സി. സി.കോൾമൻ നിര്യാതയായി. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ മൃതസംസ്കാര കർമ്മങ്ങൾ നിർവഹിക്കുകയും ചൂണ്ടൽ മരീനാ ഹോം മഠം വക കല്ലറയിൽ സംസ്ക്കരിക്കുകയും ചെയ്തു.



08.02.2017 സി.എസ്.സി. ബഹു. സി. ആൽബൻ സി.എസ്.സി. നിര്യാതയായി. 09-ാം തീയതി 11.00 ന് തൃശൂർ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ കൂർക്കഞ്ചേരി മഠം ചാപ്പലിനോട് ചേർന്ന കല്ലറയിൽ സംസ്ക്കരിച്ചു.



10.02.2017 എസ്.എൻ.ഡി.എസ്. നിർമ്മലദാസി സമർപ്പിത സമൂഹാംഗം സിസ്റ്റർ മാർഗരറ്റ് പാണേങ്ങാട്ട് (63), ഫെബ്രുവരി 10-ാം തിയതി നിര്യാതയായി. മൃതസംസ്കാരം ഫെബ്രുവരി 11-ന് ഉച്ചതിരിഞ്ഞ് 04.00 ന് മുളയം നോവിഷ്യേറ്റ് ഭവനത്തിൽ വച്ച് തൃശ്ശൂർ അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടത്തപ്പെട്ടു.



18.02.2017 എഫ്.സി.സി.. മുണ്ടൂർ സെന്റ് ഫ്രാൻസീസ് ഭവനാംഗമായ ബ. സി. കൊർഡേലിയ ഫെബ്രുവരി 18-ാം തീയതി നിര്യാതയായി. തൃശൂർ അതിരൂപത വികാരി ജനറാൾ മോ. ജോർജ്ജ് കോമ്പാറയുടെ മുഖ്യ കാർമ്മികത്വത്തിൽ മുണ്ടൂർ സെന്റ് ഫ്രാൻസീസ് മഠം ചാപ്പലിനോട് ചേർുള്ള കല്ലറയിൽ സിസ്റ്ററിന്റെ മൃതദേഹം സംസ്കരിച്ചു.

സി. ജോസഫൈൻ പാലത്തിങ്കൽ SABS
സി. ആർ.ഐ. സെക്രട്ടറി

# സ്ഥാപനങ്ങൾ

Ph : 2320828, 2333245

## മതബോധനകേന്ദ്രം

http://catechismtrichur.blogspot.in|

### മതബോധന വിദ്യാർത്ഥികൾക്ക് അഭിവന്ദ്യ മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ കത്ത്

എനിക്കേറ്റവും പ്രിയപ്പെട്ട കുട്ടികളെ,

മധ്യവേനൽ അവധിയിലേക്ക് പ്രവേശിച്ചിരിക്കുന്ന നിങ്ങൾക്ക് എല്ലാവിധ ആശംസകളും മംഗളങ്ങളും നേരുന്നു. വാർഷിക പരിപാടികൾ നന്നായി എഴുതിയിട്ടുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. നല്ല വിജയത്തിനായി പ്രാർത്ഥിക്കുന്നു.

ഉൽപത്തി പുസ്തകത്തിൽ വായിക്കുന്നതുപോലെ ആറുദിവസത്തെ സൃഷ്ടികർമ്മത്തിന്റെ അദ്ധ്വാനത്തിനുശേഷം ദൈവം ഏഴാം ദിവസം വിശ്രമിച്ചു. അതുപോലെയാണ് ദീർഘനാളത്തെ കഠിനപ്രയത്നത്തിനും, പഠനത്തിനുശേഷം മധ്യവേനൽ അവധിയിലേക്കും നാം പ്രവേശിക്കുന്നത്.

അവധിക്കാലം ഒന്നും ചെയ്യാതെ വെറുതെ ഇരിക്കുന്ന അവസ്ഥ അല്ല; മറിച്ച് ആവശ്യമായ വിശ്രമത്തോടൊപ്പം മനസ്സിനും ശരീരത്തിനും ആത്മാവിനും കൂടുതൽ ഊർജ്ജസ്വലത വരുത്തുന്നതിനായി വ്യത്യസ്ത കർമ്മപരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുക എന്നതാണ്. അതുകൊണ്ട് ഏതാനും കർമ്മപരിപാടികൾ ഞാൻ നിങ്ങളുടെ മുൻപിൽ അവതരിപ്പിക്കുന്നു.

1. മധ്യവേനൽ അവധിക്കാലം ആത്മീയ വളർച്ചയുടെ കാലഘട്ടമാകുന്നു അതുകൊണ്ട് അവധിക്കാലത്ത് എല്ലാ ദിവസവും

വി. കുർബ്ബാനയിൽ പങ്കെടുക്കാൻ പരിശ്രമിക്കണം. മാത്രമല്ല വീട്ടിൽ തിരുസ്വരൂപം അലങ്കരിക്കുന്നതിനും കുടുംബപ്രാർത്ഥന യിൽ ശ്രദ്ധിക്കുന്നതിനും പറ്റിയ അവസരമാണിത്. സാധിക്കുന്നവർ ക്രിസ്റ്റീൻ ധ്യാനം, തീർത്ഥാടനങ്ങൾ തുടങ്ങിയവയിൽ പങ്കെടു ക്കുവാൻ ശ്രദ്ധിക്കുമല്ലോ? നോമ്പുകാല ചൈതന്യത്തിൽ കുരി ശിന്റെ വഴി നടത്തുന്നതിൽ നിങ്ങൾ നേതൃത്വം കൊടുക്കണം. വലിയ ആഴ്ചയിലെ തിരുകർമ്മങ്ങൾ വളരെയേറെ ദൈവാനുഗ്ര ഹങ്ങൾ ലഭിക്കുന്ന അവസരമാണെന്ന് ഓർമ്മവേണം.

2. ബുദ്ധിപരമായ വികാസത്തിന് പറ്റുന്ന അവസരമാണ് അവ ധിക്കാലം. ദൈവദർശൻ ക്യാമ്പിൽ നിർബന്ധമായും പങ്കെടുക്കു മല്ലോ എന്തെങ്കിലും ഒരു നല്ല പുസ്തകം ഈ അവധിക്കാലത്ത് വായിക്കാനുള്ള നിർബന്ധബുദ്ധി ഉണ്ടാകണം. അതിരൂപതയുടെ EXCEL അക്കാദമിയെക്കുറിച്ച് ഓർമ്മയുണ്ടല്ലോ, സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സ്, കമ്പ്യൂട്ടർ ട്രെയ്നിംഗ്, സ്കിൽ ട്രെയ്നിംഗ് പ്രോഗ്രാം, നൃത്തം, ചിത്രരചന, മ്യൂസിക് തുടങ്ങിയ കലാ അഭി രുചികൾ വളർത്തുന്ന ക്ലാസുകളിലും പങ്കെടുക്കുന്നത് വ്യക്തിത്വ വികാസത്തിന് സഹായിക്കുന്നതാണ്.

3. അവധിക്കാലം ബന്ധങ്ങൾ വളർത്താനുള്ള കാലഘട്ടമാണ്. മാതാപിതാക്കളും സഹോദരങ്ങളും ബന്ധുമിത്രാദികളോടുകൂടെ കൂടുതൽ സമയം ചിലവഴിക്കുവാൻ നിങ്ങൾക്ക് സാധിക്കണം. ടി. വി., കമ്പ്യൂട്ടർ, മൊബൈൽ ഫോൺ എന്നിവയ്ക്കു മുൻപിൽ മാത്രം സമയം ചിലവഴിക്കാതെ, വാട്സ് ആപ്പ്, ഫെയ്സ്ബുക്ക് തുടങ്ങിയ സോഷ്യൽ മീഡിയ വഴിയുള്ള ബന്ധങ്ങളെക്കാൾ ഉപരി, മാതാപിതാക്കളോടും സഹോദരങ്ങളോടുമുള്ള ബന്ധം വളർത്താനാണ് പ്രാധാന്യം നൽകേണ്ടത്. സമൂഹത്തിൽ വേദനി ക്കുന്നവരെ കണ്ടുമുട്ടുവാനും അവരെ സഹായിക്കാനും പരിശ്ര മിക്കുന്നത് ദൈവമനുഷ്യബന്ധം വളർത്താൻ സഹായിക്കും. അഗതി മന്ദിര സന്ദർശനങ്ങൾ ഇതിന് നല്ല ഉപാധിയാണ്.

4. നമ്മുടെ ശരീരത്തിന് ശക്തി സംഭരിക്കേണ്ട അവസരമാണ് അവധിക്കാലം. അതുകൊണ്ട് കായിക അഭ്യാസ പഠനത്തിനും, കളികൾക്കും ആവശ്യമായ സമയം കണ്ടെത്തണം. മത്സരങ്ങൾ ജീവിത വിജയത്തിന് ആവശ്യമാണ്. കളികളിലെ വിജയവും പരാജയവും ജീവിതത്തിന്റെ ഭാഗമാണെന്ന് മനസ്സിലാക്കാൻ നമുക്ക് സാധിക്കണം.

5. പ്രകൃതിയോട് ഇണങ്ങിച്ചേരാനുള്ള അവസരമാണ് അവധിക്കാലം പൂന്തോട്ടം, അടുക്കളത്തോട്ടം മുതലായവ നിർമ്മിക്കുന്നതിനും പരിസ്ഥിതി സംരക്ഷണം, മാലിന്യനിർമ്മാർജ്ജനം തുടങ്ങിയവയ്ക്കുള്ള പ്രായോഗിക പരിജ്ഞാനം ലഭിക്കുന്നതിനും ഈ കാലഘട്ടം ഉപയുക്തമാക്കണം.

പ്രിയകുട്ടികളെ, ഈ അവധിക്കാലത്ത് നിങ്ങളുടെ സമയം എങ്ങനെയാണ് ഏറ്റവും നന്നായി ചിലവഴിക്കാൻ പോകുന്നത് എന്നതിനെ സംബന്ധിച്ച് നിങ്ങൾക്ക് ഒരു കർമ്മപരിപാടി ഉണ്ടാകണം. രണ്ട് മാസത്തേക്കുള്ള കർമ്മപരിപാടികളുടെ ടൈം ടേബിൾ നിങ്ങൾ തന്നെ എഴുതിയുണ്ടാക്കി നിങ്ങളുടെ മാതാപിതാക്കന്മാരോടും സഹോദരങ്ങളോടും കൂടി വെക്കേഷന്റെ ആദ്യആഴ്ചയിൽ തന്നെ ചർച്ച ചെയ്യുന്നത് നല്ലതാണ്. സാധിക്കുമെങ്കിൽ ഒരു കോപ്പി എനിക്ക് അയച്ചുതരുമല്ലോ. ഏറ്റവും നല്ല ടൈം ടേബിൾ എഴുതുന്ന ആൾക്ക് ഞാൻ സമ്മാനം നൽകുന്നതാണ്. ഏറ്റവും അനുഗ്രഹപ്രദായകമായ അവധിക്കാലം ആശംസിക്കുന്നു. അടുത്തുവരുന്ന ഉയിർപ്പുതിരുനാളിന്റെ മംഗളങ്ങളും നേർന്നുകൊണ്ട്

യേശുവിൽ നിങ്ങളുടെ പിതാവ്

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**

തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

ഇക്കഴിഞ്ഞ അധ്യയനവർഷത്തിലെ വിശ്വാസപരിശീലനം വിജയകരമായി പൂർത്തിയാക്കിയ എല്ലാവരേയും അഭിനന്ദിക്കുന്നു. ക്രിസ്തുവിനോട് ചേർന്നു നിൽക്കുവാൻ അവരെ പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയും ചെയ്യുന്ന ബഹു. വൈദികർക്കും സമർപ്പിതർക്കും മതാധ്യാപകർക്കും മാതാപിതാക്കന്മാർക്കും കൃതജ്ഞതാ നിർഭരമായ പ്രാർത്ഥനാശംസകൾ. വാർഷിക പരീക്ഷകൾ കൃത്യമായി നടത്തുന്നതിന് സഹായിച്ചവർക്കും മൂല്യനിർണ്ണയത്തിൽ പങ്കെടുത്തവർക്കും പ്രത്യേകം നന്ദി.

**1. Std. XII, ACC വാർഷിക പരീക്ഷാഫലം**

**ACC** പരീക്ഷാഫലം 2017 ഏപ്രിൽ 22 നും **Std. XII** പരീക്ഷാഫലം 2017 ഏപ്രിൽ 29 നും അതിരൂപതാ മതബോധനകേന്ദ്രത്തിന്റെ Blog-ൽ പ്രസിദ്ധീകരിക്കുന്നതാണ്. പ്രസിദ്ധീകരിക്കുമ്പോൾ പ്രധാനാധ്യാപകരെ **SMS** വഴി അറിയിക്കുന്നതാണ്.

**Blog Address:** http://catechismtrichur.blogspot.in

**2. Std. XII ഉത്തരക്കടലാസ്സ് പുനർ മൂല്യനിർണ്ണയം**

ഉത്തരക്കടലാസ്സുകൾ വീണ്ടും മൂല്യനിർണ്ണയം ചെയ്യണമെന്ന് ആഗ്രഹിക്കുന്നവർ അപേക്ഷ നൽകേണ്ട അവസാന തിയതി മെയ് 8 ആണ്. ഫീസ് Rs. 100/-. ആവശ്യമുള്ള വിവരങ്ങൾ സഹിതം (രജിസ്റ്റർ നമ്പർ, ഫോൺ നമ്പർ) മതബോധന വിദ്യാർത്ഥി വെള്ളക്കടലാസ്സിൽ അപേക്ഷയെഴുതി ബഹു. വികാരിയച്ചന്റെയും ഹെഡ്മാസ്റ്ററുടേയും ശിപാർശയോടുകൂടി മതബോധന ഓഫീസിൽ നല്കണം.

**3. ACC Re-Examination - May 13 Saturday 2017**

2017 ഫെബ്രുവരിയിലെ **ACC** വാർഷികപരീക്ഷയിൽ തോറ്റവർക്കും പ്രസ്തുത പരീക്ഷയ്ക്ക് ഹാജരാകാൻ സാധിക്കാതിരുന്നവർക്കും, മാർക്കിൽ Improvement വേണമെന്നുള്ളവർക്കും വീണ്ടും പരീക്ഷയെഴുതാം. പരീക്ഷയ്ക്ക് മതബോധനകേന്ദ്രത്തിൽ രജിസ്റ്റർ ചെയ്യേണ്ട അവസാനതിയതി മെയ് 2. രജിസ്റ്റർ ചെയ്യുമ്പോൾ 2017 ഫെബ്രുവരിയിലെ വാർഷികപരീക്ഷയുടെ ഹാൾടിക്കറ്റ് കൊണ്ടുവരണം. പരീക്ഷാഫീസ് Rs. 100/-

**പരീക്ഷാവിവരങ്ങൾ:**

| | | |
|---|---|---|
| തിയതി | : | 2017 മെയ് 13 |
| ദിവസം | : | ശനി |
| സമയം | : | 01.30 PM - 04.30 PM |
| സ്ഥലം | : | മതബോധനകേന്ദ്രം, DBCLC, തൃശൂർ |
| സിലബസ്സ് | : | 2016-2017 അധ്യയനവർഷത്തെ ACC സിലബസ് |

**4. ഹെഡ്മാസ്റ്റർമാരുടെ കോൺഫ്രൻസ് മെയ് 21 ഞായർ (മുഴുവൻ ദിവസം):**

തിയതി : 2017മെയ് 21
ദിവസം : ഞായർ
സമയം : 09.30 AM - 4PM
സ്ഥലം : മതബോധനകേന്ദ്രം, DBCLC, തൃശൂർ

എല്ലാ ഹെഡ്മാസ്റ്റർമാരും നിർബന്ധമായും പങ്കെടുക്കണം. ദിവ്യബലി ഉണ്ടായിരിക്കും.

**5. സ്കോളർഷിപ്പ് പരീക്ഷകൾ:**

**a] ഞായറാഴ്ച മതബോധന സ്കോളർഷിപ്പ് പരീക്ഷ ഏപ്രിൽ 22 ശനി, 2PM-4PM.**

- പരീക്ഷക്ക് അർഹരായ കുട്ടികളുടെ പേരുകൾ മതബോധനകേന്ദ്ര ത്തിന്റെ Blog-ൽ പ്രസിദ്ധീകരിക്കുന്നതാണ്.
- ഹാൾ ടിക്കറ്റുകൾ ഏപ്രിൽ 17 മുതൽ മതബോധനകേന്ദ്രത്തിൽ നിന്നും വാങ്ങാവുന്നതാണ്.
- ഹാൾ ടിക്കറ്റിൽ ഹെഡ്മാസ്റ്റർ ഒപ്പിടണം.
- സ്കോളർഷിപ്പ് പരീക്ഷയ്ക്ക് അർഹരായ കുട്ടികൾ ഹാൾ ടിക്കറ്റിൽ സൂചിപ്പിച്ചിരിക്കുന്ന പരീക്ഷാകേന്ദ്രത്തിൽ പരീക്ഷ തുടങ്ങുന്നതിനു 15 മിനിറ്റു മുമ്പ് എത്തേണ്ടതാണ്.

*Sunday Scholarship Examination Centres:*

| | | |
|---|---|---|
| 1. | Chelakkara | St. Mary's Church |
| 2. | Cheroor | St. Francis Xavier's Church |
| 3. | Cherpu | St. Antony's Church |
| 4. | Eravu | St. Theresa's Church |
| 5. | Mannampetta | Mary Immaculate Church |
| 6. | Mannuthy | St. Antony's Church |
| 7. | Ollur | St. Mary's CGHS |
| 8. | Palakkal | St. Mathew's Church |
| 9. | Pavaratty | Christ King, C. G. H.S. |
| 10. | Peramangalam | St. Mary's Church |
| 11. | Thrissur Cathedral | St. Mary's Lourde Cathedral |
| 12. | Thrissur Dolours | Mathanikethan, Thrissur Dolours Basilica |
| 13. | Wadakkanchery | Clelia Barbieri Holy Angels Eng. Medium High School |
| 14. | West Fort (Thrissur) | St. Anne's Church |

**പ്രത്യേകപുസ്തകം (Additional Portion)**

Stds. IV to VII കുട്ടികൾക്കുള്ള പ്രത്യേകപുസ്തകം ഈ വർഷത്തെ സ്കോളർഷിപ്പ് പരീക്ഷക്ക് താഴെ പറയുന്നവയാണ്.

| | |
|---|---|
| for Std. IV | വി. അൽഫോൻസ (Non-detailed Book of Std. V) |
| for Std. V | വി. കുരിയാക്കോസ് ഏലിയാസ് (Non-detailed Book of Std.VI) |
| for Std. VI | വി. ഡൊമിനിക് സാവിയോ (Non-detailed Book of Std. VII ) |
| for Std. VII | വി. മരിയ ഗൊരേത്തി (Non-detailed Book of Std. VIII |

Stds. VIII to XI കുട്ടികൾക്ക് 'കത്തോലിക്കാസഭ' മാസിക ഒക്ടോബർ മുതൽ ഫെബ്രുവരി ഉൾപ്പടെയുള്ള ലക്കങ്ങളിലെ 'ദർശനം' എന്ന ഭാഗത്തുനിന്നും. *വിശദവിവരങ്ങൾക്ക് Please See Annual Programme Pages 42, 43*

b] **സ്കൂൾ മതബോധനം & സന്മാർഗ്ഗശാസ്ത്രം സ്കോളർഷിപ്പ് പരീക്ഷ ഏപ്രിൽ 8 ശനി, 2PM-4PM.**

- ഹാൾ ടിക്കറ്റുകൾ ഏപ്രിൽ 1 മുതൽ മതബോധനകേന്ദ്രത്തിൽ നിന്നും വാങ്ങാവുന്നതാണ്.
- പരീക്ഷാകേന്ദ്രം ഏതെന്ന് കുട്ടികളെ കൃത്യമായി ധരിപ്പിക്കുകയും അവിടേക്കുതന്നെ വിടുകയും വേണം.

*School Catechism & Moral Science Scholarship Examination Centres:*

| | | |
|---|---|---|
| 1. Eravu | - | St. Joseph's Eng. HSS |
| 2. Mammiyur | - | Little Flower CGHSS |
| 3. Ollur | - | St. Mary's CGHS |
| 4. Palakkal | - | Aided LPS |
| 5. Thrissur | - | Basilica, Mathanikethan |
| 6. Thrissur East | - | St. Clare's CGHSS |
| 7. Wadakkanchery | - | St. Pius X CUPS |

6. **മതബോധനകമ്മീഷൻ മീറ്റിംഗ് ഏപ്രിൽ 9 ഞായർ 3 PM**

അതിരൂപതാ മതബോധനകമ്മീഷന്റെ മീറ്റിംഗ് 2017 ഏപ്രിൽ 9 ഞായർ ഉച്ചകഴിഞ്ഞ് 3 ന് മതബോധനകേന്ദ്രത്തിൽ കൂടുന്നതാണ്. എല്ലാ അംഗങ്ങളെയും സാദരം ക്ഷണിക്കുന്നു.

**7. അവധിക്കാലത്ത് ബേസിക് സി. ടി, സി.**

അധ്യാപകരുടെ സൗകര്യം പരിഗണിച്ച് അവധിക്കാലത്ത് (മെയ് 12 –14 ) ഒരു ബാച്ച് ബേസിക് സി. ടി. സി. നടത്തുവാൻ ഉദ്ദേശിക്കുന്നു. കോഴ്സ് നടത്തുവാൻ മതിയായ എണ്ണം അധ്യാപകർ ഇല്ലെങ്കിൽ കോഴ്സ് നടത്തുക സാധ്യമല്ല. അതുകൊണ്ട് ഏപ്രിൽ 20നുമുമ്പ് രജിസ്ട്രേഷൻ നടത്തേണ്ടതാണ്. കോഴ്സ് ഫീസ് സഹിതമുള്ള രജിസ്ട്രേഷനുകളേ സ്വീകരിക്കുകയുള്ളൂ.

തിയതിയും സമയവും : മെയ് 12 വെള്ളിയാഴ്ച വൈകിട്ട് 5:30 മുതൽ മെയ് 14 ഞായർ വൈകിട്ട് 4 വരെ

**8. Std. X, XI, XII Duplicate Register**

പുതിയ Duplicate Register തയ്യാറായിട്ടുണ്ട്. മതബോധന ബുക്ക്സ്റ്റാളിൽ നിന്നും വാങ്ങാവുന്നതാണ്. വില Rs. 150/- മുമ്പ് ഉപയോഗിച്ചിരുന്ന രജിസ്റ്റർ തീർന്നുവെങ്കിൽ പുതിയ രജിസ്റ്റർ വാങ്ങി ഉപയോഗിച്ചു തുടങ്ങാവുന്നതാണ്.

**9. SMCC പ്രതിഭാസംഗമം Std. VII**

SMCC പ്രതിഭാസംഗമത്തിനുള്ള 7–ാം ക്ലാസ്സിലെ കുട്ടികൾക്കുള്ള അതിരൂപതാതല പരിശീലനക്യാമ്പ് മെയ് 3,4,5 തിയതികളിൽ മതബോധനകേന്ദ്രത്തിൽ വെച്ച് നടത്തുന്നതാണ്. ക്യാമ്പിൽ പങ്കെടു ക്കുന്നതിന് തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളെ ഹെഡ്മാസ്റ്റർ മുഖേന വിശദവിവരങ്ങൾ അറിയിക്കുന്നതാണ്. ക്യാമ്പിന്റെ പ്രയോജനവും ഗൗരവവും കുട്ടികളെ ധരിപ്പിച്ച് ക്യാമ്പിന് പറഞ്ഞയയ്ക്കുമല്ലൊ. ഈ ക്യാമ്പിൽനിന്നുമാണ് സഭാകേന്ദ്രമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ മെയ് 10, 11, 12 തിയതികളിൽ നടത്തുന്ന ക്യാമ്പിൽ പങ്കെടുക്കാൻ തൃശൂർ അതിരൂപതയിൽനി ന്നുമുള്ള രണ്ട് ആൺകുട്ടികളേയും രണ്ട് പെൺകുട്ടികളേയും തെരഞ്ഞെടുക്കുന്നത്.

**10. 2017–18 അദ്ധ്യയനവർഷത്തെ പാഠപുസ്തകങ്ങളെ കുറിച്ചുള്ള അറിയിപ്പ്**

ഞായർ മതബോധനം 1–ാം ക്ലാസ്സുമുതൽ 12–ാം ക്ലാസ്സുവരെയുള്ള പാഠപുസ്തകങ്ങൾക്ക് മാറ്റമില്ല. ACC-ക്ക് YOUCAT രണ്ടാംവർഷ സിലബസ്സ് ആണ് പഠിപ്പിക്കേണ്ടത്. ACC സപ്ലിമെന്ററി പുതിയ പുസ്തകം ആയിരിക്കും.

**11.** പാഠപുസ്തകങ്ങളുടെ 2017–18 അദ്ധ്യയനവർഷത്തെ വിലവിവരപട്ടിക

| ക്ലാസ്സ് | സൺഡേ കാറ്റകിസം | | സ്കൂൾ കാറ്റകിസം | മോറൽ സയൻസ് | |
|---|---|---|---|---|---|
| | മലയാളം | ഇംഗ്ലീഷ് | മലയാളം | മലയാളം | ഇംഗ്ലീഷ് |
| I | 25 | 35 | 25 | 35 | 45 |
| II | 25 | 35 | 25 | 35 | 45 |
| III | 25 | 35 | 25 | 35 | 45 |
| IV | 25 | 35 | 25 | 35 | 45 |
| V | 30 | 40 | 25 | 40 | 45 |
| VI | 30 | 40 | 25 | 40 | 45 |
| VII | 30 | 40 | 25 | 40 | 45 |
| VIII | 30 | 40 | 25 | 40 | 45 |
| IX | 30 | 40 | 25 | 40 | 50 |
| X | 30 | 40 | 25 | 40 | 50 |
| XI | 30 | 40 | -- | 30 | 60 |
| XII | 30 | 40 | -- | 30 | 60 |

1) Non-detailed, Bible Study, Nursery Book: Rs. 10/- each.

2) ACC Basic Text Book YOUCAT (for 3 years): Rs. 150/-; ACC Supplementary Reader for 2017-18 Price will be informed later.

ഈസ്റ്റർ ആശംസകളോടെ സസ്നേഹം,

**Fr. Tens Kunnappilly**

**Fr. Jijo Kappilamnirappel**

Asst. Directors

**Fr. Raphael Akkamattathil**

Director

# INSTITUTE OF THEOLOGY, TRICHUR

(Phone : 0091-0487- 2333245)
E-mail: Institute.of.theology@gmail.com

## 1. B. A. in Theology and Religious Studies :

ഈ കോഴ്സിലേക്കുള്ള പുതിയ ബാച്ച് 2017 ഏപ്രിൽ മാസത്തിൽ ആരംഭിക്കുന്നു. ഞായറാഴ്ചകളിൽ 2 PM മുതൽ 5 PM വരെയും രണ്ടാം ശനിയാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും 9.30AM മുതൽ 5 PM വരെയും ആയിരിക്കും ക്ലാസ്സുകൾ. ജോലിയിൽ നിന്ന് റിട്ടയർ ചെയ്തവർക്കും ഈ കോഴ്സിൽ സംബന്ധിക്കാം. ആഗ്രഹമുള്ളവർ DBCLCയിലുള്ള Institute of Theology Office -മായി ബന്ധപ്പെടുക.

## 2. Correspondence Theology Course:

കറസ്പോണ്ടൻസ് തിയോളജിയുടെ അടുത്ത ക്ലാസ്സുകൾ ഏപ്രിൽ 9, 23 എന്നീ ഞായറാഴ്ചകളിൽ രണ്ടു മണി മുതൽ അഞ്ചു മണി വരെ ആയിരിക്കും.

ഈസ്റ്റർ ആശംസകളോടെ,

**ഫാ. റാഫേൽ ആക്കാമറ്റത്തിൽ**

ഡയറക്ടർ

# പാലയൂർ മാർതോമ അതിരൂപതാ തീർത്ഥകേന്ദ്രം

**1. 20–ാം പാലയൂർ മഹാതീർത്ഥാടനം – 2017 ഏപ്രിൽ 2 ഞായർ.**

**മുഖ്യപദയാത്ര** – ലൂർദ്ദ് കത്തീഡ്രലിൽ നിന്ന് രാവിലെ 7.00 മണിക്ക്
**ഉപപദയാത്രകൾ** – ഒല്ലൂർ, പഴുവിൽ, വേലൂർ, വടക്കാഞ്ചേരി, എരുമപ്പെട്ടി, കൊട്ടേക്കാട്, മറ്റം, കണ്ടശാംകടവ്, തീരദേശം.
**പൊതുസമ്മേളനം** – ഉച്ചകഴിഞ്ഞ് 2.00 മണിക്ക് പാലയൂർ
*മുഖ്യാതിഥി* – ആർച്ച്ബിഷപ്പ് മാർ ഫിലിപ്പ് നേരി (ഗോവ ആർച്ച്ബിഷപ്പ്)
*അധ്യക്ഷൻ* – മാർ ആൻഡ്രൂസ് താഴത്ത് (മെത്രാപ്പോലീത്ത), മാർ ജേക്കബ് തൂങ്കുഴി, മാർ റാഫേൽ തട്ടിൽ, മാർ ജോസഫ് പാസ്റ്റർ നീലങ്കാവിൽ, എന്നീ വിശിഷ്ടാതിഥികൾ പങ്കെടുക്കുന്നു.
ഉച്ചകഴിഞ്ഞ് 2.45 ന് **സമൂഹബലി**

**2. പാലയൂർ വചനമണ്ഡപത്തിൽ വചനം വായിക്കാം**

മാർതോമാശ്ലീഹായുടെ പ്രഥമ വചനപ്രഘോഷണവേദിയായ പാലയൂരിലെ വചനമണ്ഡപത്തിൽ ദൈവവചനം വായിച്ച് അനുഗ്രഹീതരാകുവാൻ ഏവരെയും ക്ഷണിക്കുന്നു. പാലയൂരിലെ മാർതോമാ

വിശ്വാസകവാടത്തിനുസമീപം വചനമണ്ഡപത്തിൽ ഓരോരുത്തർക്കും ഇഷ്ടമുള്ള ഭാഷയിലെ ബൈബിൾ എടുത്ത് ചുരുങ്ങിയത് 7 വാക്യങ്ങളെങ്കിലും വായിക്കുക. വായിച്ചയാൾ താൻ വായിച്ച വചനഭാഗവും സ്വന്തം പേരും അഡ്രസ്സും ഒപ്പും സമീപത്തുവച്ചിരിക്കുന്ന വചനവായന രജിസ്ട്രറിൽ രേഖപ്പെടുത്തേണ്ടതാണ്. അടുത്തതായി വായിക്കാൻ ഒരാൾ സമീപത്തില്ലെങ്കിൽ മൈക്ക് സ്വിച്ച് ഓഫ് ചെയ്യുക.

**3) ദണ്ഡവിമോചനം**

50 നോമ്പിലെ വെള്ളിയാഴ്ചകളിലും മഹാതീർത്ഥാടനദിനത്തിലും ഏപ്രിൽ 23 -ാം തിയ്യതിയും യോഗ്യതാപൂർവ്വം വിശ്വാസകവാടത്തിലൂടെ പ്രവേശിക്കുന്നവർക്ക് ദണ്ഡവിമോചനം ലഭിക്കുന്ന ദിവസങ്ങളാണ്.

**4) പുതുഞ്ഞായർ തിരുനാൾ**

ഏപ്രിൽ 23 ന് പുതുഞ്ഞായർ തിരുനാൾ ആഘോഷിക്കുന്നു. ഏപ്രിൽ 16 ന് ഈസ്റ്റർ ആയതുകൊണ്ട് 23-ാം തിയ്യതി തന്നെയാണ് മുപ്പിട്ട് ഞായർ തിരുനാളും സമൂഹമാമ്മോദീസായും ആഘോഷിക്കുന്നത്.

**5) ചൊവ്വാഴ്ചയാചരണം**

മാർതോമാശ്ലീഹായുടെ ദിവസമായി പണ്ടുമുതലേ പാലയൂരിൽ ആചരിച്ചുപോന്നിരുന്നത് ചൊവ്വാഴ്ചകളിലാണ്. ചൊവ്വാഴ്ചകളിൽ രാവിലെ 6.30 ന്, വൈകീട്ട് 5.15 നും വി. കുർബ്ബാനയും, തിരുനാൾ കർമ്മങ്ങളും, തളിയകുളത്തിലേക്ക് പ്രദക്ഷിണവും, തളിയകുളത്തിൽ നൊവേനയും ലദീഞ്ഞും തിരുശേഷിപ്പുവണക്കവും നേർച്ചവിതരണവും ഉണ്ടായിരിക്കും. അതോടുകൂടി സമർപ്പണവും (അടിമയിരുത്തൽ), (കുട്ടികൾക്ക് ആദ്യത്തെ ചോറൂണ്) സൗകര്യമുണ്ടായിരിക്കും. ചൊവ്വാഴ്ചകളിൽ 10.00 മണിക്ക് മാർതോമ്മാശ്ലീഹായുടെ നൊവേനയും മറ്റുതിരുകർമ്മങ്ങളും തുടർന്ന് പ്രാർത്ഥനാകൂട്ടായ്മയും ഉണ്ടായിരിക്കും. ഉച്ചകഴിഞ്ഞ് 3.15 ന് നൊവേനയോടുകൂടിയാണ് പ്രാർത്ഥനാകൂട്ടായ്മ സമാപിക്കുക. ചൊവ്വാഴ്ചകളിൽ മധ്യസ്ഥപ്രാർത്ഥനയും കൗൺസിലിംഗും കുമ്പസാരവും രോഗശാന്തി പ്രാർത്ഥനയും ഉണ്ടായിരിക്കും.

**6) പാലയൂർ കൺവെൻഷൻ**

മാർച്ച് 10 മുതൽ 14 വരെ തിയ്യതികളിൽ വൈകീട്ട് 5.00 മുതൽ 9.00 വരെ, എരുമേലി കിംഗ് ജീസസ്സ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ ഭംഗിയായി നടന്നു. ജാതിമതഭേദമെന്യേ പതിനായിരത്തോളം പേർ പങ്കെടുത്ത കൺവെൻഷനിൽ അനേകം രോഗശാന്തികളുണ്ടായത് ജനത്തിന്റെ വിശ്വാസം വർദ്ധിക്കാൻ ഇടയായിട്ടുണ്ട്.

**റവ. ഫാ. ജോസ് പുന്നോലിപ്പറമ്പിൽ**

റെക്ടർ, അതിരൂപത തീർത്ഥകേന്ദ്രം, പാലയൂർ

# മേരിമാതാ മേജർ സെമിനാരി

## പരീക്ഷാക്കാലവും വർഷാവസാനധ്യാനവും

2016 –17 അദ്ധ്യയന വർഷത്തിലെ എല്ലാ പരിപാടികൾക്കും അവസാനം കുറിച്ചുകൊണ്ടുള്ള രണ്ടാം സെമസ്റ്റർ പരീക്ഷകൾ ഫെബ്രുവരി 22 മുതൽ മാർച്ച് 14 വരെ നടത്തപ്പെട്ടു. അതിനുശേഷം, ദൈവശാസ്ത്ര വിദ്യാർത്ഥികൾക്ക് പട്ടത്തിനൊരുക്കമായി രണ്ട് ദിവസത്തെ ധ്യാനവും തത്വശാസ്ത്രവിദ്യാർത്ഥികൾക്ക് വർഷാവസാനധ്യാനവും നടത്തപ്പെട്ടു. ഫാ. ടോമി പുളിന്താനും MSFS അച്ചൻ നേതൃത്വം നൽകിയ ധ്യാനം വിദ്യാർത്ഥികളുടെ ആത്മീയ ഉണർവ്വിന് വഴി തെളിച്ചു.

## ഡീക്കന്മാർക്ക് പ്രായോഗിക പരിശീലനം

മേരിമാതാ സെമിനാരിയുടെ സവിശേഷതയായ ഡീക്കന്മാർക്കുള്ള പ്രായോഗിക പരിശീലനം ഏപ്രിൽ ഒന്ന് മുതൽ ആരംഭിച്ചു. മേരിമാതയിലെ 21 ഡീക്കന്മാർ തൃശ്ശൂർ, ഇരിങ്ങാലക്കുട, രാമനാഥപുരം, ഛാന്ദാ എന്നീ രൂപതകളിൽ തുടർന്നുള്ള 5 മാസക്കാലം ശുശ്രൂഷ ചെയ്ത് പ്രായോഗിക പരിശീലനം നേടുന്നു. പ്രസ്തുത ഇടവകകളിലെ വികാരിച്ചന്മാരുടെ ഒരു യോഗം മാർച്ച് 6ന് കൂടുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

## യാത്രമംഗളങ്ങൾ

ദീർഘനാൾ സെമിനാരിയിൽ സേവനമനുഷ്ഠിച്ചതിനുശേഷം അജപാലന ശുശ്രൂഷയ്ക്കായി അരണാട്ടുകര ഇടവക വികാരിയായി നിയമിതനായിരിക്കുന്ന ബഹു. ബാബു പാണാട്ടുപറമ്പിലച്ചനും, വലക്കാവ് ഇടവകയിലേക്ക് മാറിപോകുന്ന ബഹു. ജിഫി മേക്കാട്ടുകുളച്ചനും കൂട്ടാല ഇടവകയിലേക്ക് താമസം മാറുന്ന ബഹു. വർഗ്ഗീസ് ഊക്കനച്ചനും സെമിനാരി കുടുംബം യാത്രമംഗളങ്ങൾ നേർന്നു. മാർച്ച് 15ന് രാവിലെ നടന്ന വി. കുർബ്ബാനയിൽ സെമിനാരിയിലെയും സമീപസ്ഥാപനങ്ങളിലേയും വൈദികരും സന്യസ്തരും പങ്കെടുത്തു. അതിനുശേഷം നടന്ന യാത്രയയപ്പ് യോഗത്തിൽ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് അദ്ധ്യക്ഷത വഹിച്ച് സംസാരിച്ചു. അച്ചന്മാരുടെയും സെമിനാരിക്കാരുടെയും സന്യസ്തരുടേയും പ്രതിനിധികൾ ആശംസകൾ അർപ്പിച്ചു. സ്ഥലം മാറിപോകുന്ന ബഹുമാനപ്പെട്ട വൈദികരുടെ ബന്ധുമിത്രാദികൾ സാന്നിദ്ധ്യം പ്രസ്തുത ചടങ്ങിന് മാറ്റ് കൂട്ടി. അതിനുശേഷം വേനലവധിയ്ക്കായി വൈദിക വിദ്യാർത്ഥികൾ സ്വഭവനത്തിലേയ്ക്ക് രൂപതകളിലേയ്ക്കും യാത്ര തിരിച്ചു.

## പുതുനേതൃത്വത്തിന് ആശംസകൾ

മാർച്ച് 15 മുതൽ സെമിനാരിയുടെ പുതിയ റെക്ടറായി ചുമതലയേൽക്കുന്ന ബഹു. ടോണി നീലങ്കാവിലച്ചനും വൈസ് റെക്ടറായി കടന്നുവരുന്ന ബഹു.

ജെയ്സൺ കൂനംപ്ലാക്കലച്ചനും അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും നേരുന്നു.

### ചെറുപട്ടങ്ങളുടെ സ്വീകരണം

മേരിമാതാ സെമിനാരിയിൽ പഠിക്കുന്ന ദൈവശാസ്ത്ര വിദ്യാർത്ഥികൾ മാർച്ച് – ഏപ്രിൽ മാസങ്ങളിലായി അവരവരുടെ രൂപതകളിൽ നിന്ന് പൗരോഹിത്യസ്വീകരണത്തിനൊരുക്കമായിട്ടുള്ള പട്ടങ്ങൾ സ്വീകരിച്ചു. മൂന്നാം വർഷ ദൈവശാസ്ത്രവിദ്യാർത്ഥികൾ മ്ശംശാന പട്ടവും, രണ്ടും ഒന്നും വർഷം പഠിക്കുന്ന ദൈവശാസ്ത്ര വിദ്യാർത്ഥികൾ യഥാക്രമം ഹെവ്പദ്യാക്ക്നൂസ പട്ടവും കാറോയൂസ പട്ടവും സ്വീകരിച്ചു.

### ബേഴ്സ് സ്ഥാപിച്ചവർ

**Individual Benefactor Membership**

1. ശ്രീ. ജോൺസൺ സി.ടി., ചൂണ്ടക്കാരൻ ഹൗസ്, തൃക്കൂർ
2. ശ്രീ. ജിതിൻ തോമസ് കെ., കല്ലറയ്ക്കൽ ഹൗസ്, വിയ്യൂർ
3. ഡോ. സി. എഫ്. ആന്റണി (Late) ചേറ്റുപ്പുഴക്കാരൻ ഹൗസ്, തൃശ്ശൂർ

**ഫാ. ടോണി നീലങ്കാവിൽ**
റെക്ടർ

PH : 2420891

## സെന്റ് മേരീസ് മൈനർ സെമിനാരി

### മാസ ധ്യാനം

ഈ അദ്ധ്യയന വർഷത്തെ അവസാനത്തെ മാസധ്യാനം മാർച്ച് 3, 4 തിയതികളിലായിരുന്നു. മൈനർ സെമിനാരി വിദ്യാർത്ഥികൾക്ക് ബഹു. വർഗ്ഗീസ് എടക്കുളത്തൂരച്ചനും ഡിഗ്രി–റീജൻസി സെമിനാരിക്കാർക്ക് ബഹു. ആന്റണി മേച്ചേരിപ്പടിയച്ചനും ധ്യാനചിന്തകൾ നൽകി.

### പരീക്ഷകൾ

മൈനർ സെമിനാരിയിലെ ഒന്നാം വർഷ വിദ്യാർത്ഥികളുടെ പരീക്ഷകൾ മാർച്ച് 06 മുതൽ 17 ഉൾപ്പെടെയുള്ള ദിവസങ്ങളിൽ നടന്നു. പ്ലസ് വൺ, പ്ലസ് ടു പഠിക്കുന്ന സെമിനാരിക്കാരുടെ പരീക്ഷകൾ മാർച്ച് 8–ാം തിയതി ആരംഭിച്ച് യഥാക്രമം മാർച്ച് 27, 28 എന്നീ തിയതികളിൽ സമാപിച്ചു.

### അവധിക്കാലം

ഈ വർഷത്തെ വേനലവധിക്കാലം മാർച്ച് 18–ാം തിയതി ആരംഭിച്ചു. മെയ് 21–ാം തിയതി സെമിനാരി വീണ്ടും സാധാരണ നിലയിൽ പ്രവർത്തന സജ്ജമാകും.

## സ്വാഗതം /കൃതജ്ഞത

മൈനർ സെമിനാരിയുടെ റെക്ടറായി മാർച്ച് 18-ാം തിയതി ചുമതലയേറ്റെടുത്ത ബഹു. ഡൊമിനിക് തലക്കോടനച്ചനെ സെമിനാരി കുടുംബം സ്നേഹത്തോടെ സ്വാഗതം ചെയ്തു. തൽസ്ഥാനത്തുനിന്നു വിരമിച്ച ബഹു. ജെയ്സൺ കൂനംപ്ലാക്കലച്ചനെ അന്നുതന്നെ തന്റെ പുതിയ ശുശ്രൂഷാ രംഗത്തേക്ക് കൃതജ്ഞതയോടെ യാത്രയാക്കി.

## റിസോഴ്സ് ക്യാമ്പ്

ഇടവകകളിൽ വേനലവധിക്കാലത്ത് നടത്താനിരിക്കുന്ന ദൈവദർശൻ ക്യാമ്പുകൾക്കൊരുക്കമായിട്ടുള്ള റിസോഴ്സ് ക്യാമ്പ് മാർച്ച് 20 മുതൽ 22 ഉൾപ്പെടെയുള്ള ദിവസങ്ങളിൽ മൈനർ സെമിനാരിയിൽ വച്ച് നടന്നു. മേജർ സെമിനാരി വിദ്യാർത്ഥികളെല്ലാവരും പ്രസ്തുത ക്യാമ്പിൽ സംബന്ധിച്ചു.

## മ്ശംശാന, ഹെവുപ്പദ്യാക്കോന, കാറോയ പട്ടങ്ങൾ

തൃശ്ശൂർ അതിരൂപതയിലെ ദൈവശാസ്ത്രപരിശീലനം നേടിക്കൊണ്ടിരിക്കുന്ന വൈദിക വിദ്യാർത്ഥികൾ മാർച്ച് 23-ാം തിയതി സെന്റ് മേരീസ് മൈനർ സെമിനാരയിൽ വച്ച് മ്ശംശാന, ഹെവുപ്പദ്യാക്കോന, കാറോയ എന്നീ പട്ടങ്ങൾ സ്വീകരിച്ചു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്തുപിതാവായിരുന്നു തിരുകർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചത്. നമ്മുടെ വൈദികവിദ്യാർത്ഥികളിൽ നിന്ന് 5 പേർ മ്ശംശാന പട്ടവും 9 പേർ ഹെവുപ്പദ്യാക്കോനപട്ടവും 17 പേർ കാറോയ പട്ടവുമാണ് അന്നേദിവസം സ്വീകരിച്ചത്.

## ബേഴ്സ് സ്ഥാപിച്ചവർ

1. ശ്രീ. തോമസ് A.L., അക്കര ഹൗസ്, പടവരാട് റോഡ്, ആനപ്പടി, ഒല്ലൂർ
2. ശ്രീമതി കൊച്ചുത്രേസ്യ തോമസ്, അക്കര ഹൗസ്, പടവരാട് റോഡ്, ആനപ്പടി, ഒല്ലൂർ
3. ശ്രീ. പി. വി.ജോർജ്ജ്, പൂവ്വത്തിങ്കൽ ഹൗസ്, പനംകുറ്റിച്ചിറ, ഒല്ലൂർ
4. ശ്രീ. ഫിഡോൺ പനയ്ക്കൽ, പനയ്ക്കൽ ഹൗസ്, കോട്ടപ്പടി
5. ശ്രീമതി റോസി ജോസ്, ചിറമ്മേൽ ഹൗസ്, ക്രൈസ്റ്റ് നഗർ, കാച്ചേരി
6. ശ്രീമതി മേരി സൈമൺ, W/o. ശ്രീ. എം. സി. സൈമൺ, മാപ്രാണി ഹൗസ്, വടക്കേ അങ്ങാടി, ഒല്ലൂർ

സന്മനസ്സോടെ ഔദാര്യപൂർവ്വം വൈദികവിദ്യാർത്ഥികളുടെ പരിശീലനത്തിൽ പങ്കുചേരുന്ന നിങ്ങളെല്ലാവരെയും ഈശോ നാഥൻ സന്തോഷവും സമാധാനവും നൽകി ജീവിതത്തിന്റെ എല്ലാ ദിവസവും അനുഗ്രഹിക്കട്ടെ.

**ഫാ.ഡൊമിനിക് തലക്കോടൻ**
റെക്ടർ

EXCEL ACADEMY
Archdiocese of Trichur
Institute for Career Formation

DBCLC, East Fort, Thrissur -680 005
Phone : 9846905210, 0487-2322520.
E-mail: excelacademytcr@gmail.com
Web : www.excelacademytcr.com

**എക്സൽ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ്**

2017 ഫെബ്രുവരി 24 ന് നടത്തപ്പെട്ട എക്സൽ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റിൽ 105 ഇടവകളിൽ നിന്നായി 3,000 കുട്ടികൾ പങ്കെടുത്തു. ഇതിനോട് സഹകരിച്ച എല്ലാ വികാരിയച്ചന്മാരോടും മതബോധന അദ്ധ്യാപകരോടും നന്ദി പറഞ്ഞുകൊള്ളുന്നു. ഏറ്റവും കൂടുതൽ റാങ്കുകൾക്ക് അർഹരായ കുട്ടികളുടെ മാതാപിതാക്കളുമായുള്ള വിദ്യാഭ്യാസ കൗൺസലിംഗ് മാർച്ച് 6 മുതൽ നടത്തപ്പെടുന്നു.

ആപ്റ്റിറ്റ്യൂഡ് ടെസ്റ്റിൽ പങ്കെടുക്കാത്തവർക്കായി രണ്ടവസരങ്ങളും കൂടി അക്കാദമി ഒരുക്കുന്നു. ഏപ്രിൽ 1, 17 എന്നീ തിയ്യതികളിൽ സെന്റ് തോമസ് കോളേജ് ഗോൾഡൺ ജൂബിലി ബ്ലോക്കിൽ ഉച്ച തിരിഞ്ഞ് 2 മുതൽ 4 വരെയാണ് ടെസ്റ്റ് നടക്കുന്നത്. താൽപര്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടുക.

**എക്സൽ സ്പോൺസർഷിപ്പ് പ്രോഗ്രാം**

പാവപ്പെട്ട കുട്ടികൾക്ക് സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണിത്. ഉന്നത വിദ്യാഭ്യാസത്തിന് എക്സൽ അക്കാദമിയുടെ പരിശീലനം നേടുന്ന കുട്ടികൾക്കാണ് ഈ പദ്ധതി ഒരുക്കിയിരിക്കുന്നത്. വിദ്യാഭ്യാസ സ്കോളർഷിപ്പിന്റെ ഇരുപതുശതമാനം അതാതു വിദ്യാർത്ഥികളുടെ ഇടവക സംഭാവന ചെയ്തുകൊണ്ടാണ് ഇടവകതലസഹകരണം ഉറപ്പുവരുത്തുന്നത്.

**എക്സൽ സമ്മർ ക്യാമ്പുകൾ**

എക്സൽ അക്കാദമിയിലെ ഏഴു മുതൽ +2 വരെ പഠിക്കുന്ന കുട്ടികൾക്കായി വേനൽക്കാല ക്യാമ്പ് ഒരുക്കുന്നത് അവിണിശ്ശേരിയിലെ എക്സൽ അക്കാദമി ക്യാമ്പസിലാണ്. മൂന്നു ദിവസം താമസിച്ചിട്ടുള്ള ക്യാമ്പാണ് കുട്ടികൾക്കായി ഒരുക്കിയിരിക്കുന്നത്. നേതൃത്വവാസന, വ്യക്തിത്വവികസനം, മാനസിക പക്വത എന്നിവയെ അടിസ്ഥാനമാക്കിയുള്ള ക്ലാസ്സുകളാണ് ഒരുക്കുന്നത്.

**ഫാ. ഡേവീസ് തെക്കേക്കര**

# മഹാജൂബിലി ട്രെയ്നിംഗ് കോളേജ്

## സെമിനാറുകൾ സംഘടിപ്പിച്ചു.

മുള്ളൂർക്കര : മുള്ളൂർക്കര മഹാജൂബിലി ട്രെനിംഗ് കോളേജിലെ 2015–17 അദ്ധ്യയനവർഷ വിദ്യാർത്ഥികളുടെ പാഠ്യപദ്ധതിയുടെ ഭാഗമായി സെമിനാറുകൾ സംഘടിപ്പിച്ചു. അദ്ധ്യാപകരുടെ നേതൃത്ത്വത്തിലായി 14.02.2017, 15.02.2017 എന്നീ രണ്ട് ദിവസങ്ങളിലായാണ് സെമിനാർ നടന്നത്. സാങ്കേതികോപകരണങ്ങളുടെ സഹായത്തോടെയായിരുന്നു വിദ്യാർത്ഥികൾ ഓരോരുത്തരും സെമിനാറുകൾ അവതരിപ്പിച്ചത്.

## പ്രസംഗ മത്സരം

മുള്ളൂർക്കര മഹാജൂബിലി ട്രെനിംഗ് കോളേജിൽ സാംസ്ക്കാരിക പരിപാടികളുടെ ഭാഗമായി പ്രസംഗമത്സരം നടന്നു. "ടെക്നോളജിയിലൂടെ മികവ് വിദ്യാഭ്യാസത്തിൽ എന്ന വിഷയത്തെ ആസ്പദമാക്കി 22/2/2017 ബുധനാഴ്ചയാണ് മത്സരം നടന്നത്.

## സർവ്വേകൾ നടന്നു

മുള്ളൂർക്കര മഹാജൂബിലി ട്രെനിംഗ് കോളേജിൽ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ സർവേകൾ സംഘടിപ്പിച്ചു. വിദ്യാർത്ഥികളുടെ പാഠ്യപദ്ധതിയുടെ ഭാഗമായിരുന്ന നിരവധി വിഷയങ്ങളെക്കുറിച്ച് കൗമാരക്കാരെ കേന്ദ്രീകരിച്ചായിരുന്നു സർവ്വേ നടത്തപ്പെട്ടത്. വിവിധ വിദ്യാലയങ്ങളിലായി 27.02.17നാണ് സർവ്വേ സംഘടിപ്പിച്ചത്.

## ഫാ. ചാക്കോ ചിറമ്മൽ 'വിമുക്തി' ചെയർമാൻ

മുള്ളൂർക്കര : കേരള സംസ്ഥാന ഗവൺമെന്റ് പടിപടിയായി മദ്യനിരോധനം നടത്തുന്നതിന്റെ ഭാഗമായി പഞ്ചായത്തുകളെ കേന്ദ്രീകരിച്ച് സംഘടിപ്പിക്കുന്ന 'വിമുക്തി' മദ്യവിരുദ്ധ യത്നത്തിൽ മുള്ളൂർക്കര പഞ്ചായത്ത് ചെയർമാനായി കോളേജ് പ്രിൻസിപ്പാൾ ഫാ. ഡോ. ചാക്കോ ചിറമ്മലിനെ തിരഞ്ഞെടുത്തു. അച്ചന് മഹാജൂബിലി കുടുംബത്തിന്റെ അഭിനന്ദനം

## വാരവലോകനം ആരംഭിച്ചു

മുള്ളൂർക്കര മഹാജൂബിലി ട്രെനിംഗ് കോളേജിൽ വാരാവലോകനം ആരംഭിച്ചു. എല്ലാ വെള്ളിയാഴ്ചകളിലുമായി വിദ്യാർത്ഥികളുടെ നേതൃത്വത്തിലും അദ്ധ്യാപകരുടെ സാന്നിദ്ധ്യത്തിലുമായി ആ ആഴ്ചയിലെ മുഴുവൻ പരിപാടികളെയും കേന്ദ്രീകരിച്ച് കൊണ്ടാണ് അവലോകന പരിപാടികൾ. തദവസരത്തിൽ വിദ്യാർത്ഥികൾ ധാരാളം മത്സരങ്ങളും കലാപരിപാടികളും നടന്നു.

**ആർട്സ് ഡേ**

മുള്ളൂർക്കര മഹാജൂബിലി ട്രെനിംഗ് കോളേജിൽ 2016-2017 വെള്ളിയാഴ്ച നടന്നു. വിദ്യാർത്ഥികൾ വിവേകാനന്ദ, രാധാകൃഷ്ണ, ടാഗോർ, മഹാത്മ എന്നീ നാലു ഹൗസുകളായി തിരിഞ്ഞ് വിവിധ കലാപരിപാടികൾ അരങ്ങേറിയത് ചടങ്ങിന് മോടി കൂട്ടുന്നതായിരുന്നു.

**ഫാ.ഡോ. ചാക്കോ ചിറമ്മൽ**
പ്രിൻസിപ്പാൾ

**ഫാ. ബാബു അപ്പാടൻ**
അസി മാനേജർ

## സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്), തൃശൂർ

**ഉന്നത വിദ്യാഭ്യാസം സംബന്ധിച്ച് ദേശീയ സെമിനാർ**

ഉന്നതവിദ്യാഭ്യാസ രംഗത്തെ സാധ്യതകളും പ്രശ്നങ്ങളും സംബന്ധിച്ചുള്ള ദ്വിദിനദേശീയ സെമിനാർ സെന്റ് തോമസ് കോളേജിലെ മെഡ്ലിക്കോട്ട് ഹാളിൽ നടന്നു. വിദ്യാഭ്യാസ രംഗത്തെ കാലാനുസൃതമായ മാറ്റങ്ങളെ ഉൾക്കൊള്ളാനുള്ള കഴിവാണ് ഇന്നത്തെ കാലഘട്ടത്തിന്റെ അനിവാര്യതയെന്ന് ചടങ്ങിൽ മുഖ്യാതിഥിയായിരുന്ന ഉന്നതവിദ്യാഭ്യാസ കൗൺസിൽ മുൻ വൈസ് ചെയർമാൻ ഡോ. ടി. പി. ശ്രീനിവാസൻ പറഞ്ഞു. അതിരൂപതാ മെത്രാപ്പോലീത്തയും കോളേജിന്റെ മുഖ്യരക്ഷാധികാരിയുമായ മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. കോളേജ് മാനേജർ മാർ റാഫേൽ തട്ടിൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ വൈസ് പ്രസിഡണ്ട് ഡോ. സുരേഷ്ദാസ് ആശംസകൾ നേർന്നു. പ്രിൻസിപ്പാൾ ഡോ. പി.ഒ. ജെൻസൻ സ്വാഗതവും കോർഡിനേറ്റർ ഡോ. ഫാ. അനിൽ കോങ്കോത്ത് നന്ദിയും പറഞ്ഞു.

തുടർന്ന് ഉന്നതിദ്യാഭ്യാസ രംഗത്തെ വിവിധ വിഷയങ്ങളെ അധികരിച്ച് സെമിനാറുകൾ നടന്നു. ഉന്നതവിദ്യാഭ്യാസരംഗത്ത സ്വയംഭരണവും സുതാര്യതയും എന്ന വിഷയത്തിൽ ഡോ. ടി. പി. ശ്രീനിവാസൻ ഐ.എഫ്.സും ഉന്നത വിദ്യാഭ്യാസ രംഗത്തെ മാനദണ്ഡങ്ങളുടെ പുനർനിർവ്വചനം സംബന്ധിച്ച് കേരള സംസ്ഥാന മുൻചീഫ് സെക്രട്ടറിയും ഇപ്പോഴത്തെ മലയാളം യൂണിവേഴ്സിറ്റി വൈസ് ചാൻസലറുമായ കെ. ജയകുമാർ ഐ.എ. എസും ഉന്നതവിദ്യാഭ്യാസ രംഗത്തെ ആഗോള വെല്ലുവിളികളും ദേശീയ ഉത്തരവാദിത്തങ്ങളുമെന്ന വിഷയത്തെ അടിസ്ഥാനമാക്കി കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ വൈസ് പ്രസിഡന്റ് ഡോ. സുരേഷ് ദാസും വിഷയാവതരണം നടത്തി. ഗവേഷണവും നൂതന മുന്നേറ്റവും എന്ന വിഷയത്തിൽ പാലക്കാട് ഐ.ഐ.ടി. ഡയറക്ടർ ഡോ. പി.ബി. സുനിൽ കുമാർ,

അക്കാദമിക് ഓഡിറ്റ് ആന്റ് അഡ്മിനിസ്ട്രേഷൻ എന്ന വിഷയത്തിൽ നാക് ഡെപ്യൂട്ടി അഡ്വൈസർ - ഡോ. ബി. എസ്. പൊൻമുടി രാജ്, ലീഡർഷിപ്പ് ഇൻ യൂണിവേഴ്സിറ്റി എഡ്യുക്കേഷൻ എന്ന വിഷയത്തിൽ കേരള അഗ്രി കൾച്ചറൽ യൂണിവേഴ്സിറ്റി വൈസ് ചാൻസിലർ ഡോ. പി. രാജേന്ദ്രൻ എന്നിവർ സംസാരിച്ചു. ഡോ. ബിനോയ് ജോസഫ് (പ്രിൻസിപ്പാൾ, രാജഗിരി കോളേജ്) റവ. ഡോ. കോസ്റ്ററി സി.എച്ച്. എഫ്. (പ്രിൻസിപ്പാൾ, സെന്റ് ജോസഫ് കോളേജ്) പ്രഫ. ഇമ്പിച്ചിക്കോയ ഇ. പി (പ്രിൻസിപ്പാൾ, ഫറൂഖ് കോളേജ്) റവ. ഡോ. ജോസ് ടി.ജെ. (പ്രിൻസിപ്പാൾ, ക്രൈസ്റ്റ് കോളേജ്) റവ. ഡോ. പ്രശാന്ത് സി.ഐ.എം.ഐ. എന്നിവർ മോഡറേറ്റർമാരായി സമാപന സമ്മേളനം കാലിക്കറ്റ് യൂണിവേഴ്സിറ്റി പ്രൊ-വൈസ് ചാൻസിലർ ഡോ. പി. മോഹൻ ഉദ്ഘാടനം ചെയ്തു.

## എൻ.എസ്.എസ്. യൂണിറ്റിന്റെ നേതൃത്വത്തിൽ രക്തദാന ക്യാമ്പ്

കോളേജിലെ എൻ.എസ്. എസ്. യൂണിറ്റും അമല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസും സംയുക്തമായി രക്തദാന ക്യാമ്പ് കോളേജിൽ സംഘടിപ്പിച്ചു. ക്യാമ്പിന്റെ ഉദ്ഘാടനം പ്രിൻസിപ്പാൾ ഡോ. പി.ഒ. ജെൻസൺ നിർവ്വഹിച്ചു. പ്രോഗ്രാം ഓഫീസർമാരായ ഡോ. ജിജു സ്വാഗതവും ഡോ. പോൾസൺ മാത്യു നന്ദിയും പറഞ്ഞു. കോളേജ് ബർസാർ ഡോ. മാർട്ടിൻ കൊളമ്പ്രത്ത് ആശംസകൾ അർപ്പിച്ചു സംസാരിച്ചു. അദ്ധ്യാപകരും വിദ്യാർത്ഥികളുൾപ്പെട 50 പേർ രക്തദാനത്തിൽ പങ്കാളികളായി. എൻ.എസ്. എസ്. വളണ്ടിയർമാരുടെ നേതൃത്വത്തിൽ രക്തദാന ബോധവൽക്കരണ പരിപാടികൽ വിദ്യാർത്ഥികൾക്കിടയിൽ നടന്നു.

**റവ. ഡോ. മാർട്ടിൻ കൊളമ്പ്രത്ത്**
ബർസാർ

**ഡോ. ഡെയ്സൺ പാണേങ്ങാടൻ**
പി.ആർ.ഒ.

# THRISSUR EDUCATIONAL TRUST & Jyothi Engineering College

▶▶ **ഊർജ്ജ സംരക്ഷണ ദിനം – ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ** : ആധുനിക ലോകത്തിൽ ഊർജ്ജസംരക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ച് വിദ്യാർത്ഥികളെ ബോധവൽക്കരിക്കുക എന്ന ലക്ഷ്യത്തോടെ ഫെബ്രുവരി 22ന് കോളേജിൽ ഊർജ്ജസംരക്ഷണദിനം സംഘടിപ്പിച്ചു. ആഘോഷ പരിപാടിയുടെ ഉദ്ഘാടനം ഡോ. സിസിൽ കുമാരവഡു (പ്രൊഫസർ, യൂണിവേഴ്സിറ്റി ഓഫ് മൊറോട്ടോവ, ശ്രീലങ്ക) നിർവ്വഹിച്ചു.

▶▶ **തരംഗ് 2017** : ജ്യോതി എഞ്ചിനീയറിംഗ് കോളേജിന്റെ ടെക്ഫെസ്റ്റ് – തരംഗ് 2017ന്റെ രണ്ടാംഘട്ടം തൃശൂർ ലുലു ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ നടന്നു. കോളേജ് വിദ്യാർത്ഥികൾക്കായി ട്രിട്ടോൺ (മ്യൂസിക്കൽ ബാന്റ് ഷോ), നൃത്യ (ഡാൻസ് ഫെസ്റ്റ്) എന്നിവയും തുടർന്ന് പ്രോഷോ (മസാല കോഫി) ബാന്റ്ഷോയും സംഘടിപ്പിച്ചു. കോളേജ് വിദ്യാർത്ഥികൾക്കായി നടത്തിയ ട്രിട്ടോൺ, മ്യൂസിക്കൽ ബാന്റ് ഷോയിൽ കേരളത്തിലെ വിവിധ കോളേജുകളിലെ പ്രമുഖ ബാന്റുകൾ പങ്കെടുത്തു. ടെക്ഫെസ്റ്റിന്റെ അവസാനഘട്ടം മാർച്ച് 8ന് ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ വച്ച് നടന്നു. പ്രസ്തുത പരിപാടിയുടെ ഉദ്ഘാടനം ഡോ. എസ്. കരുണാനിധി (ഡയറക്ടർ, റിസർച്ച് സെന്റർ ഐമരാറ്റ്, ഹൈദ്രാബാദ്) നിർവ്വഹിച്ചു. കോളേജ് മാനേജർ മോൺ. തോമസ് കാക്കശ്ശേരി അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ അസിസ്റ്റന്റ് മാനേജർമാരായ ഫാ. റോയ് ജോസഫ് വടക്കൻ, ഫാ. ജോജു ചിരിയൻങ്കണ്ടത്ത്, ഫാ. ജിന്റോ പേരേപ്പാടൻ, പ്രിൻസിപ്പൽ ഡോ. കെ കെ ബാബു, അഡ്മിനിസ്ട്രേറ്റർ എഞ്ചിനീയർ തോമസ് മാത്യു, അസിസ്റ്റന്റ് അഡ്മിനിട്രേറ്റർ എഞ്ചിനീയർ ബോബി പീറ്റർ, തരംഗ് കോഡിനേറ്റർമാരായ ഡോ. ഉഷ മേനോൻ, ബിന്ദു കെ രാജൻ, ടോണി കോട്ടൂർ, കോളേജ് യൂണിയൻ ചെയർമാൻ രാമകൃഷ്ണൻ സി.പി. തുടങ്ങിയർ പങ്കെടുത്തു. വിവിധ ഡിപ്പാർട്ട്മെന്റുകളുടെ നേതൃത്വത്തിൽ സാങ്കേതിക മത്സരങ്ങൾ, ടെക്നിക്കൽ പേപ്പർ പ്രസന്റേഷൻ (വിഭാവന), പ്രൊജക്ട് പ്രസന്റേഷൻ (സൃഷ്ടി) എന്നിവയും ഇതിനോടനുബന്ധിച്ച് സംഘടിപ്പിച്ചു.

▶▶ **ദേശീയ ശാസ്ത്രദിനം :** ജ്യോതി എഞ്ചിനീയറിംഗ് കോളേജും കെ.എസ്.സി.എസ്.ടി.യും സംയുക്തമായി സംഘടിപ്പിച്ച ദേശീയ ശാസ്ത്രദിനാഘോഷത്തിന്റെ ഉദ്ഘാടനം കേരള അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റി

പ്രൊഫസർ ഡോ. കെ.എം. ദുർഗ്ഗാദേവി നിർവ്വഹിച്ചു. കോളേജ് പ്രിൻസിപ്പൽ ഡോ. കെ.കെ. ബാബു അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ഫാ. ജോൺ തറയിൽ സ്വാഗതം ആശംസിച്ചു. അസിസ്റ്റന്റ് മാനേജർ ഫാ. റോയ് ജോസഫ് വടക്കൻ പ്രത്യേക പ്രഭാഷണം നടത്തി. അഡ്മിനിട്രേറ്റർ എഞ്ചിനീയർ തോമസ് മാത്യു, അസി. പ്രൊഫസർ പ്രിയ ജോസ് എന്നിവർ പങ്കെടുത്ത് സംസാരിച്ചു. ദേശീയ ശാസ്ത്രദിനത്തോടനുബന്ധിച്ച് വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച ക്വിസ് മത്സരങ്ങളിലെ വിജയികൾക്കുള്ള സമ്മാനദാനവും മുഖ്യാതിഥി നിർവ്വഹിച്ചു.

▶▶ **സ്മാർട്ട് വെഹിക്കിൾ സെക്യൂരിറ്റി സിസ്റ്റവുമായി ജ്യോതി എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥികൾ** : ആധുനിക റോഡ് സുരക്ഷാരംഗത്ത് പുത്തൻ തരംഗവുമായി ജ്യോതി എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥികൾ. ഈ കാലഘട്ടത്തിൽ മദ്യപിച്ചും ലൈസൻസ് ഇല്ലാതെയും സീറ്റ് ബെൽറ്റ് ധരിക്കാതെയും വാഹനം ഓടിക്കുന്നതിലൂടെ വാഹനാപകടങ്ങൾ വർദ്ധിച്ചു വരികയാണ്. കൂടാതെ രാത്രികാലങ്ങളിൽ അമിതമായ ബ്രൈറ്റ് ലൈറ്റ് ഉപയോഗത്തിലൂടേയും അപകടങ്ങൾ വർദ്ധിച്ചു വരുന്നുണ്ട്. അതിനാൽ ഇത്തരത്തിലുള്ള അപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള അത്യാധുനീക സെക്യൂരിറ്റി ഘടകങ്ങളുമായി ജ്യോതി യിലെ ഒരു കൂട്ടം വിദ്യാർത്ഥികൾ ഒരു പുതിയ സിസ്റ്റം വികസിപ്പിച്ചെടുത്തിരിക്കുന്നു. ലൈസൻസില്ലാതെയും മദ്യപിച്ചും സീറ്റ് ബെൽറ്റ് ധരിക്കാതെയും വാഹനം പ്രവർത്തിപ്പിക്കാൻ സാധിക്കാത്ത രീതിയിലാണ് പ്രൊജക്ട് രൂപകല്പന ചെയ്തിരിക്കുന്നത്. കൂടാതെ ഓട്ടോമാറ്റിക് ഡിം ലൈറ്റ് സിസ്റ്റവും സ്പെഷൽ സെക്യൂരിറ്റി ഫിംഗർ പ്രിന്റ് സിസ്റ്റവും ഇതിൽ ചേർത്തിരിക്കുന്നു. നൂതന സാങ്കേതിക വിദ്യയിലൂടെയും പൂർണ്ണതോതിൽ നിയമാനുസൃതവും വളരെ ലളിതവുമായിട്ടാണ് ഈ പുതിയ സിസ്റ്റം വികസിപ്പിച്ചിരിക്കുന്നത്. അവസാന വർഷ ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് വിദ്യാർത്ഥികളായ അനിൽ എ.എൻ, ക്ലിന്റ് പോൾ, ക്രിസ്റ്റി റോസ് ടി, ജോഫി ജോസഫ്, റിനി ഫെഡ്രിക് ടി എന്നിവർ അസിസ്റ്റന്റ് പ്രൊഫസർ ഷിജോഹ്.വി യുടെ നേതൃത്വത്തിൽ അക്കാദമിക് പ്രൊജക്ടിന്റെ ഭാഗമായിട്ടാണ് സ്മാർട്ട് വെഹിക്കിൾ സെക്യൂരിറ്റി സിസ്റ്റം രൂപപ്പെടുത്തിയിരിക്കുന്നത്.

**അസി. മാനേജർ**
**ഫാ. റോയ് ജോസഫ് വടക്കൻ**
**ഫാ. ജോജു ചിരിയൻങ്കണ്ടത്ത്**
**ഫാ. ജിന്റോ പെരേപ്പാടൻ**

**മോൺ. തോമസ് കാക്കശ്ശേരി**
**മാനേജർ**

## ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസെർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

ബിഷപ് ആലപ്പാട്ട് റോഡ്, ജൂബിലി മിഷൻ പി. ഒ., തൃശ്ശൂർ ഈസ്റ്റ് - 680005

### ഡയബറ്റിക്ക് ഫൂട്ട് ചെക്കപ്പ് (കാൽപാദ പരിശോധന)

ഫെബ്രുവരി മുതൽ ഡയബറ്റിക്ക് ഫൂട്ട് ചെക്കപ്പ് (കാൽപാദ പരിശോധന) ആരംഭിച്ചിരിക്കുന്നു. ലഭ്യമായ സേവനങ്ങൾ : എ.ബി.ഐ ഡോപ്ളർ, വൈബ്രേഷൻ പെർസെപ്ഷൻ, ത്രെഷ്ഹോൾഡ്, ഹാരീസ് മാറ്റ്, മോണോഫിലമെന്റ് ടെസ്റ്റ്. ഫിസിയോതെറാപ്പി, ജനറൽ മെഡിസിൻ, എന്റോക്രൈനോളജി, ജനറൽ സർജറി, വാസ്ക്കുലർ സർജറി, പ്ലാസ്റ്റിക് സർജറി, പോടിയാട്രിക്ക് എന്നീ വിഭാഗങ്ങൾ പരിശോധന നടത്തുന്നു.

യു. കെ. യിലെ കാന്റബറി ക്രൈസ്റ്റ് ചർച്ച് യൂണിവേഴ്സിറ്റിയിൽ നിന്ന് നാല് അധ്യാപകരും പതിനാറ് വിദ്യാർത്ഥികളും മാർച്ച് 11-ന് മുതൽ 24 വരെ രണ്ടാഴ്ച്ചത്തെ ആശുപത്രി സന്ദർശനത്തിനും, പോസ്റ്റിങ്ങിനുമായി ജൂബിലിയിൽ വന്നു. മാർച്ച് 16-ന് 'Developing essential skill in the care of acutely ill patients ' എന്ന വിഷയത്തെ ആസ്പദമാക്കി മദർതെരേസ ഹാളിൽ അന്തർദേശീയ സെമിനാർ നടന്നു.

### കാസ്കേഡ് 2017 (ട്രാൻസ്ഫ്യൂഷൻ മെഡിസിൻ വിഭാഗത്തിന്റെ സി.എം.ഇ.)

ട്രാൻസ്ഫ്യൂഷൻ മെഡിസിൻ വിഭാഗത്തിലേയും പത്തോളജി വിഭാഗത്തിലേയും പി. ജി. ഡോക്ടർമാർക്ക് വിദഗ്ദ പരിശീലനം നൽകുക എന്ന ഉദ്ദേശത്തോടെ - Coagulation – എന്ന വിഷയത്തെ ആസ്പദമാക്കി സി.എം.ഇ. നടത്തി. മാർച്ച് 8 മുതൽ 12 വരെ ആയിരുന്നു സി.എം.ഇ. സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിൽ നിന്നായി ഇരുപത്തിനാലോളം വിദ്യാർത്ഥികൾ ക്ലാസിൽ പങ്കെടുത്തു. സംസ്ഥാനത്തെ പ്രമുഖരായ ഹെമറ്റോളജിസ്റ്റുകൾ, ഫിസിഷ്യൻമാർ, പാത്തോളജിസ്റ്റുകൾ, ട്രാൻസ്ഫ്യൂഷൻ മെഡിസൻ സ്പെഷലിസ്റ്റുകൾ മുതലായവർ ക്ലാസുകൾ നയിച്ചു.

### എക്സാമതലോൺ 2017

ഇന്ത്യയിലെ എമർജൻസി മെഡിസിൻ വിഭാഗത്തിലെ ഡോക്ടർമാർക്കായി എക്സാമതലോൺ എന്ന മോക്ക് എക്സാം ജൂബിലിയിൽ നടന്നു. എമർജൻസി മെഡിസിൻ ഡിഗ്രിക്കായി ശ്രമിക്കുന്ന എല്ലാ ഡോക്ടർമാരും പരിപാടിയിൽ പങ്കെടുത്തു. ന്യൂഡെൽഹിയിലെ ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, ചെന്നൈയിലെ എസ്. ആർ. എം. സി.,

മണിപ്പാലിലെ കെ. എം.സി., അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് എന്നിവിടങ്ങളിലെ അധ്യാപകർക്കു പുറമെ ജൂബിലിയിലെ അധ്യാപകരും പരിപാടിയിൽ പങ്കെടുത്തവർക്ക് വേണ്ട മാർക്ഷനിർദ്ദേശങ്ങൾ നൽകി. ഇതോടനുബന്ധിച്ച് 'അഡ്രിനാലിൻ' എന്ന എമർജൻസി മെഡിസിൻ ക്വസ്റ്റ്യൻ ബാങ്കും പുറത്തിറങ്ങി.

**പുതിയ ഡോക്ടർമാർ**

- ഡോ. വിനീത് കുമാർ (വാസ്കുലാർ സർജറി വിഭാഗം)
- ഡോ. അർജുൻ ബൽറാം (ജനറൽ സർജറി വിഭാഗം)
- ഡോ. അഞ്ജലി ജോർജ്ജ് (ഇ. എൻ. ടി. വിഭാഗം)

**മെഡിക്കൽ ക്യാമ്പുകൾ**

- തോപ്പ് സ്റ്റേഡിയത്തിൽ ജോഗേഴ്സ് ക്ലബിന്റെ നേതൃത്വത്തിൽ മെഡിക്കൽ ക്യാമ്പും, രക്തനിർണ്ണയക്യാമ്പും നടന്നു.
- മരിയാപുരം മിഷൻ ഹോം എൽ. പി. സ്കൂളിൽ സെബി വല്ലച്ചിറക്കാരൻ ഫൗണ്ടേഷന്റെ നേതൃത്വത്തിൽ നേത്രരോഗനിർണ്ണയക്യാമ്പ് നടന്നു.

**അതിരപ്പിള്ളിയിൽ നടന്ന മെഡിക്കൽ ക്യാമ്പ്**

ഫാ. ടിജോ മുള്ളക്കരയുടെ നേതൃത്വത്തിൽ ഫെബ്രുവരി 14, 15 തിയ്യതികളിൽ അതിരപ്പിള്ളിയിലെ ഗോത്രവർക്ഷങ്ങൾക്കായി മെഡിക്കൽ ക്യാമ്പ് നടത്തി. ഡോ. കെ. രാജൻ, ഡോ. ജോ തോമസ്, ഡോ, പ്രിയങ്ക, ഡോ. ജൂബിന ബെൻസി, ഡോ. പൊന്നു ജോസ്, ഡോ. ജിയോ റാഫി, മി. ആൻസൺ അബ്രഹാം, മി. മനോഹരൻ എന്നിവർ ക്യാമ്പിൽ പങ്കെടുത്തു. പതിനൊന്നാം ബാച്ചിലെ 24 എം.ബി.ബി.എസ്. വിദ്യാർത്ഥികൾ ക്യാമ്പിൽ പങ്കെടുത്തു. ഫെബ്രുവരി 14-ന് ഷോളയാറും, ആനക്കയത്തും തവളക്കുഴിപ്പാറയിലും ക്യാമ്പുകൾ നടത്തി. 15-ന് വച്ചുമരത്തും ക്യാമ്പ് നടന്നു.

**അഭിനന്ദനങ്ങൾ .. ആശംസകൾ ..**

**കോളേജ് ഓഫ് നേഴ്സിങ്ങ്**

കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസ് നടത്തിയ ബി. എസ്.സി. നേഴ്സിങ്ങ് പ്രോഗ്രാമിൽ യൂണിവേഴ്സിറ്റി ലെവലിൽ താഴെ പറയുന്ന റാങ്കുകൾ കരസ്ഥമാക്കി :

- **ഒന്നാം വർഷ ബി.എസ്.സി പരീക്ഷ** : അനു തങ്കച്ചൻ -രണ്ടാം റാങ്ക്, ആൻ റിനി ഫ്രാൻസിസ് - പത്താം റാങ്ക്

- **രണ്ടാം വർഷ ബി.എസ്. സി. പരീക്ഷ** : അശ്വതി മോഹനൻ – പതിനേഴാം റാങ്ക്
- **മൂന്നാം വർഷ ബി.എസ്. സി.പരീക്ഷ** : ഷിൻസി സൈമൺ – പതിമൂന്നാം റാങ്ക്

**സ്കൂൾ ഓഫ് നേഴ്സിങ്ങ്**

- സ്കൂൾ ഓഫ് നേഴ്സിങ്ങിലെ മൂന്നാം വർഷ പരീക്ഷയിൽ വിദ്യാർത്ഥികൾ (49–ാം ബാച്ച്) മൂന്ന് ഡിസ്റ്റിങ്ങ്ഷനും, 26 ഫസ്റ്റ് ക്ലാസും, 18 സെക്കന്റ് ക്ലാസും നേടി.
- രണ്ടാം വർഷ പരീക്ഷയിൽ വിദ്യാർത്ഥികൾ (50–ാം ബാച്ച്) 6 ഡിസ്റ്റിങ്ങ്ഷനും, 20 ഫസ്റ്റ് ക്ലാസും 21 സെക്കൻഡ് ക്ലാസും നേടി.
- കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ മാസ്റ്റേഴ്സ് ഇൻ ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ പരീക്ഷയിൽ പേഷ്യന്റ് റിലേഷൻ കോർഡിനേറ്റർ മിത ജോസഫ് ഒന്നാം റാങ്ക് നേടി.
- IAE കേരള ചാപ്റ്റർ സംഘടിപ്പിച്ച ഇന്ത്യൻ അക്കാദമി ഓഫ് എക്കോ കാർഡിയോഗ്രാഫി കോൺഫറൻസിൽ കേസ് പ്രസന്റേഷനിൽ ഡോ. ആസാദ് അബ്ദുൾ സലാം (പി. ജി. വിദ്യാർത്ഥി, കാർഡിയോളജി) മൂന്നാം സ്ഥാനം കരസ്ഥാനമാക്കി.

**കൺമണിക്കൊരു കരുതൽ സംഭാവന നൽകിയവർ**

- ശ്രീ. പ്രിൻസ് & ശ്രീമതി ഷീന പ്രിൻസ്, കവലക്കാട്ട് ഹൗസ്, ഈസ്റ്റ് ഫോർട്ട്, തൃശ്ശൂർ
- ഡോ. നിഷ ഫ്രാൻസിസ്, ആലപ്പാട്ട് ഹൗസ്, ജൂബിലി മിഷൻ പി. ഒ., തൃശ്ശൂർ

**ഡയാലിസിസിന് സംഭാവന നൽകിയവർ**

- സെന്റ് ആൻസ് ചർച്ച്, വെസ്റ്റ് ഫോർട്ട്, തൃശ്ശൂർ (80 ഡയാലിസിസ്)
- പ്രസിഡന്റ്, ആലുക്ക ഭവനം അപ്പാർട്ടുമെന്റ്, ഒളരിക്കര, തൃശ്ശൂർ ( 50 ഡയാലിസിസ്)

**അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- ശ്രീ. മിന്റേഷ് ആന്റോ, നടുവിൽപീടിക, തൃശ്ശൂർ
- ഹെൽത്ത് കെയർ സൊസൈറ്റി, ഡോളേഴ്സ് ബസിലിക്ക, തൃശ്ശൂർ

**ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്** (ഡയറക്ടർ)

# ബൈബിൾ അപ്പസ്തൊലേറ്റ്

Ph: 0487-2320780; E-mail: trichurbibleapostolate@gmail.com

**വെരിത്താസ് ക്വിസ് രജിസ്ട്രേഷൻ**

രജിസ്ട്രേഷൻ മെയ് 1 തിങ്കളാഴ്ച ആരംഭിച്ച് ജൂൺ 15 വ്യാഴാഴ്ച അവസാനിക്കുന്നു. രജിസ്ട്രേഷൻ മുൻകൂട്ടി നിർബന്ധമായും ചെയ്തിരിക്കേണ്ടതാണ്. പരീക്ഷാഫീസ് 10 രൂപ ഒരു പരീക്ഷാർത്ഥിക്ക്. സെന്ററിന്റെ രജിസ്ട്രേഷന്റെ മൊത്തം സംഖ്യ രജിസ്ട്രേഷൻ സമയത്തുതന്നെ ഓഫീസിൽ അടച്ചു രശീതി വാങ്ങേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക് ബൈബിൾ അപ്പസ്തൊലേറ്റുമായി ബന്ധപ്പെടുക: 04872320780, 9495068428, 7558937090

***വെരിത്താസ് / ലോഗോസ് ക്വിസ് പഠനസഹായി - 2017***

അവധിക്കാലത്ത് വചനം പഠിക്കുന്നതിനും അതിരൂപത വെരിത്താസ് മത്സരത്തിന് ഒരുങ്ങുന്നതിനും മത്സരാർത്ഥികളെ സഹായിക്കുന്നതിന് ബൈബിൾ അപ്പസ്തൊലേറ്റ് ഒരുക്കിയ പഠനസഹായി ബൈബിൾ അപ്പസ്തൊലേറ്റ് ഓഫീസിലും ബുക്ക് സ്റ്റാളുകളിലും ലഭ്യമാണ്. വചനപഠനത്തിനുള്ള ബൈബിൾ ഭാഗങ്ങൾകൂടി ഉൾപ്പെടുത്തിയിരിക്കുന്ന ഈ പുസ്തകം വിദ്യാർത്ഥികൾക്കും മറ്റു മത്സരാർത്ഥികൾക്കും ലഭ്യമാക്കാൻ വികാരിയച്ചന്മാരും ബൈബിൾ ആനിമേറ്റേഴ്സും ശ്രദ്ധിക്കുമല്ലോ...

***നോമ്പുകാല വിചിന്തനങ്ങൾ***

അനുതാപത്തിന്റെയും പരിത്യാഗത്തിന്റെയും സന്ദേശങ്ങളുമായി 3 മിനിറ്റ് നീളുന്ന -നോമ്പുകാല വിചിന്തനങ്ങൾ- ഓരോ ദിവസവും Whats App, Facebook, Youtube മാധ്യമങ്ങൾ വഴി വിശ്വാസികൾക്ക് അയച്ചുകൊടുക്കുന്നു. ഉത്ഥാനത്തിന്റെ മഹത്വത്തിലേക്ക് ഈ യാത്രയിൽ പങ്കെടുക്കുന്ന എല്ലാവർക്കും പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു. തുടർന്നും സഹകരണം പ്രതീക്ഷിക്കുന്നു. എല്ലാവർക്കും ഈസ്റ്റർ ആശംസകൾ!

ഈ സന്ദേശങ്ങൾ ലഭിക്കാൻ ആഗ്രഹിക്കുന്നവർക്ക് Whats App നമ്പറിൽ (+919447721976) ബന്ധപ്പെടാവുന്നതാണ്.

***ബൈബിൾ കോഴ്സ്***

ബൈബിൾ ഡിപ്ലോമ കോഴ്സിനും പോസ്റ്റൽ സ്റ്റഡിയ്ക്കും പങ്കെടുക്കാൻ താത്പര്യമുള്ളവർ ബൈബിൾ അപ്പസ്തൊലേറ്റ് ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.....

*തീർത്ഥാടനങ്ങൾ*

റോം - യൂറോപ്പ് തീർത്ഥാടനം 2017 ഒക്ടോബർ 1നും, വിശുദ്ധനാട് തീർത്ഥാടനങ്ങൾ 2017 സെപ്റ്റംബർ 5, ഒക്ടോബർ 3, നവംബർ 7, ഡിസംബർ 20 എന്നീ തിയ്യതികളിൽ പുറപ്പെടുന്നു. റോമ- യൂറോപ്പ് തീർത്ഥാടനത്തിനും വിശുദ്ധനാട് തീർത്ഥാടനത്തിനും പങ്കെടുക്കാൻ താത്പര്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടുമല്ലോ.. ഫോൺ: 0487-2320780, 7558937090

**ഫാ. ലിജോ ചിരിയങ്കണ്ടത്ത്**
**അസി. ഡയറക്ടർ**

**ഫാ. ഫ്രാൻസീസ് കൂത്തൂർ**
**ഡയറക്ടർ**

# ആബ്ബാ റിന്യുവൽ സെന്റർ

2017 മാർച്ച് 19 ഞായർ മുതൽ 23 വ്യാഴം വരെ ആബ്ബാ റിന്യൂവൽ സെന്ററിൽ ആദ്യമായി 60 പേർക്കുള്ള താമസിച്ചുള്ള ധ്യാനം നടത്തി. താമസിച്ചുള്ള ധ്യാനത്തിന്റെ ഉദ്ഘാടനം മാർ ആൻഡ്രൂസ് താഴത്ത് പിതാവ് നിർവ്വഹിക്കുകയും മാർ റാഫേൽ തട്ടിൽ പിതാവ് ധ്യാനത്തിന് നേതൃത്വം നൽകുകയും ചെയ്തു.

ഏപ്രിൽ മാസത്തിലെ ധ്യാനം ഏപ്രിൽ 16 ഞായർ ഉച്ചതിരിഞ്ഞ് 3 മണി ആരംഭിച്ച് 20 വ്യാഴം രാവിലെ അവസാനിക്കുന്നു.

മെയ് മാസം മുതൽ എല്ലാ ഒന്നാമത്തെയും മൂന്നാമത്തെയും ഞായറാഴ്ചകളിൽ ഉച്ചതിരിഞ്ഞ് ആരംഭിച്ച് വ്യാഴാഴ്ച രാവിലെ അവസാനിക്കുന്നു.

ധ്യാനം ബുക്ക് ചെയ്യുവാനുള്ള ഫോൺ നമ്പർ 8304907911

## മറ്റ് പ്രാർത്ഥന ശുശ്രൂഷകൾ

ബുധനാഴ്ച രാവിലെ 10 മണിക്ക് ജപമാല കൂട്ടായ്മ ആരംഭിച്ച് 1.45ന് വി. കുർബ്ബാനയോടുകൂടി അവസാനിക്കുന്നു. വ്യാഴാഴ്ച രാവിലെ 9.30ന് ഏകദിന കൺവെൻഷൻ ആരംഭിച്ച് 3.30ന് അവസാനിക്കുന്നു.

ശനിയാഴ്ച രാവിലെ 10 മണിക്ക് വൈദീകരുടെ വിശുദ്ധീകരണത്തിനുള്ള ഉപവാസമദ്ധ്യസ്ഥ പ്രാർത്ഥന 1.45ന് വി. കുർബ്ബാനയോടുകൂടി സമാപിക്കുന്നു.

ഏവർക്കും സ്വാഗതം

**ഫാ. ഡൊമിനി ചാഴൂർ**

ഡയറക്ടർ

# സാന്ത്വനം

(സെക്രട്ടറിയേറ്റ് ഓഫ് സോഷ്വൽ അപ്പൊസ്റ്റൊലേറ്റ് ഓഫ് ദി ആർച്ച്ഡയോസിസ് ഓഫ് ട്രിച്ചൂർ)
പേപ്പൽ ടവ്വർ, ശക്തൻ തമ്പുരാൻ നഗർ, തൃശൂർ – 680 001, ഫോൺ 0487 2445580, 2424981
E-mail: santhwanamtcr@gmail.com, website: www.santhwanamtcr.org

### സ്വീകരണം നൽകി

സാന്ത്വനത്തിന്റെ പുതിയ അസിസ്റ്റന്റ് ഡയറക്ടറായി ചുമയല യേറ്റ റവ.ഫാ.പോൾ മാളിയമ്മാവിന് ഊഷ്മളമായ സ്വീകരണം നൽകി. സാന്ത്വനം ചെയർമാൻ മോൺ. തോമസ് കാക്കശ്ശേരി അധ്യക്ഷത വഹിച്ച യോഗത്തിൽ ഡയറക്ടർ റവ.ഫാ.തോമസ് പൂപ്പാടി സ്വാഗതം ആശംസി ച്ചു. അഡ്മിനിസ്ട്രേറ്റർ ശ്രീ. എസ്.കെ മഞ്ഞിയിൽ പുതിയ അസി.ഡയ റക്ടർക്ക് ആശംസകളർപ്പിച്ച് സംസാരിച്ചു. സോഷ്യൽ ആക്ഷൻ വൈസ് പ്രസിഡണ്ട് ശ്രീ. സി.കെ. പോൾ സാന്ത്വനത്തിലെ പ്രവർത്തനങ്ങളെക്കുറിച്ച് ഒരു ചെറുവിവരണം നടത്തുകയുണ്ടായി.

### കാൻസർ ദിനാചരണം നടത്തി

ആശാകിരണം പദ്ധതിയുടെ ഭാഗമായി, സാന്ത്വനത്തിന്റെ ആഭി മുഖ്യത്തിൽ തൃശൂർ സെന്റ് തോമസ് കോളേജിലും, ഫാമിലി അപ്പസ്തോ ലേറ്റ് സെന്ററിലും കാൻസർ ദിനാചരണം നടത്തുകയുണ്ടായി. സെന്റ് തോമസ് കോളേജിൽ വെച്ച് നടത്തിയ പരിപാടി, കോളേജ് പ്രിൻസിപ്പൽ ഡോ.ജെൻസൻ പി.ഒ. ഉദ്ഘാടനം ചെയ്തു. സാന്ത്വനം ഡയറക്ടർ ഫാ. തോമസ് പൂപ്പാടി കോളേജ് വിദ്യാർത്ഥികൾക്ക് ലാവൻഡർ റിബ്ബണും ലീഫ്ലെറ്റുകളും കാൻസറുമായി ബന്ധപ്പെട്ട കൈപുസ്തകവും വിതരണം ചെയ്തു. അന്നേ ദിവസം കോളേജ് വിദ്യാർത്ഥികൾക്കായി കാൻസറിനെ ക്കുറിച്ചുള്ള ഒരു പ്രശ്നോത്തരിയും സംഘടിപ്പിക്കുകയുണ്ടായി. ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ വെച്ച് നടത്തിയ പരിപാടി മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു.

### മംഗല്യനിധി സഹായങ്ങൾ വിതരണം ചെയ്തു

മാർ ജേക്കബ് തൂങ്കുഴിയുടെ 60–ാം പൗരോഹിത്യ ജൂബിലിയോടും ബോൺ നത്താലെയോടുമനുബന്ധിച്ച് നിർദ്ധനയുവതികൾക്കായുള്ള വിവാഹ സഹായ വിതരണ പദ്ധതിയുടെ രണ്ടാംഘട്ടമായി 12 യുവതി കൾക്ക്, അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് 50,000 രൂപ വീതം വിതരണം ചെയ്തു. ബിഷപ് ഹൗസിൽ വെച്ച് നടന്ന ചടങ്ങിൽ സാന്ത്വനം ഡയറക്ടർ, അസി.ഡയറക്ടർ, സാന്ത്വനം സ്റ്റാഫംഗങ്ങൾ എന്നിവർ പങ്കെ

ടുത്തു. വടക്കാഞ്ചേരി, പടവരാട്, മണ്ണംപേട്ട, വേലൂപാടം, ചിറ്റിശ്ശേരി, കുമ്പ ളങ്ങാട്, പങ്ങാരപ്പിള്ളി, വലപ്പാട്, അത്താണി, ചാഴൂർ, വെളുത്തൂർ, ചിയ്യാരം വിജയമാത എന്നീ ഇടവകകളിലെ നിർദ്ധനയുവതികൾക്കാണ് ഈ ഘട്ടത്തിൽ സഹായം ലഭിച്ചത്. ഇതോടെ ആകെ 32 നിർദ്ധനയു വതികൾക്ക് സഹായങ്ങൾ വിതരണം ചെയ്തു.

**വാർഷികപൊതുയോഗം നടത്തി**

ഗോഡ്സ് ഓൺ ഫാമിലി പദ്ധതിയുടെ വാർഷിക പൊതുയോഗം ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ വെച്ച് മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. മോൺ. തോമസ് കാക്കശ്ശേരി അധ്യക്ഷത വഹിച്ച യോഗത്തിൽ റവ.ഫാ.തോമസ് പൂപ്പാടി എല്ലാവർക്കും സ്വാഗതം ആശം സിച്ചുകൊണ്ട് സംസാരിച്ചു. 5 വർഷം പൂർത്തിയാക്കി പദ്ധതിയിൽ നിന്നും പുറത്തുപോകുന്ന ഗുണഭോക്താക്കൾക്ക് മാർ ആൻഡ്രൂസ് താഴത്ത് ചെക്കുകൾ വിതരണം ചെയ്തു. പരിപാടിയിൽ ഡോ. ഡെറീന ജോർജ്(Sanjo Hospital, Pavaratty) ജീവിതശൈലി രോഗങ്ങളെക്കുറി ച്ച്, പ്രത്യേകിച്ച് കാൻസർ രോഗത്തെക്കുറിച്ച് ബോധവൽക്കരണക്ലാസ്സ് നയിക്കുകയുണ്ടായി.

**സ്വയം സഹായസംഘങ്ങൾ രൂപീകരിച്ചു**

സാന്ത്വനത്തിന്റെ നേതൃത്വത്തിൽ, എറവ്, തലക്കോട്ടുകര, ചേല ക്കര, പഴയന്നൂർ, കാഞ്ഞാണി യൂണിറ്റുകളിൽ പുതിയ സ്വയം സഹായ സംഘങ്ങൾ പ്രവർത്തനമാരംഭിച്ചു. എറവ് ഇടവക സാമൂഹ്യക്ഷേമസമി തിയുടെ നേതൃത്വത്തിൽ കുടുബസമ്മേളന യൂണിറ്റുകൾ വഴി 13 സംഘ ങ്ങളാണ് നിലവിൽ വന്നത്. വികാരി ഫാ. ഫ്രാങ്കോ കവലക്കാട്ടിന്റെ അധ്യ ക്ഷതയിൽ നടത്തിയ യോഗങ്ങളിൽ സാന്ത്വനം ഡയറക്ടർ ഫാ.തോമസ് പൂപ്പാടി, കോ–ഓർഡിനേറ്റർ സി.പി.ജോർജ്ജ് തുടങ്ങിയവർ ക്ലാസ്സുകൾ നയിച്ചു. തലക്കോട്ടുകര ഇടവകയിൽ 2 സംഘങ്ങളും ചേലക്കര, പഴയ ന്നൂർ കാഞ്ഞാണി എന്നിവിടങ്ങളിൽ ഓരോ ഗ്രൂപ്പുകളുമാണ് രൂപീകരി ച്ചത്. 10 മുതൽ 20 അംഗങ്ങൾ വീതം ഉള്ള ഗ്രൂപ്പുകൾ പ്രതിവാര യോ ഗങ്ങൾ ചേർന്ന് നിക്ഷേപങ്ങൾ സ്വീകരിക്കുകയും വിവിധ തൊഴിൽ സംരം ഭങ്ങൾ ആരംഭിക്കുകയും മറ്റും വഴി സാമ്പത്തിക ഭദ്രത കൈവരിക്കുകയും അയൽബന്ധങ്ങളിലൂടെ ശക്തമായ കൂട്ടായ്മയിലേക്ക് നയിക്കുകയും ചെയ്യുക എന്നതാണ് സ്വയം സഹായസംഘങ്ങൾ വഴി ലക്ഷ്യമാക്കുന്നത്.

**ജോയിന്റ് ലൈബിലിറ്റി ഗ്രൂപ്പുകൾ ആരംഭിച്ചു**

സ്വയം സഹായസംഘങ്ങളിലും സ്നേഹനിധിയിലും മറ്റും പ്രവർത്തിക്കുന്ന അംഗങ്ങളിൽ നിന്നും സ്വയം തൊഴിൽ സംരംഭങ്ങൾ

ആരംഭിക്കുന്നതിന് തയ്യാറായ അംഗങ്ങൾ ചേർന്ന് വെള്ളാനിക്കോട്, മരോട്ടിച്ചാൽ, കല്ലൂർ ഈസ്റ്റ് ഇടവക പരിധിയിൽ നിന്നും രൂപീകരിച്ച 9 ജോയിന്റ് ലൈബിലിറ്റി ഗ്രൂപ്പുകളുടെ (JLG) ബാങ്ക് ലിങ്കേജ് പ്രോഗ്രാം സാന്ത്വനം ഹാളിൽ വെച്ച് നടത്തി. കനാറാ ബാങ്ക് അധികൃതർ, സാന്ത്വനം ഡയറക്ടർ ഫാ.തോമസ് പൂപ്പാടി, അസി.ഡയറക്ടർ ഫാ.പോൾ മാളിയമ്മാവ്, അഡ്മിനിസ്ട്രേറ്റർ ശ്രീ. എസ്.കെ.മഞ്ഞിയിൽ തുടങ്ങിയവർ പദ്ധതി വിശദീകരണം നടത്തി. ജൈവകൃഷി, ടൈലറിങ്ങ്, മൃഗസംരക്ഷണം തുടങ്ങിയ മേഖലകളിലാണ് JLG കൾ സംരംഭങ്ങൾ ആരംഭിക്കുന്നത്. അതോടൊപ്പം ചേലക്കര മേഖലയിൽ, പുതിയതായി രൂപം കൊടുത്ത 3 JLGകളുടെ പ്രവർത്തനങ്ങൾ ആരംഭിച്ചു. പദ്ധതി തെരഞ്ഞെടുത്ത്, ബാങ്കിൽ ലിങ്ക് ചെയ്യുന്നതിന് തയ്യാറെടുത്തുവരുന്നു.

**ട്രെയിനിങ്ങിൽ പങ്കെടുത്തു**

SAFP കോ-ഓർഡിനേറ്റേഴ്സിനു വേണ്ടി നടത്തപ്പെട്ട 3 ദിവസത്തെ ട്രെയിനിങ്ങ് പ്രോഗ്രാമിൽ SAFP കോ-ഓർഡിനേറ്റർ പങ്കെടുത്തു. 'റിപ്പോർട്ടിങ്ങ് ഏന്റ് ഡോക്യുമെന്റേഷൻ' എന്ന വിഷയത്തെക്കുറിച്ചായിരുന്നു ട്രെയിനിങ്ങ്. കാലടിയിലെ ഐശ്വര്യഗ്രാമത്തിൽ വെച്ചായിരുന്നു ട്രെയിനിങ്ങ് സംഘടിപ്പിച്ചത്.

**പുതിയ കുടുംബങ്ങളെ കണ്ടെത്തി**

ഫാമിലി ഡെവലപ്പ്മെന്റ് പ്രോഗ്രാമിലേക്ക് പുതിയ 15 കുടുംബങ്ങളെ തിരഞ്ഞെടുത്തു. Save a Family Plan ന്റെ മാനദണ്ഡപ്രകാരമാണ് നടത്തറ, വെങ്ങിണിശ്ശേരി, എറവ്, പുറനാട്ടുകര, പുത്തൂർ എന്നിവിടങ്ങളിൽ നിന്നും അർഹരായ കുടുംബങ്ങളെ കണ്ടെത്തിയത്. ഡയറക്ടർ, കോ-ഓർഡിനേറ്റർ, ആനിമേറ്റർ എന്നിവർ അടങ്ങുന്ന ടീം അംഗങ്ങൾ വീടുകൾ കണ്ടെത്തുന്നതിന് നേതൃത്വം നൽകി.

**ഭവനസന്ദർശനം നടത്തി.**

FDP ഗുണഭോക്താക്കളുടെ കുടുംബങ്ങളുടെ അടുത്ത വർഷത്തെ പ്ലാനിങ്ങ് നടത്തുന്നതിനായി ഭവനസന്ദർശനം നടത്തി. നെല്ലിക്കുന്ന്, പുതുക്കാട്, വില്ലടം, ചേറൂർ, പാലയൂർ, ഇരവിമംഗലം, പേരാമംഗലം എന്നിവിടങ്ങളിലെ ഭവനങ്ങൾ സന്ദർശിച്ച് ആനിമേറ്ററുടെ നേതൃത്വത്തിൽ ആക്ഷൻ പ്ലാൻ രൂപീകരിച്ചു.

FDP മുഖേന സഹായം ലഭിച്ച ഇടവകയും സംഖ്യയും താഴെ ചേർക്കുന്നു.

ചെവ്വൂർ ഇടവക-Rs.2000/- വില്ലടം ഇടവക-Rs.13000/-

**യൂണിറ്റ് തല സന്ദർശനം നടത്തി**

ജെസ്പ് പദ്ധതിയുടെ ഭാഗമായി പാലുവായ്, പാലയൂർ, മരോട്ടിച്ചാൽ, എന്നീ യുണിറ്റുകൾ സന്ദർശിക്കുകയും പദ്ധതിയുടെ ഭാഗമായുള്ള ട്യൂഷൻ ഫീസ് കുട്ടികൾക്ക് വിതരണം ചെയ്യുകയും ചെയ്തു. കുട്ടികളുടെ പഠനനിലവാരം വിലയിരുത്തുകയും പരീക്ഷക്കൊരുങ്ങുവാൻ വേണ്ട ക്ലാസ്സുകൾ നൽകുകയും ചെയ്തു.

**ബാലസഭകൾ ആരംഭിച്ചു**

കുട്ടികളുടെ വളർച്ചയും, സമഗ്രവികസനവും ലക്ഷ്യം വെച്ച് കൊണ്ട് സാന്ത്വനത്തിന്റെ നേതൃത്വത്തിൽ കൊട്ടേക്കാട്, ചിറ്റിലപ്പിള്ളി എന്നീ ഇടവകകളിൽ ബാലസഭ യൂണിറ്റുകൾ ആരംഭിച്ചു. രൂപീകരണത്തിന് കോ-ഓർഡിനേറ്റർമാരായ ശ്രീ. നിവിൻ ജോസഫ്, റവ. സി.മരിയ ബിൻസി FMDA, ആനിമേറ്റർ ശ്രീമതി. ജോയ്സി സ്റ്റീഫൻ തുടങ്ങിയവർ നേതൃത്വം നൽകി.

**ഹരിതകേരളം-ആക്ഷൻ പ്ലാൻ അവതരിപ്പിച്ചു**

ഹരിതകേരളം പദ്ധതിയുടെ ഭാഗമായി, ചേലക്കര പഞ്ചായത്തിൽ, സാന്ത്വനത്തിന്റെ നേതൃത്വത്തിൽ നടത്താൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളുടെ ആക്ഷൻ പ്ലാൻ അവതരിപ്പിച്ചു. സാന്ത്വനം അസിസ്റ്റന്റ് ഡയറക്ടർ റവ.ഫാ.പോൾ മാളിയമ്മാവ്, ചേലക്കര പഞ്ചായത്ത് പ്രസിഡണ്ട് ആർ. ഉണ്ണികൃഷ്ണൻ, പഞ്ചായത്ത് മെമ്പർമാർ, കുടുബശ്രീ ചെയർപേഴ്സൺ, ഹരിതകേരളം ഇൻചാർജ്ജ് ഓഫീസർ ശ്രീമതി. രജനി, കോ-ഓർഡിനേറ്റർ, ഫീൽഡ് വർക്കർ തുടങ്ങിയവർ പരിപാടികളിൽ സംബന്ധിച്ചു.

**സ്നേഹനിധി-സഹായങ്ങൾ വിതരണം ചെയ്തു**

സ്നേഹനിധി അംഗങ്ങൾക്ക് വേണ്ടിയുള്ള കരുതൽ ക്ഷേമപദ്ധതിയിൽ നിന്നും ഫെബ്രുവരി മാസത്തിൽ 90,000/-രൂപ വിവാഹ സഹായവും 15,000/-രൂപ ചികിത്സാസഹായവും 20,000/-രൂപ മരണാനന്തര സഹായവും നൽകി.

**സ്നേഹനിധി രൂപീകരണം**

ഗുരുവായൂർ ഇടവകയിൽ സ്നേഹനിധി രൂപീകരിക്കുന്നതിനു വേണ്ടി സാന്ത്വനത്തിന്റെ ആഭിമുഖ്യത്തിൽ കോ-ഓർഡിനേറ്റർ ക്ലാസ്സ് നയിച്ചു. കരുതൽ ക്ഷേമപദ്ധതി, SHG, JLG എന്നിവയെക്കുറിച്ചും അതുമൂലം അംഗങ്ങൾക്കു ലഭിക്കുന്ന ഗുണങ്ങളെക്കുറിച്ചും ക്ലാസ്സിൽ വിവരിക്കുകയുണ്ടായി. വികാരി. ഫാ. ജോസ് പുലിക്കോട്ടിൽ, വിൻസെന്റ് ഡി

പോൾ പ്രസിഡണ്ട് സ്റ്റീഫൻ ജോസ്, റവ.സി. റീത്ത ക്ലേലിയ എന്നിവർ സന്നിഹിതരായിരുന്നു.

**വാർഷിക ജനറൽ ബോഡി യോഗം**

പനമുക്ക് ഇടവകയിൽ പ്രവർത്തിക്കുന്ന സ്നേഹനിധി യൂണിറ്റിന്റെ വാർഷിക ജനറൽ ബോഡി യോഗം കൂടുകയുണ്ടായി. സ്നേഹനിധി കോ-ഓർഡിനേറ്റർ ശ്രീമതി. ബീന വർഗ്ഗീസ് ജനറൽ ബോഡി യോഗത്തിൽ ക്ലാസ്സുകൾ നയിച്ചു. പ്രവർത്തനം മന്ദീഭവിച്ച സ്നേഹനിധി യൂണിറ്റിന് പുത്തനുണർവ്വും പ്രചോദനവും നൽകുവാൻ അതുവഴി സാധിച്ചു. ഓരോ യൂണിറ്റിൽ നിന്നും 2 അംഗങ്ങളെ വീതം കമ്മിറ്റിയിലേക്ക് എടുക്കുകയും പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കുകയും ചെയ്തു. വികാരി. റവ. ഫാ. ജെയ്സൺ മാറോക്കി, സ്നേഹനിധി എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ, ഭാരവാഹികൾ, മെമ്പർമാർ എന്നിവരടക്കം 150-ഓളം അംഗങ്ങൾ യോഗത്തിനുണ്ടായിരുന്നു.

**സാമൂഹ്യക്ഷേമ സമിതികൾ രൂപീകരിച്ചു**

സാന്ത്വനത്തിന്റെ ഇടവകതല ഘടകമായ സാമൂഹ്യക്ഷേമസമിതികൾ രൂപീകരിച്ചു. മുള്ളൂർക്കര, മഡോണനഗർ, പഴുവിൽ, പെരിങ്ങോട്ടുകര, ഗുരുവായൂർ, അരണാട്ടുകര, പുത്തൻപീടിക എന്നീ ഇടവകകളിലാണ് സാമൂഹ്യക്ഷേമസമിതി രൂപീകരിച്ച് സാന്ത്വനത്തിൽ രജിസ്റ്റർ ചെയ്തത്. ഇനിയും സമിതികൾ രൂപീകരിക്കാത്ത ഇടവകകളിൽ എത്രയും പെട്ടെന്ന് രൂപീകരിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

**താക്കോൽദാനം നടത്തി**

ബോൺനത്താലെയോടനുബന്ധിച്ച് സാന്ത്വനം വഴി നടപ്പിലാക്കുന്ന ഭവനനിർമ്മാണ പദ്ധതിയിലെ പുതിയ ഒരു ഭവനത്തിന്റെ കൂടി നിർമ്മാണം പൂർത്തീകരിച്ചു. പനമുക്ക് ഇടവകാതിർത്തിയിലെ സി. കെ. ഷൈജയ്ക്ക് നിർമ്മാണം പൂർത്തീകരിച്ച ഭവനത്തിന്റെ താക്കോൽ നൽകിക്കൊണ്ട് അഭിവന്ദ്യ പിതാവ് മാർ ആൻഡ്രൂസ് താഴത്ത് താക്കോൽദാനകർമ്മം നിർവ്വഹിച്ചു. സ്ലം സർവ്വീസ് എക്സിക്യൂട്ടീവ് അംഗങ്ങൾ, പനമുക്ക് പള്ളി വികാരി ഫാ. ജെയ്സൺ മാറോക്കി, കൈക്കാരന്മാർ, സാന്ത്വനം ഡയറക്ടർ, നാട്ടുകാർ എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

**സാന്ത്വനത്തോടൊപ്പം ഫ്രാൻസിസ്ക്കൻ ക്ലാരിസ്റ്റ് കോൺഗ്രിഗേഷനും**

സാന്ത്വനത്തിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന ആശാകിരണം കാൻസർ സുരക്ഷായജ്ഞത്തിൽ ഫ്രാൻസിസ്ക്കൻ ക്ലാരിസ്റ്റ് കോൺഗ്രിഗേഷനും കൈകോർക്കുന്നു. കാൻസർ സുരക്ഷായജ്ഞത്തിന്റെ ഭാഗമായി,

FCCയുമായി സഹകരിച്ചുകൊണ്ട് നടപ്പിലാക്കുവാൻ പോകുന്ന കർമ്മപ രിപാടികളെക്കുറിച്ച് FCC പ്രൊവിൻഷ്യൽ സുപ്പീരിയർ സി. അനിത റോസുമായി ചർച്ച നടത്തി. സാന്ത്വനം ഡയറക്ടർ ഫാ. തോമസ് പൂപ്പാ ടി, അസി. ഡയറക്ടർ ഫാ. പോൾ മാളിയമ്മാവ്, FCC സിസ്റ്റേഴ്സ്, കാരി ത്താസ് ഇന്ത്യയുടെ പ്രൊജക്റ്റ് ഓഫീസർമാരായ ശ്രീമതി. സിബി, ശ്രീ. അബീഷ്, ആശാകിരണം കോ-ഓർഡിനേറ്റർ ശ്രീമതി. ബിനിത രതീഷ് എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

**പൊന്നാട നൽകി അനുമോദിച്ചു**

വിവാഹത്തിന്റെ 50-ാം വാർഷികമാഘോഷിക്കുന്ന ശ്രീ. ഇ സിദോർ ചക്കാലയ്ക്കലിനെ പൊന്നാടയണിയിച്ച് അനുമോദിച്ചു. അതിരൂ പതയുടെ സ്ലം സർവ്വീസ് സെന്ററിൽ സേവനം ചെയ്യുന്ന ശ്രീ. ഇസി ദോറിനെ അനുമോദിച്ചുകൊണ്ട് പ്രസിഡണ്ട് ശ്രീ. ജോബ് ചിറമ്മേൽ സംസാരിച്ചു. ഡയറക്ടർ, അസി.ഡയറക്ടർ, എക്സിക്യൂട്ടീവ് അംഗങ്ങൾ, CDS അംഗങ്ങൾ എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

**വിനോദയാത്ര നടത്തി**

സ്ലം സർവ്വീസ് സെന്ററിന്റെ കീഴിൽ പ്രവർത്തിക്കുന്ന അടുപ്പൂട്ടി ക്രിസ്തുജ്യോതി ADSൽ ഉൾപ്പെടുന്ന സ്വയം സഹായസംഘങ്ങളിലെ അംഗങ്ങൾ വിനോദയാത്ര നടത്തി. ഡയറക്ടർ, കൺവീനർ സി. ലിൻസി, സി. കാർമ്മൽ, സി. രശ്മി എന്നിവർ സംഘാംഗങ്ങളോടൊത്ത് ഉണ്ടായി രുന്നു. ഇടപ്പള്ളി, ലുലു, വല്ലാർപ്പാടം, ഫോർട്ടുകൊച്ചി, തൃപ്പൂണിത്തുറ ഹിൽപാലസ് എന്നിവ സന്ദർശിക്കുകയും എറണാകുളം മറൈൻഡ്രൈ വിൽ ബോട്ടിങ്ങ് നടത്തുകയും ചെയ്തു.

**ഫാ. പോൾ മാളിയമ്മാവ്**
അസി.ഡയറക്ടർ

**ഫാ. തോമസ് പൂപ്പാടി**
ഡയറക്ടർ

# സംഘടനകൾ / പ്രസ്ഥാനങ്ങൾ

## ഫാമിലി അപ്പൊസ്റ്റൊലേറ്റ് സെന്റർ

### വിവാഹ ഒരുക്കകോഴ്സ്

**മാതാപിതാക്കൾക്കുള്ള സെമിനാർ**

തൃശ്ശൂർ രൂപതയ്ക്ക് പുറത്ത് വിവാഹ ഒരുക്ക കോഴ്സ് കൂടുന്ന കുട്ടികളുടെ മാതാപിതാക്കൾ മാതാപിതാക്കൾക്കുള്ള ക്ലാസ്സിൽ നിർബന്ധമായും സംബന്ധിക്കേണ്ടതാണ്. മാതാപിതാക്കൾക്കുള്ള ക്ലാസ്സ് എല്ലാ വെള്ളിയാഴ്ചകളിലും ഉണ്ടായിരിക്കുന്നതാണ്. സമയം ഉച്ചക്ക് 1.15 മുതൽ 4.15 വരെയായിരിക്കും. മാതാപിതാക്കൾ ഈ സെമിനാറിൽ സംബന്ധിക്കാൻ വരുമ്പോൾ വികാരിയച്ചന്റെ കയ്യിൽ നിന്നും കത്ത് കൊണ്ടുവരേണ്ടതാണ്.

**കോഴ്സ് ഫീസ്**

തൃശ്ശൂർ അതിരൂപതയിൽ വിവാഹ ഒരുക്ക കോഴ്സിന് സംബന്ധിക്കുന്നവരുടെ ശ്രദ്ധയ്ക്ക് മെയ് 1 മുതൽ വിവാഹ ഒരുക്ക കോഴ്സിന്റെ ചാർജ്ജ് 1000 രൂപയാക്കിയിരിക്കുന്നു.

ഫാ.ജിയോ തെക്കിനിയത്ത്
അസോ.ഡയറക്ടർ

ഫാ.ഡെന്നി താണിക്കൽ
ഡയറക്ടർ

## *മാതൃവേദി*

**ഏകദിന സംഗമം ( ഏപ്രിൽ 18 ചൊവ്വ**
**(രാവിലെ 9.30 മുതൽ 4.00 വരെ)**

**കേശദാനം**

അതിരൂപതയിൽ മാതൃവേദിയുടെ വജ്രജൂബിലിയോടനുബന്ധിച്ച് 60 അമ്മമാർ കേശദാനം നടത്തുന്നു. സാധിക്കുന്ന എല്ലാ അമ്മമാരും ഇതിൽ സംബന്ധിക്കാനും കേശം ദാനം ചെയ്യാനും സ്നേഹത്തോടെ ക്ഷണിക്കുന്നു.

**ബൊക്കെ മെയ്ക്കിങ്ങ്**

മാതൃവേദിയിലെ അംഗങ്ങൾക്കായി ബൊക്കെ ഉണ്ടാക്കാൻ പഠിപ്പിക്കുന്നു. ഇതുവഴി ഭവനങ്ങളിലും ദൈവാലയങ്ങളിലും ബൊക്കെ ഉണ്ടാക്കി മനോഹരമാക്കാൻ സാധിക്കും. താൽപര്യമുള്ള എല്ലാ അമ്മമാരെയും ക്ഷണിക്കുന്നു.

### സൈബർ സെൽ ക്ലാസ്സ്

സൈബർ സെലിന്റെ ലോകത്ത് ജീവിക്കുന്ന നമ്മളെല്ലാവരും അറിഞ്ഞിരിക്കേണ്ട അതിന്റെ ഗുണങ്ങളേയും ദോഷങ്ങളെയും കുറിച്ച് അമ്മമാരെ ബോധവാന്മാരാക്കുക എന്നതാണ് ഈ ക്ലാസ്സിന്റെ ലക്ഷ്യം. ഇതുവഴി മക്കളെയും കുടുംബത്തെയും രക്ഷിക്കാനും നയിക്കുവാനും സാധിക്കും. താൽപര്യമുള്ള എല്ലാ അമ്മമാരെയും ഈ ക്ലാസ്സിലേക്ക് ക്ഷണിക്കുന്നു.

### മാതൃവേദി എന്ന പുതിയ പേര്

2015 മുതൽ സീറോ മലബാർ സഭാതലത്തലിൽ അമ്മമാരുടെ സംഘടന മാതൃവവേദി എന്ന പേരിലാണ് അറിയപ്പെടുന്നത്. നമ്മുടെ അതിരൂപതയിൽ അതിരൂപത തലത്തിൽ 2016 മുതൽ മാതൃവേദി എന്ന പേരിൽ അമ്മമാരുടെ സംഘടന അറിയപ്പെടാൻ തുടങ്ങി. സാധിക്കുന്നുടത്തോളം സഭാതലത്തിലും രൂപതാതലത്തിലും ഇടവകതലത്തിലും ഒരു പോലെയാകാൻ മാതൃവേദി എന്ന പേര് സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. നിലവിലുള്ള ബാങ്ക് അക്കൗണ്ട് ഏതു പേരിലാണോ കിടക്കുന്നത് അത് മാറ്റേണ്ട ആവശ്യമില്ല. അത് ആ പേരിൽ തന്നെ തുടരട്ടെ. പുതിയ അക്കൗണ്ട് തുടങ്ങുമ്പോൾ മാതൃവേദി എന്ന പേരിൽ തുടരുന്നത് നന്നായിരിക്കും.

**ഫാ.ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീമതി. ബീന ജോഷി**
പ്രസിഡണ്ട്

**ഫാ.അൽജോ കരേരക്കാട്ടിൽ**
അസി.ഡയറക്ടർ

## കുടുംബകൂട്ടായ്മ

### മാർ ജോസഫ് കുണ്ടുകുളം അനുസ്മരണം (ഏപ്രിൽ 22) (2.30 മുതൽ 4.00 വരെ)

അതിരൂപത കുടുംബകൂട്ടായ്മയുടെ ആഭിമുഖ്യത്തിൽ മാർ ജോസഫ് കുണ്ടുകുളം പിതാവിന്റെ അനുസ്മരണ പ്രഭാഷണ പരമ്പര ഏപ്രിൽ 22-ാം തിയ്യതി ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തപ്പെടുന്നു. മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്യുകയും, പ്രൊഫ. കെ.എം. ഫ്രാൻസീസ് മാർ ജോസഫ് കുണ്ടുകുളം അനുസ്മരണ പ്രഭാഷണം നയിക്കുകയും ചെയ്യും. ഏവരേയും മാർ ജോസഫ് കുണ്ടുകുളം അനുസ്മരണ പ്രഭാഷണ പരമ്പരയിലേക്ക് ക്ഷണിക്കുന്നു.

**അഭിനന്ദനങ്ങൾ**

മാർച്ച് 12, 19, 26 എന്നീ തിയ്യതികളിലായി അതിരൂപത കുടുംബകൂട്ടായ്മ ഫൊറോന കൺവെൻഷൻ ലൂർദ്ദ്, പറപ്പൂർ, എരുമപ്പെട്ടി, പുത്തൂർ, മറ്റം, ചേലക്കര, ബസിലിക്ക, വടക്കാഞ്ചേരി, വേലൂർ എന്നീ ഫൊറോനകളിൽ നടത്തപ്പെട്ട ഫൊറോന കൺവെൻഷൻ ഏറെ അഭിനന്ദനാർഹമാണ്. ഇത്ര മനോഹരമാക്കാൻ ഇതിന്റെ പുറകിൽ അദ്ധ്വാനിച്ച ഈ ഫൊറോനകളിലെ ഫൊറോന വികാരിമാർ, ഇടവക വികാരിമാർ, ഫൊറോന കുടുംബകൂട്ടായ്മ പ്രൊമോട്ടർമാർ, ഫൊറോന കുടുംബകൂട്ടായ്മ ഭാരവാഹികൾ എന്നിവർക്ക് പ്രത്യേകം അഭിനന്ദനങ്ങൾ അർപ്പിക്കുന്നു. അതാത് ഫൊറോനയിലെ എല്ലാ ഇടവകയിലേയും സാധിക്കുന്ന എല്ലാ കുടുംബകൂട്ടായ്മ ഭാരവാഹികളും പങ്കെടുക്കുകയുണ്ടായി. പങ്കെടുത്ത എല്ലാവർക്കും ക്ലാസ്സ് നയിച്ചവർക്കും പ്രത്യേകം നന്ദി അർപ്പിക്കുന്നു.

**ചർച്ചാപഠനപരിശീലന ക്യാമ്പ് ( 29.04.2017)**

മാർച്ച് മാസത്തെ കുടുംബകൂട്ടായ്മ ചർച്ചാപഠനക്ലാസ്സിൽ പങ്കെടുത്തവർക്കും സഹകരിച്ചവർക്കും പ്രത്യേകം നന്ദി. മെയ് മാസത്തെ കുടുംബകൂട്ടായ്മയിൽ ചർച്ച ചെയ്യേണ്ട വിഷയത്തെക്കുറിച്ചുള്ള ചർച്ചാ പഠനക്ലാസ്സ് ഏപ്രിൽ 29-ാം തിയ്യതി ശനിയാഴ്ച്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.00 മണി വരെ ഫാമിലിഅപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തുന്നതായിരിക്കും. ഈ ചർച്ചാപഠന ക്ലാസ്സിലേക്ക് അച്ചന്റെ ഇടവകയിൽ നിന്ന് രണ്ടുപേരെയെങ്കിലും പറഞ്ഞയക്കുമല്ലോ.

| | | |
|---|---|---|
| **ഫാ.ഡെന്നി താണിക്കൽ** | **എ. എ. ആന്റണി** | **ഫാ. അൽജോ കരേരക്കാട്ടിൽ** |
| ഡയറക്ടർ | ജന.കൺവീനർ | അസി.ഡയറക്ടർ |

# ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

**പ്രോലൈഫ് ദിനം ആചരിച്ചു**

മാർച്ച് 25-ാം തിയ്യതി ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ് പ്രോലൈഫ് ഡേ ആയി ആചരിച്ചു. നടത്തറ ഇടവക ദൈവാലയത്തിൽ ആരാധനയോടും വിശുദ്ധ കുർബ്ബാനയോടും കൂടെ ഈ ദിനം ആചരിച്ചു. അന്നേ ദിവസം പുതിയ അംഗങ്ങളെ ചേർക്കുകയും വിവിധങ്ങളായ ബോധവൽക്കരണ ക്ലാസ്സുകളും ജാഥകളും ഉണ്ടായിരുന്നു. നടത്തറ ഇടവകയിലെ വികാരിയച്ചനെയും കൊച്ചച്ചനെയും നന്ദിയോടെ ഓർക്കുന്നു. ഒപ്പം പങ്കെടുത്തവർക്കും നേതൃത്വം കൊടുത്തവർക്കും നന്ദി.

**തിരുമണിക്കൂർ ആരാധന – ഏപ്രിൽ 3 തിങ്കൾ**
**(വൈകീട്ട് 6.30 മുതൽ 7.30 വരെ)**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിലെ എല്ലാ അംഗങ്ങളും ഒന്നു ചേർന്ന് ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്നവർക്കു വേണ്ടിയും ജീവനെതിരായി പ്രവർത്തിക്കുന്നവരുടെ മാനസാന്തരത്തിനുവേണ്ടിയും നടത്തുന്ന ഈ തിരുമണിക്കൂർ ആരാധനയിലേക്ക് എല്ലാ അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**നേഴ്സസ് സെമിനാർ – ഏപ്രിൽ 8 ശനി**
**(രാവിലെ 9.30 മുതൽ 4.00 വരെ)**

ജീവന്റെ മേഖലയിൽ ഏറെ പ്രവർത്തിക്കുന്ന നഴ്സ്മാർക്ക് ഏറെ സഹായകരവും വിജ്ഞാനപ്രദവുമാണ് ഈ സെമിനാർ. തൃശ്ശൂർ ജൂബിലി മിഷൻ ഹോസ്പിറ്റലിൽ മുരിങ്ങാത്തേരി ഹാളിൽ വച്ച് ഏപ്രിൽ 8–ാം തിയ്യതി ശനിയാഴ്ച്ച രാവിലെ 9 മുതൽ വൈകീട്ട് 4 വരെ നടത്തപ്പെടുന്ന ഈ സെമിനാറിൽ സംബന്ധിക്കാനായി സ്നേഹത്തോടെ ക്ഷണിക്കുന്നു. സാധിക്കുന്ന എല്ലാവരും പങ്കെടുക്കാൻ പരിശ്രമിക്കുമല്ലോ.

**ജെയിംസ് ആഴ്ചങ്ങാടൻ**
പ്രസിഡന്റ്

**ഫാ.ഡെന്നി താണിക്കൽ**
ഡയറക്ടർ

## അതിരൂപത ഗായകസംഘം

1. രക്തകണ്ണീർ ജപമാല : മാതാവിന്റെ ഏഴു വ്യാകുലങ്ങൾ പ്രത്യേകമായി ചിന്താവിഷയമാക്കി സംഗീത ജപമാല ഇടവകകളിൽ സംഘടിപ്പിക്കുവാൻ അതിരൂപതാ ഗായകസംഘം നേതൃത്വം കൊടുക്കുന്നു. താല്പര്യമുള്ളവർ സെക്രട്ടറിയെ വിവരമറിയിക്കുക.

2. വിശുദ്ധവാര ഗീതങ്ങളും പ്രഭാഷണങ്ങളും ലൂർദ്ദ് ഫൊറോന ഗായക സംഘത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്നു. ടി.സി.വിയിൽ വിശുദ്ധ വാര ദിനളിൽ പ്രസ്തുത പരിപാടി പ്രക്ഷേപണം ചെയ്യുന്നതാണ്.

| സെക്രട്ടറി | പ്രസിഡണ്ട് | ഡയറക്ടർ |
|---|---|---|
| **വർഗ്ഗീസ് ആന്റണി** | **ടോമി പന്ത്രണ്ടിൽ** | **ഫാ. പോൾ പുളിക്കൻ** |

# കലാസദൻ

കലാസദന്റെ നേതൃത്വത്തിൽ സംഗീതോപകരണ പഠനക്ലാസ്സുകൾക്കു പ്രത്യേക പരിശീലനം വെക്കേഷൻ സമയത്തു നടക്കുന്നതാണ്. വോക്കൽ മ്യൂസിക്കിലും പ്രത്യേക പരിശീലനത്തിനുള്ള അവസരം കലാസദൻ ഒരുക്കുന്നു.

കലാസദന്റെ നേതൃത്വത്തിൽ മെയ്മാസത്തിൽ നൃത്തക്ലാസ്സുകൾ ആരംഭിക്കുന്നു. താല്പര്യമുള്ളവർ കൺവീനർ ശ്രീമതി മേഴ്സി ബാബു (0487 3293373) ജോ. കൺവീനർ ശ്രീമതി ജാൻസി പോൾ (9995436920) എന്നിവരെ വിവരം അറിയിക്കുക.

കലാസദൻ പ്രഥമ പ്രസിഡണ്ട് ദൈവദാസൻ ഫാ. കനീഷ്യസ് സി.എം.ഐ. അച്ചന്റെ പാവസ്മരണയ്ക്ക് ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് 04.03.2017ന് അദ്ദേഹത്തിന്റെ കബറിടം സന്ദർശിച്ച് എല്ലാ മാനേജിംഗ് കമ്മറ്റി അംഗങ്ങളും പ്രാർത്ഥിച്ചു. സമ്പാളൂർ, കുഴിക്കാട്ടുശ്ശേരി തീർത്ഥകേന്ദ്രങ്ങളും അംഗങ്ങൾ സന്ദർശിച്ചു.

## സംഗീത പരിശീലന ക്ലാസ്സുകൾ

അതിരൂപത കലാസദന്റെ നേതൃത്വത്തിൽ 40 വർഷത്തിലേറെയായി നടത്തപ്പെടുന്ന സംഗീത പരിശീലന പരിപാടിയിൽ പുതിയ സർട്ടിഫിക്കറ്റ് കോഴ്സുകൽ (ലണ്ടൻ ട്രിനിറ്റി സ്കൂൾ ഓഫ് മ്യൂസിക്കിന്റെ അംഗീകാരമുള്ളത്) ആരംഭിച്ചിരിക്കുന്നു. കാച്ചേരി മഡോണ നഗറിലെ സെന്റ് മേരീസ് മൈനർ സെമിനാരിക്ക് സമീപമുള്ള കലാസദൻ ആർട്ട് അക്കാദമിയിലാണ് വയലിൻ, ഗിറ്റാർ, കീബോർഡ്, തബല, വോക്കൽ, എന്നിവയിൽ വിദഗ്ദ്ധരായ അദ്ധ്യാപകരുടെ ശിക്ഷണത്തിൽ ക്ലാസ്സുകൾ ഒരുക്കിയിട്ടുള്ളത്. ഞായറാഴ്ചകളിൽ 2.00 pm മുതൽ 4.00 വരെയായിരിക്കും പരിശീലനം. താൽപര്യമുള്ളവർ ബന്ധപ്പെടുക.

Office : 0487 2336306 (10.30 am - 5.30 pm)
9249868463
Office Secretary :9249868453, Co-ordinator : 9744386108

**വി. പി. ജോസഫ്**
പ്രസിഡണ്ട്

**ഫാ. പോൾ പുളിക്കൻ**
സെക്രട്ടറി

# കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി, തൃശ്ശൂർ

**1. അർദ്ധദിന ധ്യാനവും എക്സിക്യൂട്ടീവും**

തൃശ്ശൂർ അതിരൂപത മദ്യവിരുദ്ധ പ്രവർത്തകരുടെ കുടുംബനവീകരണ ധ്യാനം പാസ്റ്ററൽ സെന്ററിൽ അരങ്ങേറി, ഡയറക്ടറച്ചൻ അർപ്പിച്ച ദിവ്യബലിയോടെയാണ് സമാരംഭിച്ചത്. നെസ്റ്റ് ഡയറക്ടർ ഫാ. ലിജോ ചിറ്റിലപ്പിള്ളി, ബ്രദർ ഷാജി ജോസഫ് (മോചന പരിശീലകൻ) എന്നിവർ വചന പ്രഘോഷകരായിരുന്നു. സ്നേഹവിരുന്നിനുശേഷം അതിരൂപത എക്സിക്യൂട്ടിവ് കൂടി. സംസ്ഥാന സെക്രട്ടറിയും മേഖലാ സെക്രട്ടറിയുമായി തെരഞ്ഞെടുക്കപ്പെട്ട ശ്രീ. ജോസ് ചെമ്പിശ്ശേരിക്കും മേഖലാ കമ്മിറ്റി അംഗമായി നിയമിതനായ ശ്രീ.എം. കെ. ബാബുവിനും അനുമോദനങ്ങൾ അർപ്പിച്ചു. അതിരൂപതാ ഭാരവാഹികൾ പരിപാടികൾക്കു നേതൃത്വം നൽകി.

**2. മദ്യവിരുദ്ധ കൂട്ടായ്മ പി.ഒ. സിയിൽ**

മദ്യവിരുദ്ധ സമിതിയുടെ സംസ്ഥാന തലത്തിലുള്ള സമ്മേളനം മാർച്ച് പത്തിന് പി.ഒ.സി.യിൽ സംഘടിപ്പിച്ചു. കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി, മാർ റെമേജിയൂസ് ഇഞ്ചനാനിയിൽ, ഡോ. മോസ്റ്റ് റവ. ജോസഫ് കാക്കശ്ശേരി, ജസ്റ്റിസ് ഷംസുദീൻ തുടങ്ങിയ പ്രഗത്ഭമതികൾ പങ്കെടുക്കുകയുണ്ടായി. ഡയറക്ടർ, ശ്രീ. ജോസ് ചെമ്പിശ്ശേരി എന്നിവർ പ്രസംഗിച്ചു. തൃശ്ശൂരിനെ പ്രതിനിധീകരിച്ചു ഏഴുപേർ സംബന്ധിക്കുകയുണ്ടായി.

**3. മദ്യവിരുദ്ധ ദിനാചരണം**

സംസ്ഥാന സമിതിയുടെ ആഹ്വാന പ്രകാരം മാർച്ച് 12 മദ്യവിരുദ്ധ ഞായറായി കൊണ്ടാടി. അനേകം യൂണിറ്റുകളിൽ ഇതിന്റെ ഭാഗമായി വൈവിധ്യമാർന്ന പരിപാടികൾ ഉണ്ടായിരുന്നു. പനമുക്ക് ഇടവകയിൽ അന്നേ ദിവസം ദിവ്യബലിയർപ്പിച്ച് സന്ദേശം നല്കുകയും ലഹരി വിരുദ്ധ പ്രതിഞ്ജ ചൊല്ലിക്കൊടുക്കുകയും ചെയ്തു. എരനെല്ലൂർ ഇടവകയിൽ പതാക ഉയർത്തി. വികാരി ഫാ. ദാവീദ് വിതയത്തിലിന്റെ സാന്നിദ്ധ്യത്തിൽ ജോസ് ചെമ്പിശ്ശേരി പ്രതിഞ്ജ എടുക്കുന്നതിന് നേതൃത്വം നൽകി. തലക്കോട്ടുകര ഇടവകയിൽ ഫാ. വർഗ്ഗീസ് പാലത്തി

ങ്കൽ പതാക ഉയർത്തി. കരുമത്ര ഇടവകയിൽ വികാരി. ഫാ. ജോബി പുത്തൂർ പതാക ഉയർത്തി. പഴുവിൽ ഫൊറോനയിലെ എല്ലാ യൂണിറ്റുകളിലും ഫ്ളക്സിൽ മദ്യവിരുദ്ധ സന്ദേശം പ്രചരിപ്പിച്ചു. വലപ്പാട് പള്ളിയിൽ ഫാ. പ്രിൻസ് പൂവ്വത്തിങ്കൽ സന്ദേശം നൽകി. കുരിയച്ചിറ ഇടവകയിൽ വികാരി. ഫാ. വർഗ്ഗീസ് കരിപ്പേരി സന്ദേശം നൽകി. ലഹരിവിരുദ്ധ കൂട്ടായ്മയക്ക് അതിരൂപത പ്രസിഡണ്ട് എം. കെ. ബാബു, യൂണിറ്റ് പ്രസിഡണ്ട് ഇ.എ. ജോസഫ് തുടങ്ങിയവർ നേതൃത്വം വഹിച്ചു.

**4. പുതിയ യൂണിറ്റ്**

മദ്യവിരുദ്ധ സമിതിക്ക് പനമുക്ക് ഇടവകയിൽ പുതിയ യൂണിറ്റ് നിലവിൽ വന്നു. വികാരി ഫാ. ജെയ്സൺ മാറോക്കിയുടെ അദ്ധ്യക്ഷതയിൽ അതിരൂപതാ ഡയറക്ടർ ബോധവൽക്കരണ പ്രഭാഷണം നടത്തി. പി.ആർ.ഒ. ഹിറ്റ്ലസ് ചാക്കുണ്ണി തെരഞ്ഞെടുപ്പ് മോഡറേറ്റ് ചെയ്തു. ജോയി ആലപ്പാടൻ (പ്രസിഡന്റ്), ജോൺസൺ കൂടലി (സെക്രട്ടറി) സൈമൺ മുറ്റിച്ചൂക്കാരൻ (ട്രഷറർ) തുടങ്ങിയവരാണ് പുതിയ ഭാരവാഹികൾ യൂണിറ്റ് രൂപീകരണ യോഗത്തിൽ നൂറോളം പേർ പങ്കെടുത്തു.

**5. മദ്യവിരുദ്ധ സമരവേദികൾ**

വല്ലച്ചിറ, പുതുരുത്തി, പുതുശ്ശേരി എന്നിവിടങ്ങളിൽ നടന്നുവരുന്ന മദ്യവിരുദ്ധ ജനകീയ മുന്നേറ്റങ്ങൾ ജനശ്രദ്ധയാകർഷിച്ചുകഴിഞ്ഞു. ലഹരി സംസ്കാരത്തിനെതിരെയുള്ള ഈ ധാർമ്മിക സമരങ്ങളെ നാം പിന്തുണക്കേണ്ടതാണ്. ഡയറക്ടറച്ചൻ ജോസ് ചെമ്പിശ്ശേരി എം. കെ. ബാബു, സുനീഷ് സ്രാമ്പിക്കൽ, റപ്പായി മേച്ചേരി, ഫ്രാൻസീസ് തേർമഠം, മുതലായവർ ഈ സമര സ്ഥലങ്ങൾ സന്ദർശിച്ചു പ്രസംഗിച്ചു.

എല്ലാവർക്കും മദ്യവിമുക്തമായ ഈസ്റ്റർ ആശംസകൾ

**ഹിറ്റ്ലസ് ചാക്കുണ്ണി**
പി. ആർ.ഒ.

**ഫാ. ദേവസ്സി പന്തല്ലൂക്കാരൻ**
ഡയറക്ടർ

# ഫ്രാൻസിസ്കൻ അല്മായസഭ

## സമാധാനവും സൗഭാഗ്യവും

തൃശ്ശൂർ അതിരൂപത ഫ്രാൻസിസ്ക്കൻ അൽമായ സഭയുടെ എക്സിക്യൂട്ടീവ് യോഗം 04.03.2017 ശനിയാഴ്ച പ്രസിഡണ്ട് ശ്രീ. സണ്ണി വടക്കന്റെ അദ്ധ്യക്ഷതയിൽ കൂടി പ്രവർത്തനങ്ങൾ വിലയിരുത്തി. ഫാ. പോൾ അടമ്പുകുളം , ഫാ. നിക്സൺ കോളാട്ടുകുടി, ഫാ. ഫ്രാങ്കോ വടക്കൻ, സിസ്റ്റർ റോസിലിൻ, ശ്രീ. പി.ഐ. സൈമൺ, ശ്രീ. ടി.കെ. ഡേവീസ്, ഡോ. ജെറി ജോസഫ്, ശ്രീമതി സെലീന ജോൺ, ശ്രീ. ജോസ് പീറ്റർ എന്നിവർ സംബന്ധിച്ചു.

പാലയൂർ കൺവെൻഷനിലും പാലയൂർ മഹാതീർത്ഥ പദയാത്രയിലും കഴിയുന്നത്ര അംഗങ്ങൾ പങ്കെടുക്കുവാൻ നിർദ്ദേശം നൽകി. നോമ്പുകാല വെള്ളിയാഴ്ചകളിൽ ഉപവാസം അനുഷ്ഠിക്കേണ്ടതാണ്.

മെയ് മാസത്തിൽ അമ്മമാരെ വിളിച്ചുചേർത്ത് മാതൃദിനം ആചരിക്കുവാനും കിടപ്പുരോഗികളെ വീട്ടിൽ ചെന്ന് ആദരിക്കുവാനും തീരുമാനിച്ചു.

യേശുവിൽ എളിയ സഹോദരൻ

**സണ്ണി വടക്കൻ**

അതിരൂപത പ്രസിഡണ്ട്

# കരിസ്മാറ്റിക് നവീകരണ മുന്നേറ്റം

## യാത്രയയപ്പ് നൽകി

നടത്തറ ഇടവക വികാരിയായി സ്ഥലം മാറ്റി ലഭിച്ച കരിസ്മാറ്റിക് നവീകരണം അതിരൂപത ഡയറക്ടർ റവ. ഫാ. ഷാജൻ തേർമഠത്തിന് ഫെബ്രുവരി 6 തിങ്കളാഴ്ച ആബാ റിന്യൂവൽ സെന്ററിൽ ചേർന്ന ലീഡേഴ്സ് കൂട്ടായ്മയിൽ വച്ച് യാത്രയയപ്പ് നൽകി. ഡയറക്ടറായി നിയമിതനായ ഫാ. സജീവ് ഇമ്മട്ടി, പാലയൂർ ഫൊറോന ആനിമേറ്റർ റവ. ഫാ. ജോസ് പുലിക്കോട്ടിൽ, കരിസ്മാറ്റിക് നവീകരണ അതിരൂപത കോ-ഓർഡിനേറ്റർ റോയ് ടി.ഒ., പുതുക്കാട് സബ്സോൺ കോ- ഓർഡിനേറ്റർ ഷാജു തുടങ്ങിയവർ ആശംസകൾ നേർന്ന് സംസാരിച്ചു. ഷാജനച്ചൻ മറുപടി പ്രസംഗം നടത്തി. അഞ്ഞൂറോളം ലീഡേഴ്സ് പങ്കെടുത്തു.

**2. ചുമതലയേറ്റു**

കരിസ്മാറ്റിക് ഡയറക്ടറായി ഫാ. സജീവ് ഇമ്മട്ടി ഫെബ്രുവരി 8ന് ചുമതലയേറ്റു. സോണൽ സർവ്വീസ് ടീം അംഗങ്ങൾ ആബാ റിന്യൂവൽ സെന്ററിൽ അദ്ദേഹത്തെ സ്വീകരിച്ചു.

**3. പാരീഷ് ഫെസറ്റ്**

കരിസ്മാറ്റിക് നവീകരണം സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് എരുമപ്പെട്ടി സബ്സോണിലെ ആറ്റത്തറ സെന്റ് ആന്റണീസ് ഇടവക ദൈവാലയത്തിൽ ഫെബ്രുവരി 21, 22, 23 തിയതികളിൽ പാരിഷ് ഫെസ്റ്റ് നടന്നു. കരിസ്മാറ്റിക് ഡയറക്ടർ ഫാ. സജീവ് ഇമ്മട്ടി, സാബു എം. വർഗ്ഗീസ്, സെബാസ്റ്റ്യൻ സി. ടി., ടോണി മുക്കാട്ടുകര, വിജു സി. ടി., റോയ് ടി.ഒ. എന്നിവർ ക്ലാസ്സുകൾ നയിച്ചു. നൂറോളം പേർ പങ്കെടുത്തു.

**4. സോണൽ സർവ്വീസ് ടീം കൂട്ടായ്മ**

തൃശ്ശൂർ സോണൽ സർവ്വീസ് ടീം കൂട്ടായ്മ ഫെബ്രുവരി 15ന് രാവിലെ 9 മണി മുതൽ ഉച്ചകഴിഞ്ഞ് 4 മണി വരെ ആബാ റിന്യൂവൽ സെന്ററിൽ നടന്നു. വി. കുർബ്ബാന, ദിവ്യകാരുണ്യാരാധന എന്നിവയ്ക്ക് ഡയറക്ടർ കാർമ്മികത്വം വഹിച്ചു. തൃശ്ശൂർ സോണിന്റെ വിവിധ പ്രവർത്തനങ്ങൾ അവലോകനം ചെയ്തു. പാരിഷ് ഫെസ്റ്റുകൾ കൂടുതൽ ശക്തമായി എല്ലാ ഇടവകകളിലും വ്യാപിപ്പിക്കുന്നതിനും ഡയറക്ടറുടെ നേതൃത്വത്തിൽ ഫൊറോന (സബ്സോൺ) സന്ദർശനങ്ങൾ നടത്തുന്നതിനും തീരുമാനിച്ചു.

**5. സബ്സോൺ -മിനിസ്ട്രി കോ-ഓർഡിനേറ്റേഴ്സ് കൂട്ടായ്മ**

ഫെബ്രുവരി 24 ശനിയാഴ്ച രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 4 വരെ സബ്സോൺ മിനിസ്ട്രി കോ ഓർഡിനേറ്റേഴ്സ് കൂട്ടായ്മ നടന്നു. ദിവ്യകാരുണ്യാരാധന, വി. കുർബാന എന്നിവയക്ക് ഡയറക്ടർ നേതൃത്വം നൽകി. സബ്സോൺ തലങ്ങളിൽ നടന്ന പ്രവർത്തനങ്ങൾ അവലോകനം ചെയ്തു.

**6. കരിസ്മാറ്റിക് സുവർണ്ണ ജൂബിലി ആഘോഷങ്ങൾ**

തൃശ്ശൂർ സോണിലെ എല്ലാ സബ്സോണുകളിലും കരിസ്മാറ്റിക് സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് ഫെബ്രുവരി 18, 19 ദിനങ്ങളിൽ അർധദിന-ഏകദിന സെമിനാറുകൾ സംഘടിപ്പിച്ചു. കരിസ്മാറ്റിക് നവീകരണത്തെക്കുറിച്ചുള്ള പഠനങ്ങളും സ്തുതി ആരാധനകളും ശുശ്രൂഷകളുടെ ഭാഗമായി ഒരുക്കിയിരുന്നു.

| | | |
|---|---|---|
| **സാബു. എം. വർഗ്ഗീസ്** | **സെബാസ്റ്റ്യൻ സി.ടി.** | **ഫാ. സജീവ് ഇമ്മട്ടി** |
| കോ-ഓർഡിനേറ്റർ | സെക്രട്ടറി | ഡയറക്ടർ |

# കാത്തലിക് നേഴ്സസ് ഗിൽഡ് ഓഫ് ഇന്ത്യ

2017 മാർച്ച് 19 മുതൽ 24 വരെ അട്ടപ്പാടി സെഹിയോൻ ധ്യാനകേന്ദ്രത്തിൽ നടന്ന നേഴ്സുമാർക്കുവേണ്ടിയുള്ള ധ്യാനത്തിൽ 200 ഓളം പേർ പങ്കെടുത്ത് ആത്മീയ ഉണർവ്വ് നേടി.

കെ.സി. ബി. സി. യുടെ ഹെൽത്ത് കമ്മിഷന്റെ പുതിയ സാരഥിയായി തിരഞ്ഞെടുക്കപ്പെട്ട തലശ്ശേരി ആർച്ച്ബിഷപ്പ് മാർ ജോർജ്ജ് ഞരളക്കാട്ടിന് CHAI യും CNGI യും സംയുക്തമായി സ്വാഗതം ആശംസിച്ചു. 2016ലെ മികച്ച സ്റ്റാഫ് നേഴ്സിനുള്ള ദേശീയ പുരസ്ക്കാരത്തിന് അർഹയായ ശ്രീമതി ലിൻസി പീറ്ററിന് പാലാരിവട്ടം പി.ഒ. സിയിൽ നടന്ന യോഗത്തിൽ അനുമോദിക്കുകയും ചെയ്തു

തൃശ്ശൂർ അതിരൂപതയിലെ നേഴ്സിങ്ങ് സ്കൂളുകളിലെ പാവപ്പെട്ട വിദ്യാർത്ഥികൾക്കായി പഠന സഹായ സ്കോളർഷിപ്പ് നൽകാൻ സി.എൻ. ജി.ഐ. എക്സിക്യൂട്ടീവ് തീരുമാനിക്കുകയും, ഔദ്യോഗിക ഉദ്ഘാടനം ഏങ്ങണ്ടിയൂർ എം.ഐ. ഹോസ്പിറ്റലിൽ നടന്ന നൈറ്റിംഗേൽസ് മീറ്റിൽ നടത്തുകയും ചെയ്തു. ഇനിയും അർഹരായ ഓരോ വിദ്യാർത്ഥികളുടെ പേര് വിവരം, സ്ഥാപന അധികാരികൾ മുഖേന എക്സിക്യൂട്ടീവ് അംഗങ്ങളെ അറിയിക്കുമല്ലോ.

പുണ്യം പൂക്കുന്ന നോമ്പുകാലം തപസിലും പ്രാശ്ചിത്തത്തിലും ചിലവഴിച്ചുകൊണ്ട് ഉത്ഥിതന്റെ യഥാർത്ഥ സന്തോഷത്തിൽ പങ്ക്ചേരാൻ എല്ലാ സി.എൻ.ജി. ഐ. അംഗങ്ങൾക്കും ആശംസകൾ നേരുന്നു.

**ഫാ. സിജോ അരിക്കാട്ട്** — ഡയറക്ടർ

**സി. റൊസീന ഡേവീസ് എഫ്. സി. സി.** — സെക്രട്ടറി

# ലീജിയൻ ഓഫ് മേരി

ലീജിയൻ ഓഫ് മേരി തൃശ്ശൂർ കമ്മീസിയത്തിന്റെ 670–ാമതും തൃശ്ശൂർ കൂരിയായുടെ 721–ാമതും സമ്മേളനം 2017 മാർച്ച് 5ന് പാസ്റ്ററൽ സെന്ററിലുള്ള ഓഫീസിൽ വെച്ച് പ്രസിഡന്റ് ബ്ര. കെ. പി. ജോയിയുടെ അദ്ധ്യക്ഷതയിലും ആദ്ധ്യാത്മിക നിയന്താവ് റവ. ഡോ. ജോൺ മൂലന്റെ സാന്നിദ്ധ്യത്തിലും പാസ്റ്ററൽ സെന്ററിലുള്ള ഓഫീസിൽ വെച്ച് കൂടുകയുണ്ടായി.

പ്രസിഡണ്ട് ജ്ഞാനവായന നടത്തിയതിനുശേഷം സെക്രട്ടറി ബ്ര. പി. സി. കുരിയപ്പൻ മുൻമാസ റിപ്പോർട്ടും, ട്രഷറർ ബ്ര. ജിമ്മി റാഫേൽ വരവ്–ചിലവ് കണക്കും അവതരിപ്പിച്ചത് യോഗം പാസാക്കി. വൈസ് പ്രസിഡണ്ട്

സി. എൽസി. ജോണി ഹാജർ വിളിച്ചതിൻ ഒല്ലൂർ, പുതുക്കാട്, പറവട്ടാനി, പാവറട്ടി, കുരിയച്ചിറ, പഴുവിൽ, ചേർപ്പ് മരത്താക്കര, കണ്ടശ്ശാംകടവ്, പടിഞ്ഞാറെകോട്ട, ലൂർദ്ദ്, ഏനാമാക്കൽ, പള്ളിക്കുന്ന്, കൂരിയായും വടക്കാഞ്ചേരി, തിരൂർ കരുമത്ര, മച്ചാട്, കുണ്ടന്നൂർ, പുറനാട്ടുകര, തിരുത്തിപ്പറമ്പ് പ്രസീദിയങ്ങളിൽ നിന്നും സൈനീകർ ഹാജരുണ്ടായിരുന്നു.

പ്രാതിനിധ്യം ഇല്ലാതിരുന്ന കൂരിയ- കാഞ്ഞിരപ്പുഴ, പ്രാതിനിധ്യം ഇല്ലാതിരുന്ന പ്രസീദിയം - വേലൂർ, കോലഴി, അത്താണി തുടർന്ന് ബ്ര. പ്രസിഡണ്ട് സ്വാഗതമാശംസിച്ചു.

2016 ജനുവരി മുതൽ 2016 ഡിസംബർ ഉൾപ്പെടെ 12 മാസത്തെ പ്രവർത്തന റിപ്പോർട്ട് തിരൂർ സെന്റ് തോമസ് പള്ളിയിലെ സമാധാനത്തിന്റെ രാജ്ഞി പ്രസീദിയം അവതരിപ്പിച്ചു.

മാർച്ച് 12ന് ഏകദിന പരിപാടിയോടെ ആച്ചിയസ് ചടങ്ങ് നടക്കുന്നതിൽ എല്ലാ പ്രസിദീയാംഗങ്ങളും പങ്കെടുക്കുന്നതിന് ഓർമ്മിപ്പിച്ചു. വടക്കാഞ്ചേരി കേന്ദ്രമായി 16-ാമത് കൂരിയ ആരംഭിക്കുന്നതിന് തീരുമാനിച്ചു. വടക്കാഞ്ചേരി ഫൊറോന പള്ളി വികാരി വെരി. റവ. ഫാ. തോബിയാസ് ചാലക്കലച്ചനുമായി സംസാരിക്കുന്നതിന് പ്രസിഡന്റ്, സെക്രട്ടറി എന്നിവരെ ചുമതലപ്പെടുത്തി.

പുതിയ കൂരിയായിൽ - വടക്കാഞ്ചേരി, കരുമത്ര, മച്ചാട്, കുണ്ടന്നൂർ, തിരുത്തിപ്പറമ്പ് ഇടവകകളിലെ പ്രസീദിയങ്ങൾ ഉൾപ്പെടുന്നവിധത്തിലായിരിക്കും പുതിയ കൂരിയായിൽ പ്രസീദിയങ്ങൾ പ്രവർത്തിക്കേണ്ടത്.

ആച്ചിയസ് (സൈനീക പ്രകടനം) മാർച്ച് 12 ഞായറാഴ്ച രാവിലെ 10 മണിക്ക് പ്രാരംഭ പ്രാർത്ഥനയോടും ജപമാലയോടും കൂടി സെന്റ് മേരീസ് കോളേജ് ഓഡിറ്റോറിയത്തിൽ വെച്ച് ആച്ചിയസ് ആരംഭിച്ചു.

കരുമത്ര പ്രസീദിയം പ്രസിഡന്റ് ബ്ര. പോൾ നീണ്ടശ്ശേരി ധ്യാന പ്രസംഗം നടത്തി. കമ്മീസിയം മുൻ ആദ്ധ്യാത്മിക നിയന്താവ് റവ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ ദിവ്യബലി അർപ്പിച്ചു. ഉച്ചഭക്ഷണത്തിന് ശേഷം 2.30ന് ആച്ചിയസ് ചടങ്ങ് സെനാത്തൂസ് പ്രസിഡന്റ് ബ്ര. നിർമ്മല സ്കറിയ കാഞ്ഞിരത്തുങ്കൽ (പാല) അദ്ധ്യക്ഷത വഹിച്ച സമ്മേളനം സെനാത്തൂസ് ആദ്ധ്യാത്മിക നിയന്താവ് റവ. ഡോ. തോമസ് മേനാച്ചേരി (പാല) ഉദ്ഘാടനം ചെയ്തു. കമ്മീസിയം അദ്ധ്യാത്മിക നിയന്താവ് റവ. ഡോ. ജോൺ മൂലൻ പ്രതിജ്ഞാവാചകം മരിയ സൈനികർക്ക് ചൊല്ലിക്കൊടുത്തു. കമ്മീസിയം പ്രസിഡന്റ് ബ്ര. കെ. പി. ജോയ് സ്വാഗതവും സെക്രട്ടറി പി.സി. കുരിയപ്പൻ റിപ്പോർട്ടും ബ്ര. ജിമ്മി റാഫേൽ (ട്രഷറർ) നന്ദിയും പറഞ്ഞു. പാല സെനാത്തൂസിൽ നിന്ന് വൈസ് പ്രസിഡണ്ട് ബ്ര. സി.എം. ജോസഫ് ചെമ്പകത്തിനാൽ, സെക്രട്ടറി - ബ്ര. ജോർജ്ജ് ഫ്രാൻസീസ് പുവേലിൽ, കറസ്പോണ്ടന്റ് ബ്ര. ജോസ്

പൊള്ളാക്കൽ എന്നിവരും സന്നിഹിതരായിരുന്നു. 3.30ന് ജപമാലപ്രദക്ഷിണമായി 1000 –ത്തോളം വരുന്ന മരിയ സൈനീകർ ബസലിക്കാ പള്ളിയിൽ എത്തിയതിനുശേഷം ബസലിക്ക റെക്ടർ ഫാ. ജോർജ്ജ് എടക്കുളത്തൂർ സന്ദേശവും സമാപനാശീർവ്വാദവും നൽകുകയും ചെയ്തു.

ദിവ്യനാഥയുടെ സേവനത്തിൽ

| | | |
|---|---|---|
| **റവ. ഡോ. ജോൺ മൂലൻ** | **കെ. പി. ജോയ്** | **പി.സി. കുരിയപ്പൻ** |
| ആദ്ധ്യാത്മിക നിയന്താവ് | പ്രസിഡണ്ട് | സെക്രട്ടറി |

# സി. എൽ.സി.

## 1. രോഗീ ദിനത്തിൽ മെഡിക്കൽ കോളേജിൽ ഭക്ഷണ വിതരണം നടത്തി

മുളങ്കുന്നത്തുകാവ് : തൃശ്ശൂർ അതിരൂപത സി. എൽ. സി.യുടെ ആഭിമുഖ്യത്തിൽ രോഗീദിനത്തിൽ തൃശ്ശൂർ മുളങ്കുന്നത്തുകാവ് മെഡിക്കൽ കോളേജിൽ ഭക്ഷണ വിതരണം നടത്തി. തൃശ്ശൂർ അതിരൂപത സി. എൽ. സി. അസി. പ്രൊമോട്ടർ റവ. ഫാ. ഫ്രജോ വാഴപ്പിള്ളി ഭക്ഷണ വിതരണം ഉദ്ഘാടനം ചെയ്തു. തൃശ്ശൂർ അതിരൂപത സി. എൽ.സി. പ്രസിഡന്റ് ബിജിൽ സി. ജോസഫ് അദ്ധ്യക്ഷത വഹിച്ചു. അതിരൂപത ഭാരവാഹികളായ ബിനോയ് കാറളത്തുക്കാരൻ, നോബി മേനാച്ചേരി, ജോമി ജോൺസൺ, ഷിൻസി ഫ്രാൻസീസ്, ഫിൻസി, ജിയൊ കെ. ജോർജ്ജ് എന്നിവർ ഭക്ഷണ വിതരണത്തിന് നേതൃത്വം നൽകി.

## 2. സി. എൽ.സി. സംസ്ഥാന ഇലക്ഷ്ൻ ക്യാമ്പിൽ തൃശ്ശൂർ അതിരൂപതയിൽ നിന്ന് പങ്കെടുത്തു.

പാലാരിവട്ടം : സംസ്ഥാന സി. എൽ.സിയുടെ ഇലക്ഷൻ ക്യാമ്പിൽ തൃശ്ശൂർ അതിരൂപതയിൽ നിന്ന് 3 പേർ പങ്കെടുത്തു. അതിരൂപത സി. എൽ.സി. പ്രസിഡന്റ് ബിജിൽ സി. ജോസഫ്, ഡിൽജോ തരകൻ, നോബി മേനാച്ചേരി എന്നിവരാണ് പങ്കെടുത്തത്.

## 3. സംസ്ഥാന സി. എൽ.സി. വൈസ് പ്രസിഡന്റ്, സംസ്ഥാന സി. എൽ.സി. ജന. കോർഡിനേറ്റർ

പാലാരിവട്ടം: സംസ്ഥാന സി. എൽ.സി.യുടെ ഇലക്ഷനിൽ തൃശ്ശൂർ അതി

രൂപതയിൽ നിന്നുള്ള ശ്രീ. ഡിൽജോ തരകൻ സംസ്ഥാന സി. എൽ.സി. വൈസ് പ്രസിഡന്റായും ശ്രീ വിനേഷ് ജെ കൊളേങ്ങാടൻ സംസ്ഥാന ജന. കോർഡിനേറ്ററുമായി തിരഞ്ഞെടുത്തു. തൃശ്ശൂർ അതിരൂപത സി. എൽ.സി യുടെ അഭിനന്ദനങ്ങൾ

**ത്യാഗസ്മരണകളുയർത്തി സി. എൽ.സി. യുവജന ജാഗരണ പദ യാത്ര**

തൃശ്ശൂർ : പാപപരിഹാരത്തിന്റെ ത്യാഗസ്മരണകളുയർത്തി തൃശ്ശൂർ അതി രൂപത സി. എൽ. സി. ജാഗരണ പദയാത്ര സംഘടിപ്പിച്ചു. അതിരൂപത ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് ജാഗരണ പദയാത്ര ഉദ്ഘാടനം ചെയ്തു. അതിരൂപതയിലെ വിവിധ ഇടവകകളിൽ നിന്ന് 100 കണക്കിന് യുവ ജനങ്ങൾ പദയാത്രയിൽ അനുഗമിച്ചു. തൃശ്ശൂർ അതിരൂപത സി. എൽ. സി. പ്രൊമോട്ടർ റവ. ഫാ. ജിയോ തെക്കിനിയത്ത് , അസി. പ്രൊമോട്ടർ റവ. ഫാ. ജിയോ തെക്കിനിയത്ത്, അസി. പ്രമൊട്ടർ റവ. ഫാ. ഫ്രജോ വാഴപ്പി ള്ളി, സി. എൽ..സി. അതിരൂപത പ്രസിഡണ്ട് ബിജിൽ സി. ജോസഫ് സംസ്ഥാന സി. എൽ.സി. വൈസ് പ്രസിഡണ്ട് ഡിൽജോ തരകൻ, ജോമി ജോൺസൺ, ഫ്രെഡി സി. ഡിക്രൂസ്, നോബി മേനാച്ചേരി, സോണി തൃശ്ശൂർക്കാരൻ എന്നിവർ നേതൃത്വം നൽകി. പുലർച്ചെ 03.15ഓടെ പാലയൂ രിൽ ജാഗരണ പദയാത്ര എത്തിച്ചേർന്നു. തുടർന്ന് കൽവിളക്കിൽ തിരിതെ ളിയിച്ചു. തിരുകർമ്മങ്ങൾക്ക് പാലയൂർ ഫൊറോന തീർത്ഥകേന്ദ്രം റെക്ടർ വെ. ഫാ. ജോസ് പുന്നോലിപ്പറമ്പിൽ നേതൃത്വം നൽകി.

**5. ലോക സി. എൽ. സി. ദിനം**

തൃശ്ശൂർ മാർച്ച് 25ന് യൂണിറ്റുകളിലും ഫൊറോനകളിലും അതിരൂപത തല ത്തിൽ പൂങ്കുന്നം സെന്റ് ജോസഫ് ദേവാലയത്തിൽ മാർച്ച് 26ന് ആഘോഷം സംഘടിപ്പിച്ചു.

**6. ഫോർമേഷൻ ക്യാമ്പ്**

തൃശ്ശൂർ – സി. എൽ.സി. ഫോർമേഷൻ ക്യാമ്പ് ഏപ്രിൽ 21, 22, 23 തിയതി കളിൽ സംഘടിപ്പിക്കുന്നു. 21ന് വെള്ളി വൈകീട്ട് 4.30ന് ആരംഭിച്ച് 23ന് ഞായ റാഴ്ച 3.00 മണിക്ക് അവസാനിക്കുന്ന രീതിയിലാണ് ക്യാമ്പ് സംഘടിപ്പിച്ചി രിക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് 9847453368 നമ്പറിൽ ബന്ധപ്പെടുക.

ആദ്യത്തെ 75 പേർക്കാണ് അവസരം

**7. ലീഡേഴ്സ് മീറ്റ്**

തൃശ്ശൂർ സി. എൽ. സി. തൃശ്ശൂർ അതിരൂപത ഭാരവാഹികളുടെയും ഫൊറോന പ്രസിഡന്റ്, സെക്രട്ടറി ട്രഷറർ എന്നിവരുടെ സംയുക്ത മീറ്റിങ്ങ് ഏപ്രിൽ 8ന് ശനിയാഴ്ച രാവിലെ 9 മുതൽ വൈകീട്ട് 4 വരെ നടത്തുന്നു. അതിരൂപതയിലെ സി. എൽ.സി. ലീഡേഴ്സിനുള്ള ഈ മീറ്റിങ്ങിൽ പങ്കെടുക്കണമെന്ന് അറിയിക്കുന്നു.

**8. പാസ്റ്ററൽ കൗൺസിൽ അജണ്ട കമ്മിറ്റി യുവജന പ്രതിനിധി ഡിൽജോ തകരൻ**

തൃശ്ശൂർ: 17-ാമത് പാസ്റ്ററൽ കൗൺസിലിന്റെ അജണ്ട കമ്മിറ്റി യുവജന പ്രതിനിധിയായി അതിരൂപത സി. എൽ.സി. മുൻ പ്രസിഡന്റും സംസ്ഥാന സി. എൽ.സി. വൈസ് പ്രസിഡന്റുമായ ശ്രീ. ഡിൽജോ തരകൻ തിരഞ്ഞെടുക്കപ്പെട്ടു. അതിരൂപത സി. എൽ.സി.യുടെ അഭിനന്ദനങ്ങളും ആശംസകളും

**9.കാരിത്ത ഒരു ദിനം ഒരു രൂപ പദ്ധതി**

അതിരൂപത സി. എൽ. സിയുടെ ഒരു ദിനം ഒരു രൂപ പദ്ധതി കാരിത്തായുടെ ഫണ്ട് ഇനിയും നല്കാത്ത യൂണിറ്റുകൾ എത്രയും വേഗം തിരികെ നൽകണമെന്ന് ഈ അവസരത്തിൽ അറിയിക്കുന്നു.

സി. എൽ.സി.യുടെ സേവനത്തിൽ

**റവ. ഫാ. ജിയോ തെക്കിനിയത്ത്**
പ്രൊമോട്ടർ

**ബിജിൽ സി. ജോസഫ്**
പ്രസിഡന്റ്

**റവ. ഫാ. ഫ്രജോ വാഴപ്പിള്ളി**
അസി. പ്രൊമോട്ടർ

**സെബിൻ സി. കെ.**
സെക്രട്ടറി

# കെ.സി.എസ്. എൽ.

## അതിരൂപത നേതൃത്വപരിശീലന ക്യാമ്പ്

ഈ വർഷത്തെ കെ.സി.എസ്.എൽ. അതിരൂപത നേതൃത്വ പരിശീലന ക്യാമ്പ് ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ മാർച്ച് 11 ശനിയാഴ്ച നടന്നു. ഡയറക്ടർ റവ. ഫാ. ആന്റണി ചെമ്പകശ്ശേരി ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ക്ലാസ്സുകൾക്ക് റവ. ഫാ. വർഗ്ഗീസ് വടുക്കൂട്ട് നേതൃത്വം നൽകി. സി. ട്രീസാ ജേക്കബ് എഫ്.സി.സി., സി. നോബിൾ എഫ്. സി. സി, സി. ജീസ് മരിയ സി.എച്ച്. എഫ്, സി. ജീസ് റോസ് സി.എം.സി., ശ്രീ. അജിത്ത് പോൾ എന്നിവർ ഗ്രൂപ്പ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

## പുതിയ വിദ്യാർത്ഥി ഭാരവാഹികൾ

2017 – 2018 അദ്ധ്യയന വർഷത്തേക്കുള്ള വിദ്യാർത്ഥി ഭാരവാഹികളായി താഴെപറയുന്നവരെ തിരഞ്ഞെടുത്തു.

ചെയർമാൻ : ജോയേൽ ജോസഫ്
(സെ. സെബാസ്റ്റ്യൻ എച്ച്. എസ്. ചിറ്റാട്ടുകര)

ജന. സെക്രട്ടറി : ഗ്ലാഡ്‌ലി മരിയ
(സേക്രഡ് ഹാർട്ട് സി.ജി. എച്ച്. എസ്. , തൃശ്ശൂർ

H.S. സെക്രട്ടറി (Boy) : സിബിൽ ഷാബു
(സെന്റ് തോമസ് കോളേജ് എച്ച്. എസ്. എസ്. തൃശ്ശൂർ)

H.S. സെക്രട്ടറി (Girl) : ആൻ സൂസൺ പെരിഞ്ചേരി
(നിർമ്മല മാതാ സി.എസ്., തൃശ്ശൂർ)

U.P. സെക്രട്ടറി (Boy) : ജെനിൽ ജെൻസൺ (സെന്റ് മേരീസ്, ചിയ്യാരം)

U.P. സെക്രട്ടറി (Girl) : ഐറിൻ ആന്റണി (സെറാഫിക് പെരിങ്ങോട്ടുകര)

എക്സിക്യൂട്ടീവ് : (1) ടിങ്കിൾ ട്രീസ (സേക്രഡ് ഹാർട്ട് സി. ജി. എച്ച്. സ് തൃശ്ശൂർ (2) അലക്സ് ബ്ലസൺ (നിർമ്മൽ ജ്യോതി, മുണ്ടൂർ) (3) ആൻസീനിയ വർഗ്ഗീസ് (നിർമ്മലമാതാ സി. എസ്. തൃശ്ശൂർ)

## സംസ്ഥാന നേതൃത്വപരിശീലന ക്യാമ്പ്

കെ.സി.എസ്. എൽ. സംസ്ഥാന നേതൃത്വ പരിശീലന ക്യാമ്പ് 2017 ഏപ്രിൽ 24, 25, 26, 27 തിയതികളിൽ കോതമംഗലം രൂപതയുടെ പാസ്റ്ററൽ സെന്ററായ മൂവ്വാറ്റുപുഴ നെസ്റ്റിൽ വച്ച് നടക്കുന്നു. തൃശ്ശൂർ അതിരൂപതയുടെ നേതൃത്വ പരിശീലന ക്യാമ്പിൽ സംബന്ധിച്ച വിദ്യാർത്ഥികൾക്ക് പങ്കെടുക്കാം. തൃശ്ശൂർ അതിരൂപതയിൽ നിന്നുള്ള അംഗങ്ങൾക്ക് അതിരൂപത കെ. സി.എസ്. എൽ. വാഹനസൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. 24-ാം തിയതി ഉച്ചക്ക് 12 മണിക്ക് തൃശ്ശൂർ സെന്റ് തോമസ് കോളേജിൽ നിന്ന് ബസ് പുറപ്പെടുന്നു. ഒരു അംഗ

ത്തിന് 500 രൂപ നിരക്കിൽ അതിരൂപത റെജിസ്ട്രേഷൻ ഫീ വാങ്ങുന്നു. അതിരൂപതാ വിദ്യാർത്ഥി ഭാരവാഹികൾക്ക് തികച്ചും സൗജന്യമാണ്. വിശദവിവരങ്ങൾക്ക് അതിരൂപതാ പ്രസിഡന്റുമായോ ഓർഗ്ഗനൈസറുമായോ ഫോണിൽ ബന്ധപ്പെടുക.

2017-2018 അദ്ധ്യയന വർഷത്തേക്കുള്ള പ്രവർത്തന ആസൂത്രണം

2017-2018 അദ്ധ്യയന വർഷത്തേക്കുള്ള പ്രവർത്തനങ്ങൾ പ്ലാൻ ചെയ്യുന്നത് 2017 മെയ് മാസത്തിലാണ്. അതിനുവേണ്ടി കെ.സി. എസ്. എൽ. അംഗങ്ങളിൽ നിന്നും ആനിമേറ്റർമാരിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിക്കുന്നു. നിർദ്ദേശങ്ങൾ ഏപ്രിൽ 30ന് മുൻപ് പ്രസിഡന്റിനെ അറിയിക്കേണ്ടതാണ്.

**ഡോ. ജോൺ റാഫേൽ**
പ്രസിഡന്റ്

**റവ. ഫാ. ഡോ. ആന്റണി ചെമ്പകശ്ശേരി**
ഡയറക്ടർ

# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

**സി.സി. വാർത്തകൾ**

1. പുത്തൂർ എ.സിയുടെ പ്രസിഡണ്ടായി ബ്ര. സി.എ. റപ്പായി തൃശ്ശൂർ ഈസ്റ്റ് എ.സിയുടെ പ്രസിഡണ്ടായി ബ്ര. ജോസഫ് ഒ. ഡി. എന്നിവർ സത്യപ്രതിജ്ഞ ചെയ്ത് സ്ഥാനമേറ്റു. മുൻ പ്രസിഡണ്ടുമാരായ ബ്ര. പൗലോസ് അറയ്ക്കൽ, ബ്ര. ജോജു ഫ്രാൻസീസ് എന്നിവരുടെ 6 വർഷക്കാല സേവനങ്ങൾക്ക് സെൻട്രൽ കൗൺസിലിന്റെ നന്ദി രേഖപ്പെടുത്തി.

2. സൊസൈറ്റിയുടെ ഇന്റർനാഷണൽ പ്രസിഡണ്ട് ജനറൽ ബ്ര. റെസറ്റോ ലിമ ഡി ഒലിവൈറയ്ക്ക് എറണാകുളത്തുള്ള കലൂർ റിന്യൂവൽ സെന്ററിൽ വെച്ച് സ്വീകരണം നൽകി. തൃശ്ശൂർ ഡി. സി. സി.യിൽ നിന്നുള്ള 35 പ്രതിനിധികൾ സ്വീകരണ യോഗത്തിൽ പങ്കെടുത്തിരുന്നു.

3. സിസി. വനിത കമ്മിറ്റിയുടെ നേതൃത്വത്തിൽ, സെൻട്രൽ കൗൺസിലിന്റെ വനിത കോൺഫ്രൻസ് പ്രസിഡണ്ട്, സെക്രട്ടറി, ട്രഷറർ എന്നിവർക്ക് ഒരു പരിശീലന ക്യാമ്പ് നടത്തി.

4. സി.സി യൂത്ത് കമ്മിറ്റിയുടെ നേതൃത്വത്തിൽ എ.സി. തലത്തിൽ ഒരു സെവൻസ് ഫുട്ബോൾ ടൂർണ്ണമെന്റ് മെയ് 14, 21 തിയതികളിൽ പറപ്പൂരിൽ വെച്ച് നടത്തുന്നു.

5. 12.03.2017 നടക്കുന്ന ചേലക്കര എ.സി. പ്രസിഡണ്ട് തെരഞ്ഞെടുപ്പിന് സി.സി. നിരീക്ഷകനായി വൈ. പ്രസിഡണ്ട് ബ്ര. കെ.എം. ഫ്രാൻസീസിനെ നിയോഗിച്ചു.

6. വിൻസെൻഷ്യൻ അംഗങ്ങൾക്ക് പരിശീലനം നൽകുന്നതിനായി സി.സി. തലത്തിൽ 20 അംഗ റിസോഴ്സ് ടീമിനെ പരിശീലിപ്പിച്ച് തയ്യാറാക്കി നിർത്തിയിരിക്കുന്നു. പരിശീലനത്തിന് ചുക്കാൻ പിടിച്ച ബ്ര. ജസ്റ്റിൻ ഡേവീസിനും മറ്റുപരിശീലകർക്ക് സി.സിയുടെ കൃതജ്ഞത അറിയിക്കുന്നു. പരിശീലനം സിദ്ധിച്ച അംഗങ്ങൾക്ക് ബാഡ്ജും സർട്ടിഫിക്കറ്റുകളും വിതരണം ചെയ്യുവാൻ തീരുമാനിച്ചിരിക്കുന്നു.
7. പഴയങ്ങാടി, പഴുവിൽ വനിത കോൺഫ്രൻസുകളുടെ ടിന്നിംഗ് അപേക്ഷ നാഷണൽ കൗൺസിൽ ശുപാർശ ചെയ്ത് ഇന്റർ നാഷണൽ കൗൺസിൽ ജനറലിന് സമർപ്പിച്ചു.
8. കോൺഫ്രൻസുകളുടെയും ഏരിയ കൗൺസിലുകളുടെയും വാർഷിക റിപ്പോർട്ടുകളും കണക്കുകളും 24.04.2017ന് മുമ്പായി സി. സി. ആഫീസിൽ ലഭിക്കേണ്ടതാണ്.
9. കാരുണ്യസ്പർശം ഫണ്ടിൽ നിന്നും 2017 ഫെബ്രുവരിവരെ 6,22,000 രൂപ സഹായമായി വിതരണം ചെയ്തിരിക്കുന്നു.
10. 07.05.2017ന് എ.സി. പ്രസിഡണ്ട് സെക്രട്ടറി, ട്രഷറർ എന്നിവരുടെ യോഗം സി.സി. ഓഫീസിൽ വെച്ച് കാലത്ത് 10 മണിക്ക് നടത്തുന്നു.

| സി.സി. ആദ്ധ്യാത്മികോപദേഷ്ടാവ് | പ്രസിഡണ്ട് | സെക്രട്ടറി |
|---|---|---|
| റവ. ഡോ. ആന്റണി ചെമ്പകശ്ശേരി | ബ്ര. കെ. എ. ഷിബു | ബ്ര. കെ. കെ. പോൾസൺ |

## ചിൽഡ്രൻസ് മിനിസ്ട്രി

**ഫോൺ 0487 2325336, 9947582522, 8547250833**

പ്രിയ കൂട്ടുകാരെ,

അവധിക്കാലം വിശ്രമത്തിനുള്ള സമയമാണ്. മനസ്സിനും ശരീരത്തിനും അതേസമയം അടുത്ത അദ്ധ്യയന വർഷം കൂടുതൽ കാര്യക്ഷമമായി ആരംഭിക്കുവാൻ വേണ്ട ഊർജ്ജം സമ്പാദിക്കുവാനുള്ള അവസരം കൂടിയാണിത്. തിരക്കുകളിൽ നിന്നൊഴിഞ്ഞ് ഒരു വിജനപ്രദേശത്ത് പോയി അല്പനേരം വിശ്രമിക്കാം എന്ന്

ശിഷ്യൻമാരെ ഉപദേശിക്കുന്ന ഈശോയുടെ സ്വരം ശ്രവിച്ച് പരീക്ഷയുടേയും പഠനത്തിന്റേയും തിരക്കുകളിൽ നിന്നൊഴിഞ്ഞ്

കുറച്ചുസമയം പിതാവായ ദൈവത്തോടൊത്തായിരിക്കുവാനുള്ള അവസരം കൂടിയാണിത്. ഏവർക്കും നല്ലൊരു അവധിക്കാലം ആശംസിച്ചുകൊണ്ട് നോമ്പുകാലത്തിന്റെ എല്ലാ അനുഗ്രഹങ്ങളും നേരുന്നു.

**ആഘോഷമായ കുർബ്ബാനസ്വീകരണം:**

ആഘോഷമായ കുർബ്ബാനസ്വീകരണത്തിന് ഒരുക്കുന്ന അദ്ധ്യാപകർക്കായ് പരിശീലനം അതിരൂപതാ മതബോധന കേന്ദ്രത്തിൽ വച്ച് 2017 മാർച്ച് 11 ശനിയാഴ്ച നടന്നു. 232 ഇടവകകളിൽ നിന്നായി 215 പേരോളം പങ്കെടുത്തു. റവ. ഫാ. ബിൽജോ വാഴപ്പിള്ളി (മേരിമാത സെമിനാരി) ക്ലാസ്സും ചർച്ചയും നയിച്ചു. പരിശീലന പരിപാടികൾക്കായി അദ്ധ്യാപകരെ വിട്ടയച്ചതിന് എല്ലാ വികാരിയച്ചന്മാർക്കും ചിൽഡ്രൻസ് മിനിസ്ട്രിയുടെ പേരിൽ നന്ദി അറിയിക്കുന്നു. തുടർന്നും ഇതുപോലുള്ള സഹകരണം പ്രതീക്ഷിക്കുന്നു.

**നേതൃത്വ പരിശീലന ക്യാമ്പുകൾ**

**ആനിമേറ്റേഴ്സ് ഫോർമേഷൻ ക്യാമ്പ്:**
ഏപ്രിൽ 5,6,7 (ബുധൻ, വ്യാഴം, വെള്ളി) തിയതികളിൽ
**സ്പർശ് 2017 : തിരുബാലസംഖ്യം കുട്ടികൾക്ക്**
ഏപ്രിൽ 5,6,7 (ബുധൻ, വ്യാഴം, വെള്ളി) തിയതികളിൽ **ആനിമേറ്റേഴ്സ് ഫോർമേഷൻ ക്യാമ്പിനോടൊപ്പം നടത്തുന്നതായിരിക്കും.**
**ബെർക്കുമെൻസ് 2017 : അൾത്താരസംഘം കുട്ടികൾക്ക്.**
ഏപ്രിൽ 8,9,10 (ശനി, ഞായർ,തിങ്കൾ) തിയതികളിൽ
**ക്രിസ്ത്യൻ ലൈഫ് 2017 : ജൂനിയർ സി എൽ സി കുട്ടികൾക്ക്**
ഏപ്രിൽ 17,18,19 (തിങ്കൾ, ചൊവ്വ, ബുധൻ) തിയതികളിൽ

ഒരു ഇടവകയിൽ നിന്ന് 2 കുട്ടികൾക്കാണ് ക്യാമ്പിൽ പങ്കെടുക്കാൻ കഴിയുക. ആദ്യം ബുക്ക് ചെയ്യുന്ന 45 പേർക്കായിരിക്കും മുൻഗണന. രജിസ്ട്രഷൻ ഫീസ് ഒരു കുട്ടിക്ക് 100/ രൂപ.

**നിർദ്ദേശങ്ങൾ**

1) ആനിമേറ്റേഴ്സിനുള്ള ക്യാമ്പ് മൂന്ന് ദിവസവും രാവിലെ 9 ന് ആരംഭിച്ച് വൈകീട്ട് 4ന് അവസാനിക്കുന്ന വിധത്തിലാണ് ക്രമീകരിച്ചിരിക്കുന്നത്. രജിസ്ട്രഷൻ ഫീസ് ഒരാൾക്ക് 100/ രൂപ.
2) കുട്ടികളുടെ ക്യാമ്പുകൾ (തിരുബാലസംഖ്യം, അൾത്താരസംഘം, ജൂനിയർ സി എൽ സി) 1-ാം ദിവസം രാവിലെ 9 ന് ആരംഭിച്ച് 3-ാം ദിവസം രാവിലെ 10 ന് അവസാനിക്കുന്ന വിധത്തിലാണ് ക്രമീകരിച്ചിരിക്കുന്നത്. ഈ ക്യാമ്പിൽ വച്ചാണ് അതിരൂപതാ ഭാരവാഹികളെ

നിശ്ചയിക്കുന്നത്.

3) **സ്പർശ് ക്യാമ്പിൽ** ഇടവകളിലും സ്കൂളുകളിലും 4-ാം ക്ലാസ്സ് മുതൽ 7-ാംക്ലാസ്സ് വരെ പഠിക്കുന്ന തിരുബാലസംഖ്യം സംഘടനയിൽ സജീവ മായി പ്രവർത്തിക്കുന്നവരെയാണ് ഉദ്ദേശിക്കുന്നത്. ഒരു യൂണിറ്റിൽ നിന്ന് 2 പേർക്ക് മാത്രമേ പങ്കെടുക്കാൻ കഴിയൂ. രജിസ്ട്രേഷൻ ഫീസ് ഒരു കുട്ടിക്ക് 100/ രൂപ.

   **ബെർക്കുമെൻസ് ക്യാമ്പിൽ** ഇടവകകളിൽ മുടങ്ങാതെ കുർബാനക്ക് കൂടുന്നവരേയും, സംഘടനയിൽ സജീവമായി പ്രവർത്തിക്കുന്നവരെ യാണ് ഉദ്ദേശിക്കുന്നത്. ഒരു ഇടവകയിൽ നിന്ന് 2 അംഗങ്ങൾക്ക് മാത്രമേ പങ്കെടുക്കാൻ കഴിയൂ. രജിസ്ട്രേഷൻ ഫീസ് ഒരു കുട്ടിക്ക് 100/ രൂപ.

4) **ക്രിസ്ത്യൻ ലൈഫ് ക്യാമ്പിൽ** ഇടവകകളിൽ ജൂനിയർ സി എൽ സി യിൽ സജീവമായി പ്രവർത്തിക്കുന്നവരെയാണ് ഉദ്ദേശിക്കുന്നത്. ഒരു ഇട വകയിൽ നിന്ന് 2 അംഗങ്ങൾക്ക് (1 ആൺകുട്ടി, 1 പെൺകുട്ടി) മാത്രമേ പങ്കെടുക്കാൻ കഴിയൂ.

**ബെർക്കുമെൻസ് ക്രിക്കറ്റ് ലീഗ്:**

അൾത്താരസംഘം കുട്ടികൾക്കായി നടത്തുന്ന ബെർക്കുമെൻസ് ക്രിക്കറ്റ് ലീഗിൽ പങ്കെടുക്കാൻ താത്പര്യമുള്ള യുണിറ്റുകൾ എത്രയും വേഗം രജിസ്റ്റർ ചെയ്യേണ്ടതാണ്. **ഏപ്രിൽ 12 ന് രാവിലെ 10.30 ന് ഡി ബി സി എൽ സി യിൽ വച്ച്** നടത്തുന്ന മീറ്റിങ്ങിൽ ടീം ക്യാപ്റ്റന്മാർ പങ്കെടുക്കേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 34 ടീമുകൾക്കായിരിക്കും മത്സരിക്കാനാവുക. ഏപ്രിൽ 17 മുതൽ മത്സരം ആരംഭിക്കും.

**മരിയൻ ക്യാരംസ് ലീഗ്:**

ജൂനിയർ സി എൽ സി കുട്ടികൾക്കായി നടത്തുന്ന ക്യാരംസ് ലീഗിൽ പങ്കെടുക്കാൻ താത്പര്യമുള്ള യൂണിറ്റുകൾ എത്രയും വേഗം രജിസ്റ്റർ ചെയ്യേണ്ടതാണ്. **ഏപ്രിൽ 19 ന് രാവിലെ 10 ന് ഡി ബി സി എൽ സി യിൽ** വച്ച് നടത്തുന്ന മീറ്റിങ്ങിൽ ടീം ക്യാപ്റ്റന്മാർ പങ്കെടുക്കേണ്ടതാണ്. ഏപ്രിൽ 24 മുതൽ മത്സരം ആരംഭിക്കും.

**എഞ്ചലോസ് 2017:**

ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ 2017 മെയ് 21 -ന് അതിരൂ പതാതലത്തിൽ ഈ വർഷം ആഘോഷമായ കുർബ്ബാന സ്വീകരണം നട ത്തിയവർക്ക് ഉച്ചതിരിഞ്ഞ് 2 മണി മുതൽ 4 മണിവരെ കുരിയച്ചിറ, സെന്റ്ജോസഫ് സ്കൂളിൽ വച്ച് സ്വീകരണം നല്കുന്നു. എല്ലാ ഇടവകളിൽ

നിന്നും സഹകരണം പ്രതീക്ഷിക്കുന്നു.

## ALTAR BOYS ASSOCIATION 2016-17

**Best Unit** ;- Parappur Forane – St Joseph Church, **Amalanagar,**

**Best Animator**;- Sibi Biju,

**Best Student;-** Nishanth Antony, Parents-Paulson E. A. & Shaji Paulson

**Model Units**

| | |
|---|---|
| 1) Chelakkara | Our Lady of Grace Church, **Mayannur** |
| 2) Kandasankadav | St Antony's Chruch, **North Karamuck** |
| 3) Mattom | Nativity of Our Lady Church, **Pudussery** |
| 4) Ollur | Infant Jesus Church, **Thalore** |
| 5)Pazhuvil | St Antony's Chruch, **Pazhuvil** |
| 6) Pudukkad | St Mary's Church**, Chittissery** |
| 7) Trichur Lourd | Vimalanatha Church, **Paravattani** |
| 8) Trichur Basilica | St Anne's Church, **West Fort** |
| 9) Velur | Mount Carmel Church, **Kiralur** |
| 10) Wadakkanchery | Our Lady of Mount Carmel Church, **Kundannur** |

**Best Prayer Friend Collection: St. George Church, Mangad**

**പ്രാർത്ഥിക്കാൻ ..................പ്രവർത്തിക്കാൻ**

**തിരുവചന പഠനം:** പിതാവെ സ്വർഗ്ഗത്തിനെതിരായും നിന്റെ മുമ്പിലും ഞാൻ പാപം ചെയ്തു. നിന്റെ പുത്രൻ എന്നു വിളിക്കപ്പെടാൻ ഞാൻ ഇനി യോഗ്യനല്ല. (ലൂക്ക: 15. 21)

**പരിചയപ്പെടുന്ന വിശുദ്ധ:** സിയെന്നായിലെ വി. കത്രീന (ഏപ്രിൽ 29)

**സുകൃതജപം:** ദാവീദിന്റെ പുത്രനായ ഈശോ, പാപിയായ എന്നിൽ കനിയണമേ.

**പ്രാർത്ഥനാ നിയോഗം:** ധാരാളം നല്ല ദൈവവിളികളുണ്ടാകുവാൻ വേണ്ടി പ്രാർത്ഥിക്കുക.

**പ്രവർത്തനം:** എല്ലാ ദിവസവും ബൈബിൾ വായിച്ച് നിങ്ങൾക്ക് ഇഷ്ടമുള്ള തിരുവചനം മനഃപാഠമാക്കുക. അവധിക്കാലത്ത് മുടങ്ങാതെ ദിവ്യബലിയിൽ സംബന്ധിക്കുക.

| | |
|---|---|
| കോഡിനേറ്റർ | ഡയറക്ടർ |
| സി. റെജി SSPC | ഫാ. ജിജോ കപ്പിലാംനിരപ്പേൽ |

# കെ.സി.വൈ.എം.

**കെ.സി.വൈ.എം. അതിരൂപത കർമ്മ പദ്ധതി ഉദ്ഘാടനം ചെയ്തു.**

തൃശ്ശൂർ അതിരൂപത കെ.സി.വൈ.എം.ന്റെ 2017 വർഷത്തെ കർമ്മപദ്ധതിയുടെ ഉദ്ഘാടനം അതിരൂപത ഡയറക്ടർ ഫാ. ഡിറ്റോ കൂളയും അസി. ഡയറക്ടർ ഫാ. ജെറിൻ അരിമ്പൂരും ചേർന്ന് നിർവ്വഹിച്ചു.

വലിയ നോമ്പിലെ ആദ്യ ബുധനാഴ്ചയായ മാർച്ച് 1ന് പാവറട്ടി വിശുദ്ധ യൗസേപ്പിതാവിന്റെ തീർത്ഥകേന്ദ്രത്തിൽ രാവിലെ 10 മണിക്ക് നടന്നു.

ദിവ്യബലിക്കുശേഷം നടന്ന യോഗത്തിൽ പാവറട്ടി തീർത്ഥകേന്ദ്രം വികാരിയും പാവറട്ടി കെ.സി.വൈ.എം. യൂണിറ്റ് ഡയറക്ടറുമായ ഫാ. ജോസഫ് പൂവ്വത്തുകാരൻ, പ്രൊമോട്ടർ ഫാ. ബെന്നി കൈപ്പിള്ളിപറമ്പിൽ അതിരൂപത കെ.സി.വൈ.എം. ജനറൽ സെക്രട്ടറി ജിയോ ജോൺ, വൈസ് പ്രസിഡണ്ട് കരോളി ജോഷ്വാ, സാജൻ ജോസ്, മാഫി ഡെൽസൺ, സാവിയോ ജോണി, വില്യംസ് എൻ. വി., പിൻസി ഫ്രാൻസീസ്, സിജോ എം. പി., അനീഷ് ആന്റണി എന്നിവർ പ്രസംഗിച്ചു. തുടർന്ന് ആയിരക്കണക്കിന് ഭക്തജനങ്ങൾക്ക് നേർച്ചഭക്ഷണം വിതരണം ചെയ്തു.

## കെ.സി. വൈം. അതിരൂപത വനിതാദിനം ആഘോഷിച്ചു.

തൃശ്ശൂർ അതിരൂപത കെ.സി.വൈ.എം.ന്റെ നേതൃത്വത്തിൽ വനിതാദിനത്തോടനുബന്ധിച്ച് 'ഫോമിന 2017' മാർച്ച് 5 ഞായറാഴ്ച മുണ്ടൂർ പരിശുദ്ധ കർമ്മല മാതാ ദേവാലയത്തിൽ വെച്ച് നടത്തപ്പെട്ടു. രാവിലെ 8.30ന് അമ്പതോളം വനിതകൾ ഫോമിന 2017 ന്റെ സന്ദേശം അറിയിക്കുന്നതിന്റെ ഭാഗമായി നടത്തിയ സൈക്കിൾ റാലി മുണ്ടൂർ പള്ളി വികാരിയും കെ.സി.വൈ എം. യൂണിറ്റ് ഡയറക്ടറുമായി ഫാ. ഷാജി കൊച്ചുപുരയ്ക്കൽ ഫ്ളാഗ് ഓഫ് ചെയ്തു. തുടർന്ന് കെ.സി.വൈ.എം. അതിരൂപത ഡയറക്ടർ ഫാ. ഡിറ്റോ കൂള പതാത ഉയർത്തി.

"മാറുന്ന ലോകത്ത് സധൈര്യം മുന്നോട്ട്" എന്ന ആശയം ഉയർത്തിപ്പിടിച്ചുകൊണ്ട് സംഘടിപ്പിച്ച "ഫോമിന 2017" പ്രോഗ്രാമിൽ 400-ഓളം വനിതകൾ പങ്കെടുത്തു. തൃശ്ശൂർ അതിരൂപത സഹായമെത്രാൻ മാർ റാഫേൽ തട്ടിൽ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. ജീവിതത്തിൽ തെറ്റായ മാർഗ്ഗത്തിൽ നേടിയതൊന്നും കൂടുതൽ നിലനിൽപ്പില്ലാത്തതാണ് എന്ന് തട്ടിൽ പിതാവ് അഭിപ്രായപ്പെട്ടു.

യോഗത്തിൽ കെ.സി. വൈ.എം. വനിതാ വിഭാഗം വൈസ് പ്രസിഡണ്ട് കരോളി ജോഷ്വാ അദ്ധ്യക്ഷത വഹിച്ചു. ചടങ്ങിൽ വടക്കാഞ്ചേരി എം. എൽ. എ. അനിൽ അക്കര മുഖ്യാതിഥിയായിരുന്നു. അതിരൂപത ഡയറക്ടർ ഫാ.

ഡിറ്റോ കൂള ആമുഖ പ്രഭാഷണം നടത്തി. ഫാ. ഷാജി കൊച്ചുപുരയ്ക്കൽ അനുഗ്രഹപ്രഭാഷണവും കൊട്ടേക്കാട് കെ.സി.വൈ.എം. ഫൊറോന ഡയറക്ടർ ജോഫി ചിറയത്ത് മുഖ്യ പ്രഭാഷണവും നടത്തി. വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച വനിതകൾക്കുള്ള പുരസ്ക്കാരങ്ങൾ എം. എൽ. എ. അനിൽ അക്കര നിർവ്വഹിച്ചു.

വനിതകൾക്കായുള്ള ക്ലാസ്സിന്റെ ഉദ്ഘാടനം തൃശ്ശൂർ അതിരൂപത മെത്രാപോലീത്ത മാർ ആൻഡ്രൂസ് താഴത്ത് നിർവ്വഹിച്ചു. വനിതകൾ എല്ലാ രംഗത്തും മുന്നോട്ട് വരണമെന്നും പ്രതിസന്ധികളെ തരണം ചെയ്ത് മുന്നോട്ട് കുതിക്കുന്ന വനിതകളാണ് തൃശ്ശൂർ രൂപതയിൽ ഉള്ളതെന്നും അഭിപ്രായപ്പെട്ടു.

ഡോ. മേരി റെജീനയാണ് Be Bold for Change ക്ലാസ്സ് നയിച്ചത്. പരിപാടികൾക്ക് തൃശ്ശൂർ അതിരൂപത കെ.സി.വൈ.എം. കൊട്ടേക്കാട് കെ.സി.വൈ.എം. ഫൊറോനയും നേതൃത്വം നൽകി. ചടങ്ങിൽ പ്രോഗ്രാം കൺവീനർ പിൻസി പ്രിൻസ് സ്വാഗതവും അതിരൂപത കെ.സി.വൈ.എം. വനിതാവിഭാഗം സെക്രട്ടറി മാഫി ഡെൽസൺ നന്ദിയും പറഞ്ഞു.

**കെ.സി.വൈ.എം. സംസ്ഥാന സമിതിയുടെ കർമ്മ പദ്ധതിയും ലീഡേഴ്സ് ക്യാമ്പും (Aspire - 2k17) നടത്തി.**

കെ.സി.വൈ.എം. സംസ്ഥാന സമിതിയുടെ കർമ്മ പദ്ധതിയുടെയും ലീഡേഴ്സ് ക്യാമ്പിന്റേയും (Aspire -2k17) ഉദ്ഘാടനം ചെറുതുരുത്തി ജ്യോതി എൻജിനീയറിംഗ് കോളേജിൽ നടന്ന സമ്മേളനത്തിൽ തൃശ്ശൂർ അതിരൂപതാ മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് നിർവ്വഹിച്ചു. യുവജനങ്ങളെ നിങ്ങൾ ശക്തരാണ്. ഒരേ ആത്മാവോടും ഒരേ ഹൃദയത്തോടും കൂടെ സഭയോട് ചേർന്ന് ഉണർന്ന് പ്രവർത്തിക്കുവിൻ എന്ന് മാർ ആൻഡ്രൂസ് താഴത്ത് അഭിപ്രായപ്പെട്ടു. ചടങ്ങിൽ സംസ്ഥാന പ്രസിഡണ്ട് പ്രദീപ് മാത്യു നെല്ലില അദ്ധ്യക്ഷത വഹിച്ചു. കർമ്മപദ്ധതിയുടെ പ്രകാശനം വി.ടി. ബൽറാം എം. എൽ. എ. നിർവ്വഹിച്ചു. കലാമണ്ഡലം ഗീതാനന്ദൻ മുഖ്യ അതിഥിയായിരുന്നു. സി.ബി.സി.ഐ. (CBCI) അവാർഡ് ജേതാക്കളെ ചടങ്ങിൽ അനുമോദിച്ചു. KCYM സംസ്ഥാന ഡയറക്ടർ ഫാ. മാത്യു ജേക്കബ് KCYM തൃശ്ശൂർ അതിരൂപത ഡയറക്ടർ ഫാ. ഡിറ്റോ കൂള, അതിരൂപത പ്രസിഡണ്ട് അനൂപ് പുന്നപ്പുഴ, അതിരൂപത ജനറൽ സെക്രട്ടറി ജിയോ ജോൺ പാവറട്ടി, KCYM മുൻ സംസ്ഥാന വൈസ് പ്രസിഡണ്ട് ഡേവിഡ് പുത്തൂർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു.

മാർച്ച് 10, 11, 12 (വെള്ളി, ശനി. ഞായർ) എന്നീ മൂന്ന് ദിവസങ്ങളിലായിട്ടാണ് ക്യാമ്പ് നടന്നത്. ക്യാമ്പിൽ 31 രൂപതകളിൽ നിന്നുള്ള കെ.സി.വൈ.എം. പുരുഷ വനിതാ ലീഡേഴ്സ് പങ്കെടുത്തു. ക്യാമ്പിൽ ക്ലാസ്സുകളും തൃശ്ശൂർ

ജില്ലയുടെ കലാകേന്ദ്രമായ കലാമണ്ഡല സന്ദർശനവും ക്യാമ്പ് ഫയറും കേരളത്തിന്റെ തനത് കലാരൂപമായ ഓട്ടൻ തുള്ളലും ഉൾപ്പെടുത്തിയിരുന്നു.

## നിളയെ സംരക്ഷിക്കാൻ 'നിളയുടെ നോവുകൾ' പഠന ശിബിരം നടത്തി

KCYM സംസ്ഥാന സമിതിയുടെ Aspire- 2 K17 ലീഡേഴ്സ് ക്യാമ്പിന്റെ ഭാഗമായി ഭാരതപുഴയുടെ തീരത്ത് 200 ഓളംപേരെ പങ്കെടുപ്പിച്ച് കൊണ്ട് നിളയെ സംരക്ഷിക്കുന്നതിനുള്ള ആശയം ഉയർത്തിപിടിച്ച് കൊണ്ട് "നിളയുടെ നോവുകൾ" പഠന ശിബിരം നടത്തി.

പഠന ശിബിരം റോജി എം. ജോൺ എം.എൽ.എ. ഉദ്ഘാടനം ചെയ്തു വരും കാലങ്ങളിൽ നദികൾക്ക് ഉണ്ടാകാൻ പോകുന്ന അവസ്ഥകളെകുറിച്ചും, പരിസ്ഥിതിയെ കുറിച്ചും പ്രഭാഷണം നടത്തി യോഗത്തിൽ കെ.സി.വൈ. എം. സംസ്ഥാന പ്രസിഡണ്ട് പ്രദീപ് മാത്യു നെല്ലില അദ്ധ്യക്ഷത വഹിച്ചു. അതിരൂപത സമിതി അംഗങ്ങളായ ഡയറക്ടർ ഫാ. ഡിറ്റോ കൂള, പ്രസിഡണ്ട് അനൂപ് പുന്നപ്പുഴ, ജനറൽ സെക്രട്ടറി ജിയോ ജോൺ പാവറട്ടി, അസി. ഡയറക്ടർ ഫാ. ജെറിൻ അരിമ്പൂർ, ആനിമേറ്റർ സി. ടീന മരിയ, പ്രോഗ്രാം കൺവീനർ വില്യംസ് സിന്റോ പുതുക്കാട്, സാജൻ ജോസ് , മാഫി ഡെൽസൺ, സാവിയോ ജോണി, പ്രിൻസി പ്രിൻസ്, സിജോ എം. പി. ലിന്റോ അനീഷ് ആന്റണി, കരോളി ജോഷ എന്നിവർ നേതൃത്വം നൽകി.

**ഫാ. ഡിറ്റോ കൂള**
ഡയറക്ടർ

**ഫാ. ജെറിൻ അരിമ്പൂർ**
അസി. ഡയറക്ടർ

**അനൂപ് പുന്നപ്പുഴ**
പ്രസിഡന്റ്

**ജിയോ ജോൺ**
ജനറൽ സെക്രട്ടറി


പാവനസ്മരണയിൽ



മാർ ജോസഫ് കുണ്ടുകുളം

Registered R.N.I. No. 27348/1975
KL/TCR/275/2015-2017
Licence No. KL/CR/TCR/WPP-3/2015 -17
Licensed to Post without prepayment
Posted at Thrissur RMS

₹ 25/-
Date of Publication 24.03.2017
Apr. 2017




Edited, Printed & Published by **Rev. Fr. Nysson Alanthanath ,** Catholic Archbishop's House, Thrissur, Kerala, India- 680 005,
Printed at **St. Mary's Orphanage Press**, Madona Nagar, Kachery 680005